
വാല്യം 2, ലക്കം 3

# ന്യൂ ഇന്ത്യ സമാചാർ

ആഗസ്റ്റ് 1–15, 2021
സൗജന്യ വിതരണത്തിന്



75-ാമത് സ്വാതന്ത്ര്യദിന വാർഷിക പ്രത്യേക പതിപ്പ്

## സങ്കൽപ്പിത് ഭാരതം സശക്ത് ഭാരതം

**സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിലേയ്ക്ക് കടക്കുമ്പോൾ ഒരു പുതിയ വളർച്ചാ പാതയിലാണ് ഭാരതം**

ന്യൂ ഇന്ത്യ സമാചാർ വായിക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

# ആത്മനിർഭര ഭാരതം എന്ന സങ്കൽപ്പം


**സ്വയംപര്യാപ്തതയ്ക്കുള്ള ആഹ്വാനം ആവേശത്തോടെ ഏറ്റെടുത്ത കുട്ടികളും, യുവജനങ്ങളും,സ്ത്രീകളും,മുതിർന്നവരും, കർഷകരും, ഡോക്ടർമാരും എല്ലാം സ്വന്തം നൈപുണ്യങ്ങളിലൂടെ രാജ്യത്തിന് പുതിയ ദിശ നൽകുന്നു**

“

21-ാം നൂറ്റാണ്ട് ഭാരതത്തിന്റേതാണ്.അത് നമ്മുടെ സ്വപ്നം എന്നതിലേക്കാളുപരി നമ്മുടെ ഉത്തരവാദിത്വമാണ്.പക്ഷേ എന്താണ് അതിനുള്ള മാർഗം? ആത്മനിർഭര ഭാരതം അല്ലെങ്കിൽ 'സ്വയംപര്യാപ്ത ഭാരതം' മാത്രമാണ് അതിനുള്ള മാർഗമെന്ന് ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥ നമ്മെ പഠിപ്പിക്കുന്നു.നമ്മുടെ ഇതിഹാസ ങ്ങളിൽ പറഞ്ഞിട്ടുണ്ട്- ഏശാ:പന്താ:- അതായത് സ്വയംപര്യാപ്ത ഭാരതം.

**- നരേന്ദ്ര മോദി, പ്രധാനമന്ത്രി**

MEET THE AATMANIRBHAR CHAMPIONS



## അധിരാജ് സെജ്‌വാൾ

**കൊവിഡ് രോഗികളുടെ ചികിത്സയ്ക്കായി ഓൺ ലൈൻ ടൂർണ്ണമെന്റ് സംഘടിപ്പിച്ച 9 വയസ്സുകാരൻ**

ഡൽഹി സ്വദേശിയായ അധിരാജ് കൊവിഡിൽ നിന്നും മുക്തനായ ശേഷമാണ് ഓൺലൈനായി 'കൊവിഡ് ആശ്വാസ ചെസ് ടൂർണ്ണമെന്റ്' സംഘടിപ്പിച്ചത്.

ടൂർണ്ണമെന്റിലൂടെ സമാഹരിച്ച 51,000ത്തിലധികം രൂപ അധിരാജ് കൊവിഡ് ചികിത്സാ സഹായത്തിനായി ഡൽഹിയിലെ ഒരു സന്നദ്ധസംഘടനയ്ക്ക് നൽകി.

ലോക്ക്ഡൗൺ സമയത്ത് പാവപ്പെട്ട കുട്ടികൾക്ക് സ്കൂൾ ഫീസ് നൽകാനായി 2 ലക്ഷത്തിലധികം രൂപ അധിരാജ് നേരത്തെ സമാഹരിച്ചു നൽകിയിരുന്നു.

MEET THE AATMANIRBHAR CHAMPIONS



## ഡോ.പ്രിയദർശിനി കർവെ

**നൂതനമാർഗങ്ങളിലൂടെ അന്തരീക്ഷ മലിനീകര ണത്തിനെതിരെ പോരാടുന്ന പൂനെ സ്വദേശിനി ശാസ്ത്രജ്ഞ**

കാർഷിക മാലിന്യങ്ങൾ കത്തിക്കുന്നത് കാരണമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം തടയാനായി ഡോ.പ്രിയദർശിനി നൂതന സാങ്കേതികവിദ്യ കണ്ടെത്തി. അതുവഴി കാർഷിക മാലിന്യങ്ങളെ ബയോചാർ കരിക്കട്ടകളാക്കി മാറ്റാം.

ഡോ.പ്രിയദർശിനി വികസിപ്പിച്ച 'ആവി അടുപ്പ്' ഉപയോഗിച്ച് ഒരു കുടുംബത്തിനാവ ശ്യമായ അരിഭക്ഷണം പാകം ചെയ്യാൻ 100 ഗ്രാം ബയോചാർ കരിക്കട്ടകൾ മതിയാകും

'ആവി അടുപ്പ്' പുകയില്ലാത്തതും പരമ്പരാഗത വിറക് അടുപ്പുകളേക്കാൾ ഫലപ്രദ വുമാണ്.60,000ത്തിലധികം പുക അടുപ്പുകൾ പ്രിയദർശിനി വിറ്റുകഴിഞ്ഞു

MEET THE AATMANIRBHAR CHAMPIONS



## നവീൻ മാലി

**സൗരോർജ്ജ ട്രാക്ടർ നിർമ്മിച്ച ഗുജറാത്തിലെ കർഷകൻ**

ഗുജറാത്തിലെ ദീസ റാൺപൂർ സ്വദേശിയായ നവീൻ സൗരോർജ്ജം ഉപയോഗിച്ച് ഓടിക്കുന്ന ട്രാക്ടർ നിർമ്മിച്ചു

ട്രാക്ടറിന്റെ മുകൾ ഭാഗത്തായി മേൽക്കൂരപോലെ സൗരോർജ്ജ പാനലുകൾ സ്ഥാ പിച്ചിട്ടുണ്ട്.ഇതുപയോഗിച്ചാണ് ട്രാക്ടറിന്റെ ബാറ്ററികൾ ചാർജ്ജ് ചെയ്യുന്നത്

സൗരോർജ്ജ ട്രാക്ടറിലൂടെ ഇന്ധനചിലവ് ലാഭിക്കാൻ നവീന് കഴിഞ്ഞു.വർഷ ത്തിൽ 1 ലക്ഷം രൂപയാണ് ലാഭം.

MEET THE AATMANIRBHAR CHAMPIONS



## ഡോ.രമേഷ് റാലിയ

**ലോകത്തെ ആദ്യ നാനോ ലിക്വിഡ് യൂറിയ കണ്ടെ ത്താൻ സഹായിച്ച ശാസ്ത്രജ്ഞൻ**

ലോകത്തിൽ ആദ്യമായി ഭാരതമാണ് നാനോ ലിക്വിഡ് യൂറിയ പുറത്തിറക്കിയത്.അതിന് പിന്നിൽ പ്രവർത്തിച്ചത് കർഷകന്റെ മകനായ ശാസ്ത്രജ്ഞൻ ഡോ.രമേഷ് റാലിയ ആണ്.

നാനോ ലിക്വിഡ് യൂറിയ ഉൾപ്പെടെ 15 പേറ്റന്റുകൾ ഡോ.രമേഷിനുണ്ട്.

# ന്യൂ ഇന്ത്യ സമാചാർ

വാല്യം 2, ലക്കം 03 ആഗസ്റ്റ് 1-15,2021

**എഡിറ്റർ**
**ജയദീപ് ഭട്നാഗർ**
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ
പ്രസ് ഇൻഫർമേഷൻ ബ്യൂറോ
ന്യൂ ഡൽഹി

**കൺസൾട്ടിംഗ് എഡിറ്റർ**
**സന്തോഷ് കുമാർ**

**ടീം**
വിഭോർ ശർമ്മ
ചന്ദൻ കുമാർ ചൗധരി,
സുമിത് കുമാർ(ഇംഗ്ലീഷ്),
അനിൽ പട്ടേൽ(ഗുജറാത്തി),
കൊടേരു ശ്രാവണി(തെലുഗു),
നദീം അഹമ്മദ്(ഉറുദു),
സോനിത് കുമാർ ഗോസ്വാമി(ആസാമീസ്),
വിനയ പി എസ്(മലയാളം)

**ഡിസൈൻ ടീം**
ശ്യാം ശങ്കർ തിവാരി
രവീന്ദ്ര കുമാർ ശർമ്മ
ദിവ്യ തൽവാർ
അഭയ് കുമാർ ഗുപ്ത

**പ്രസിദ്ധീകരിച്ച് അച്ചടിക്കുന്നത്**
**സത്യേന്ദ്ര പ്രകാശ്**
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, ബിഒസി
ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ്
കമ്മ്യൂണിക്കേഷന് വേണ്ടി

**Printed at**
Infinity Advertising services Pvt.Ltd.
FBD-One Corporate Park,10th floor,
New Delhi-Faridabad border, NH-1,
Faridabad-121003



**ബന്ധപ്പെടാനുള്ള വിലാസവും ഇ-മെയിലും**

റൂം നമ്പർ-278, ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ് കമ്മ്യൂണിക്കേഷൻ,
രണ്ടാം നില, സൂചന ഭവൻ,
ന്യൂ ഡൽഹി-110003

response-nis@pib.gov.in



RNI No. : DELENG/2020/78811


## അകത്തെ പേജുകളിൽ




**സങ്കൽപ്പിത് ഭാരതം സശക്ത് ഭാരതം**

അതിവേഗത്തിൽ പുരോഗതി കൈവരിയ്ക്കാനുള്ള നിശ്ചയദാർഢ്യത്തോടെയും വലിയ പ്രതീക്ഷകളോടെയും,2021 ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തിലേയ്ക്ക് കാലെടുത്ത് വയ്ക്കുകയാണ് ഭാരതം.

പേജുകൾ 04-39

### നവഭാരതം പ്രത്യേകപതിപ്പ്

ഒരു മിഷൻ-ഒരു ദിശ
സമഗ്ര വികസനത്തിലേയ്ക്ക് മുന്നേറുന്നു

നവ ഭാരതം

2022ൽ 75-ാം സ്വാതന്ത്ര്യദിന വാർഷികത്തിലേയ്ക്ക് കടക്കുന്നതിന് മുമ്പായി,സ്വാതന്ത്ര്യത്തിനായി ജീവൻ ബലികഴിച്ച ധീര ദേശാഭിമാനികളായ പോരാളികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിയ്ക്കുകയാണ് സർക്കാർ.

പേജ് 19

- കർഷക ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ | പേജ് 20
- യുവജനങ്ങളുടെ അഭിലാഷങ്ങൾക്ക് പ്രോത്സാഹനം | പേജ് 24
- അടിസ്ഥാനസൗകര്യ വികസനം | പേജ് 25
- രാജ്യത്തിന്റെ ജീവനാഡിയായ റെയിൽവെ | പേജ് 28
- ആരോഗ്യത്തിന് ശ്രദ്ധ | പേജ് 30
- സദ്ഭരണം | പേജ് 31
- ആത്മനിർഭര സമ്പദ്വ്യവസ്ഥയ്ക്കായി നടപടികളെടുക്കുന്നു | പേജ് 33
- എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വികസനം | പേജ് 35
- സ്ത്രീ ശാക്തീകരണം | പേജ് 37
- സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണം | പേജ് 38

**കേന്ദ്രമന്ത്രിസഭ**
യുവജനങ്ങളുടെ അഭിലാഷങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു
പേജുകൾ 40-41

**ആസാദി കാ അമൃത് മഹോത്സവ്:**
ആഗസ്റ്റ് ക്രാന്തി | പേജുകൾ 42-46

**സമ്മർദ്ദത്തിലാകാതെ**
മികച്ച പ്രകടനം നടത്തുക



ടോക്കിയോ ഒളിംപിക്സിനുള്ള ഭാരതത്തിന്റെ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സംഭാഷണം
പേജുകൾ 47-49

**കേന്ദ്രമന്ത്രിസഭാ തീരുമാനങ്ങൾ:**
മഹാവ്യാധിയ്ക്കിടയിലും പ്രതീക്ഷകളോടെ | പേജുകൾ 50-52

**കൊറോണയ്ക്കെതിരായ യുദ്ധം:**
പൊതുജനങ്ങളുടെ വിശ്വാസത്തിലൂടെ മഹാവ്യാധിയെ നിയന്ത്രിയ്ക്കുന്നു
പേജുകൾ 53-55

**വ്യക്തിത്വം:**
പുരുഷോത്തം ദാസ് ഠാണ്ടൻ
പേജ് 56

# മുഖപ്രസംഗം

സാദരം നമസ്കാരം,

ഭാരതത്തിന്റെ മഹത്തായ ചരിത്രം നല്ലഭാവിയ്ക്കായുള്ള രാജ്യത്തിന്റെ പ്രവർത്തനങ്ങൾക്ക് എപ്പോഴും പ്രചോദനമാണ്.ആഗസ്റ്റ് മാസം വളരെ പ്രധാനമാണ്.ധീര ദേശാഭിമാനികളായ നിരവധി സ്വാതന്ത്ര്യസമര പോരാളികളുടെ അനവധി ത്യാഗങ്ങൾ ഈ മാസം നമ്മെ ഓർമ്മിപ്പിക്കുന്നു,അതോടൊപ്പം ഐക്യത്തിലും ഉൾക്കൊണ്ടുള്ള വികസനത്തിലും നാം അഭിമാനിയ്ക്കുന്നു.സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വർഷത്തിലേയ്ക്ക് നാം കടക്കുന്ന ഈ സ്വാതന്ത്ര്യദിനം വളരെ പ്രധാനമാണ്.ഈ അവസരത്തിൽ രാജ്യത്തിന്റെ ഭാവി ഭദ്രമാക്കുന്നതിനായുള്ള നിരവധി നടപടികൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.സങ്കൽപ്പ് സെ സിദ്ധി എന്നൊരു തീരുമാനം എടുത്തിരിയ്ക്കുകയാണ് സർക്കാർ.'ഏക ഭാരതം-ശ്രേഷ്ഠ ഭാരതം' എന്ന സ്വപ്നത്തെ ഈ തീരുമാനങ്ങൾ എങ്ങനെ രൂപപ്പെടുത്തുന്നു എന്നതാണ് പ്രത്യേക പതിപ്പിലെ കവർസ്റ്റോറി.

വർഷങ്ങളായി മുടങ്ങിക്കിടന്ന പദ്ധതികൾക്കെല്ലാം പുതുജീവൻ നൽകിയും,മുൻസർക്കാരുകളുടെ തെറ്റായ നയങ്ങൾ തിരുത്തിയും സർദാർ പട്ടേലിന്റെ 'ഏക ഭാരതം' എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള നടപടികളെടുത്ത് സംവിധാനത്തെ ഉടച്ചുവാർക്കുകയാണ് സർക്കാർ.

ജമ്മു കശ്മീരിനെ ഭാരതത്തിന്റെ ഭാഗമാക്കുന്നതിൽ വിഘാതമായി നിന്ന വിവേചനപരമായ ഭരണഘടന അനുച്ഛേദങ്ങൾ 370,35എ എന്നിവ കേന്ദ്രസർക്കാർ റദ്ദാക്കിയതും വികസനത്തിന് വേഗം കൂട്ടാനായി സംവിധാനങ്ങളെ ഏകോപിപ്പിച്ചതും ആയ നടപടികൾ ഈ സർക്കാർ പരിശ്രമങ്ങളുടെ മുഖമുദ്രയാണ്.അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകി.ഗ്രാമങ്ങൾ,പാവപ്പെട്ടവർ,കർഷകർ,യുവജനങ്ങൾ,സ്ത്രീകൾ എന്നിവരെയെല്ലാം പരിഗണിച്ചുള്ള സന്തുലിതവികസനമാണ് നടപ്പിലാക്കുന്നത്.ജമ്മു കശ്മീർ ജനതയുടെ വിശ്വാസം നേടിയെടുക്കാനും ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സർക്കാരിന് കഴിഞ്ഞു.യഥാർത്ഥ അർത്ഥത്തിൽ രാജ്യത്തിന്റെ കിരീടമായി മാറിയിരിയ്ക്കുന്നു സംസ്ഥാനം.

ആഗസ്റ്റിലെ ആദ്യ രണ്ടാഴ്ച്ചകളിലാണ് ക്വിറ്റ് ഇന്ത്യ സമരവും നിസ്സഹകരണ പ്രസ്ഥാനവും ആരംഭിച്ചത്.മഹത്തായ സ്വാതന്ത്ര്യസമര ചരിത്രത്തെ അത് ഓർമ്മിപ്പിക്കുന്നു.നവഭാരത നിർമ്മാണത്തിനായുള്ള ആത്മനിർഭര ഭാരതമെന്ന സ്വപ്നത്തിന്റെ പ്രചോദനവും ഈ മുന്നേറ്റങ്ങളാണ്.ഈ മുന്നേറ്റത്തിന്റെയും അതുനയിച്ച വാഴ്ത്തപ്പെടാതെ പോയ നായകരുടെയും കഥകൾ വായനക്കാർക്ക് പ്രചോദനമാകും.

കൊവിഡ് മഹാവ്യാധി ഉയർത്തിയ വെല്ലുവിളി വിജയകരമായി മറികടന്ന രാജ്യം ഇപ്പോൾ വേഗത്തിലുള്ള പുരോഗതിയുടെ പാതയിലാണ്.ഇതിനായി നിരവധി നടപടികളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്.ഹിന്ദി രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയാക്കി മാറ്റുന്നതിൽ സുപ്രധാന പങ്കുവഹിച്ച രാജശ്രീ പുരുഷോത്തം ദാസ് ഠാണ്ടൻ യുവജനങ്ങൾക്ക് വലിയ പ്രചോദനമാകും.ഈ ലക്കം വായനക്കാർ ആസ്വദിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഞങ്ങളെ പ്രതികരണങ്ങൾ അറിയിക്കുന്നത് തുടരുക

വിലാസം : റൂം നമ്പർ-278, ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ് കമ്മ്യൂണിക്കേഷൻ,രണ്ടാം നില, സൂചന ഭവൻ, ന്യൂ ഡൽഹി-110003

ഇ-മെയിൽ : response-nis@pib.gov.in



(ജയ്ദീപ് ഭട്നാഗർ)

# എഴുത്തുപെട്ടി




ന്യൂ ഇന്ത്യ സമാചാർ അയച്ചുതന്നതിന് നന്ദി.വളരെയധികം ഉപകാരപ്രദമായ മാസികയാണിത്.യോഗയെപ്പറ്റി മാഗസിനിൽ വന്ന വിവരങ്ങൾ നിരവധി വായനക്കാർക്ക് ഉപകാരപ്രദമായി.സർക്കാർ നടപടികളുടെ വിശദാംശങ്ങളും ഈ മാസികയിൽ ലഭിയ്ക്കുന്നു.

സ്ത്രീകൾക്കായി ഒരു പ്രത്യേക ഭാഗം ഇതിൽ മാറ്റിവയ്ക്കണം എന്നൊരു നിർദ്ദേശം എനിയ്ക്കുണ്ട്.വിവിധ സർക്കാർ പദ്ധതികളുടെ ഗുണഫലം ലഭിച്ച സ്ത്രീകളെയോ അല്ലെങ്കിൽ സമുഹത്തിന് ഗുണമുണ്ടായ കാര്യങ്ങൾ ചെയ്ത സ്ത്രീകളെയോ പംക്തിയിൽ പരിചയപ്പെടുത്താം.സുസ്ഥിര വികസന ലക്ഷ്യങ്ങളെപ്പറ്റിയുള്ള വിവരങ്ങളും ഉൾപ്പെടുത്തണം.

ഇപ്പോഴത്തെ രൂപത്തിലും മാസിക പൂർണ്ണമാണ്.അടുത്ത ലക്കത്തിനായി കാത്തിരിയ്ക്കുന്നു.

**barnaganguli@gmail.com**

## നിർദ്ദേശങ്ങൾ അയക്കുക

### വിലാസവും ഇ–മെയിലും

റൂം നമ്പർ–278, ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ് കമ്മ്യൂണിക്കേഷൻ,
രണ്ടാംനില, സൂചന ഭവൻ,
ന്യൂ ഡൽഹി–110003

**response-nis@pib.gov.in**

ന്യൂ ഇന്ത്യ സമാചാർ പതിപ്പുകളെല്ലാം സ്ഥിരമായി ലഭിക്കുന്നുണ്ട്.വായിക്കാൻ ഞാൻ അതീവ തൽപ്പരനാണ്.നിരവധി വിവരങ്ങൾ മാസിക നൽകുന്നു.

**സുധാകർ**

**sssnattyquieten.glorious@gmail.com**

സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തി ഈ മാസിക പ്രസിദ്ധീകരിയ്ക്കുന്നതിന് നിങ്ങൾക്ക് നന്ദി.സിവിൽ സർവ്വീസ് പരീക്ഷയ്ക്കായി തയ്യാറെടുക്കുന്നവർക്ക മാത്രമല്ല,സാധാരണക്കാർക്കും ഈ മാസിക വളരെ ഉപകാരപ്രദമാണ്.അടുത്തലക്കത്തിനായി കാത്തിരിയ്ക്കുന്നു.

**സിദ്ധാർത്ഥ് മേനോൻ**

**sidvmenon@gmail.com**

മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്നവർക്ക് വിവരങ്ങളുടെ ഖനിയാണ് ഈ മാസിക.രാജ്യത്ത് നിലവിൽ നടക്കുന്ന സംഭവങ്ങളെപ്പറ്റിയുള്ള വിശദമായ വിവരങ്ങൾ ഈ മാസിക നൽകുന്നു.

**ravitejaado@gmail.com**

മാസികയുടെ സ്ഥിരം വായനക്കാരനാണ് ഞാൻ.ഇതിന്റെ പതിപ്പ് ലഭിച്ചാൽ ഉപകാരപ്രദമാകുമായിരുന്നു.സർക്കാരിന്റെ പുതിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ മാസിക നൽകുന്നു.പരീക്ഷകൾക്കുള്ള തയ്യാറെടുപ്പിനും ഈ മാസിക നല്ലതാണ്.

**വിധി ദവെ**

**vidhidave18@gmail.com**

# ഭാരതത്തിന്റെ ആശയം

## 'ഭാരതം ആദ്യം' എന്ന മന്ത്രത്തിലൂടെ രാജ്യത്തെ ശാക്തീകരിയ്ക്കുന്നു

**വലിയ പ്രതീക്ഷകളോടെയും വേഗത്തിൽ വികസനം നേടാനുള്ള നിശ്ചയദാർഢ്യത്തോടെയും സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തിലേയ്ക്ക് 2021 ആഗസ്റ്റ് 15ന് ഭാരതം പ്രവേശിയ്ക്കുകയാണ്. സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവ വർഷത്തിൽ മഹത്തായ ചരിത്രത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് വരുന്ന 25 വർഷങ്ങളിലേയ്ക്കുള്ള മാർഗരേഖ നിർമ്മിയ്ക്കുകയാണ് രാജ്യം. അതുവഴി,സ്വാതന്ത്ര്യത്തിന്റെ 100-ാം വാർഷികത്തിൽ എത്തുമ്പോൾ ഭാരതം ലോകത്തിന്റെ ഗുരു ആയി വീണ്ടും പ്രത്യക്ഷപ്പെടും. അറിവിന്റെയും,ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഏറ്റവും മികച്ച ഉപയോഗത്തിലൂടെ നവഭാരതം എന്ന സ്വപ്നം സാക്ഷാത്കരിയ്ക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിയ്ക്കുകയാണ് സർക്കാർ.**




***നമ്മുടെ മഹത്തായ ഭൂതകാലത്തിലേക്ക് തിരിഞ്ഞുനോക്കാനും ആവേശംകൊള്ളാനും ഏറ്റവും അനുയോജ്യമായ സമയമാണ് സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികം.സ്വാതന്ത്ര്യം നേടാനായി നമ്മുടെ നിരവധി വിപ്ലവകാരികളും സ്വാതന്ത്ര്യസമര പോരാളികളും ജീവൻ ബലിനൽകി.***

മൗലികഅവകാശങ്ങൾ ഉൾപ്പെടെ നിരവധി അനുച്ഛേദങ്ങൾ നൽകി രാജ്യത്തെ പൗരൻമാരെ ശക്തരാക്കിയ ഭരണഘടനയുടെ സ്ഥാപകപിതാക്കൻമാരെ ഓർക്കാനുള്ള അവസരവുമാണിത്.ഇവയ്ക്കെല്ലാം നമ്മുടെ ദൈനംദിന ജീവിതത്തിലുള്ള പ്രാധാന്യത്തെപ്പറ്റി ആത്മപരിശോധന നടത്താനുള്ള വർഷമാണിത്.പിന്നിട്ട 70 വർഷങ്ങളിൽ സർവ്വമേഖലകളിലും രാജ്യം വലിയ പുരോഗതി കൈവരിച്ചു.നമ്മുടെ സ്വപ്നങ്ങളിലെ ഭാരതം യാഥാർത്ഥ്യമാക്കാനായി മൂല്യങ്ങളിൽ അധിഷ്ഠിതമായ പുരോഗമന രാജ്യം നിർമ്മിക്കാനുള്ള ശ്രമങ്ങൾ നാം നടത്തണം.

2014ന് ശേഷം രാജ്യത്തിന്റെ രാഷ്ട്രീയഭൂമിക മാറിയതിനൊപ്പം നയങ്ങൾ നടപ്പിലാക്കുന്നതിൽ പുതിയ സാമർത്ഥ്യം ദൃശ്യമായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വാക്കുകളിൽ,'ഭാരതത്തെക്കുറിച്ചുള്ള എന്റെ കാഴ്ച്ചപ്പാട് സഹിഷ്ണുതയുടെ ഒരു വശത്ത് മാത്രമായി പരിമിതപ്പെടുത്തിയിരിയ്ക്കുന്നു,മാത്രമല്ല അത് വൈവിധ്യമാർന്ന ആശയങ്ങളെ ഉൾക്കൊള്ളുന്നു.ഓരോ വ്യക്തിയും ആദരിയ്ക്കപ്പെടുന്ന രാജ്യമാണ് ഞാൻ വിഭാവനം ചെയ്യുന്നത്.സത്യം,സമാധാനം,അഹിംസ എന്നിവയിൽ നിന്നാണ് ഭാരതം എന്ന സങ്കൽപ്പത്തിന്റെ പ്രധാന തത്വം സൃഷ്ടിക്കപ്പെട്ടിരിയ്ക്കുന്നത്.സത്യമേവ ജയതെ എന്നാണ് നമ്മുടെ ഇതിഹാസങ്ങൾ പഠിപ്പിക്കുന്നത്,അതായത് സത്യം മാത്രമേ വിജയിക്കൂ എന്ന്.വർഗ്ഗം,ജാതി,മതം എന്നീ ഭേദങ്ങളില്ലാതെ എല്ലാവർക്കും തുല്യമായി നീതി ലഭിയ്ക്കുന്ന, അനീതിയ്ക്ക് നിയമപരമോ ധാർമ്മികമോ ആയ ഒരു സാധുതയും ഇല്ലാത്ത ഒരു ഭാരതത്തോട് ഞാൻ പ്രതിജ്ഞാബദ്ധനാണ്'.

വസുധൈവ കുടുംബകം-അഥവാ ലോകം ഒരു കുടുംബം എന്ന തത്വം സ്വീകരിച്ചതിലൂടെ സാഹോദര്യത്തിനും സൗഹൃദത്തിനും അതിർത്തികൾ തടസ്സമല്ല എന്ന സന്ദേശമാണ് നാം എടുക്കുന്നത്. ലോകത്തെ നയിക്കാൻ 21-ാം നൂറ്റാണ്ട് ഭാരതത്തോട് വീണ്ടും ആഹ്വാനം ചെയ്യുന്നു. 'ഭാരതം ജഗദ്ഗുരു' എന്ന സ്വാമി വിവേകാനന്ദന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതാണ് ഭാരതം എന്ന ആശയം. അഭിലാഷങ്ങളുടെയും അവസരങ്ങളുടെയും ഭാരതമാണ് ഇത്.



**ഇത് അവസരങ്ങളുടെയും അഭിലാഷങ്ങളുടെയും ഭാരതമാണ്. ഒരു ഭാരതം അവിടെ**

**'सर्वेभवन्तुसुखिनः,सर्वेसन्तुनिरामयाः**

**അർത്ഥം – രോഗങ്ങളില്ലാതെ എല്ലാവരും സന്തോഷത്തോടെയും സമൃദ്ധിയോടെയും.**
**നരേന്ദ്ര മോദി, പ്രധാനമന്ത്രി**





സങ്കൽപ്പിക്കാൻ കഴിയാത്ത അത്രയും മാനുഷിക ശേഷി കൊണ്ടും,പ്രകൃതി സമ്പത്തിനാലും അനുഗ്രഹീതമാണ് ഭാരതം.കണക്കാക്കാൻ കഴിയാത്ത,സങ്കൽപ്പിക്കാൻ കഴിയാത്ത സമൃദ്ധിയാണ് ഭൂതകാലത്തിൽ വൈദേശിക ശക്തികളെ ഭാരതത്തിലേക്ക് ആകർഷിച്ചത്.സമൃദ്ധമായ ഭാരതത്തിന്റെ ആ ഊർജ്ജം തിരിച്ചു കൊണ്ടുവരേണ്ട സമയമാണിത്. അതിന് സമീപനത്തിൽ മാറ്റം വരേണ്ടതുണ്ട്.രാജ്യത്തെ സ്വയംപര്യാപ്തമാക്കണം.അതുവഴി ദാരിദ്ര്യത്തിൽ നിന്നും മുക്തിനേടാനും വിജയകഥകൾ രചിക്കാനുമുള്ള അവസരം എല്ലാ പൗരൻമാർക്കും ലഭ്യമാകും.എല്ലാഭാരതീയരും ആത്മാഭിമാനമുള്ളവരാണ്.തുല്യമായ അവസരം മാത്രമാണ് അവർക്ക് വേണ്ടത്.

അറിവിന്റെ കാര്യമെടുത്താൽ,ഭാരതം ലോകത്തിന് പാത കാണിച്ചുകൊടുത്തിട്ടുണ്ട്.ഇന്ന് വിവരങ്ങളുടെയും അറിവിന്റെയും നൂറ്റാണ്ടായി 21-ാം നൂറ്റാണ്ട് മാറുമ്പോൾ ലോകം ഭാരതത്തിലേക്ക് ഉറ്റുനോക്കുകയാണ്.വരുംകാലത്ത് ആയുധശേഷി കൊണ്ടല്ല മറിച്ച് മാനുഷിക മൂലധനം കൊണ്ടാണ് രാജ്യങ്ങൾ അറിയപ്പെടുക. അതുകൊണ്ട് ആഗോള വിദ്യാഭ്യാസം ഭാരതമെന്ന കേന്ദ്രസർക്കാരിന്റെ ആശയത്തിന്റെ മുഖ്യ ഭാഗമാണ്.അറിവിന്റെ വെളിച്ചം പുരോഗതിയിലേക്ക് നയിക്കുന്ന ഭാരതമാണ് വിഭാവനം ചെയ്തിട്ടുള്ളത്.എല്ലാകുട്ടികൾക്കും സമഗ്രമായ വിദ്യാഭ്യാസം നൽകണം,അതവരുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും രൂപപ്പെടുത്തും.

സ്ത്രീ ശാക്തീകരണമില്ലാതെ സമൂഹത്തിന്റെ വികസനം അപൂർണ്ണമാണ്.സ്ത്രീകൾക്ക് സുരക്ഷയും ബഹുമാനവും ഉറപ്പുവരുത്താതെ ഇത് നേടാൻ കഴിയില്ല.പരമ്പരാഗതമായി വീട് നോക്കിനടത്തുന്നവരാണ് സ്ത്രീകൾ.എന്നാൽ ഇന്ന് സ്ഥിതി മാറി,സ്ത്രീകൾ രാഷ്ട്രനിർമ്മാതാക്കളായി ഉയർന്നു വരുന്നു.ഭാരതത്തിന്റെ ഭാവി അഭിലാഷങ്ങൾ അവർ രൂപപ്പെടുത്തുന്നു.

ശക്തമായ ഒരു ഫെഡറൽ സംവിധാനമില്ലാതെ ഭാരതത്തിന്റെ വികസനം സാധ്യമല്ല.വികസനത്തിൽ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ പങ്കാളിത്തമാണ് ഭരണഘടനാ ശിൽപ്പികൾ വിഭാവനം ചെയ്തത്. സംസ്ഥാനങ്ങളെ സ്വയംപര്യാപ്തരാക്കുന്നതിനുള്ള നിരവധി നടപടികൾ കേന്ദ്രസർക്കാർ എടുത്തിട്ടുണ്ട്. രാജ്യത്തിന്റെ സമ്പത്തുകളിൽ എല്ലാവർക്കും തുല്യമായ അവകാശം എന്നതാണ് കേന്ദ്രസർക്കാരിന്റെ ആശയം.

**2047 ആഗസ്റ്റ് 15ന് നാം സ്വാതന്ത്ര്യ ദിനത്തിന്റെ 100-ാം വാർഷികം പൂർത്തീകരിയ്ക്കുമ്പോൾ,ആത്മനിർഭര ഭാരതം ക്യാംപയിൻ ഭാരതത്തിന്റെ അഭിലാഷങ്ങളുടെ അടിത്തറയായി മാറിയിട്ടുണ്ടാകും.**

**നരേന്ദ്ര മോദി,പ്രധാനമന്ത്രി**



ഇന്ന് രാജ്യത്ത് ഏറ്റവുംകൂടുതൽ സംസാരിക്കുന്ന വാക്ക് – **വികസനം**

ഇന്ന് രാജ്യത്തിന്റെ ഏറ്റവും വലിയ മന്ത്രം – **സബ്കാ സാത്ത്,സബ്കാ വികാസ്,സബ്കാ വിശ്വാസ്**

ഇന്ന് രാജ്യത്തെ ഏറ്റവും വലിയ നയം – **പൊതുജന പങ്കാളിത്തം**

ഇന്ന് രാജ്യത്തെ ഏറ്റവും പ്രശസ്തമായ മുദ്രാവാക്യം – **സങ്കൽപ് സെ സിദ്ധി**

ഇന്ന് ഭാരതത്തിന്റെ ഏറ്റവും വലിയ നിർണ്ണയം – **നവഭാരതം**

**നവഭാരതം എന്ന സ്വപ്നം സാക്ഷാത്കരിയ്ക്കാനായി രാപകലില്ലാതെ ജോലി ചെയ്യുകയാണ് രാജ്യം. നമ്മൾ മറ്റാരോടുമല്ല നമ്മോട് തന്നെയാണ് മൽസരിയ്ക്കുന്നത് എന്നതാണ് പ്രധാനകാര്യം.**

**നാം നമ്മെ വെല്ലുവിളിയ്ക്കുന്നു.**
**നാം നമ്മെ മാറ്റുന്നു.**
**-നരേന്ദ്ര മോദി ,പ്രധാനമന്ത്രി**



രാജ്യത്തിന്റെ സാമ്പത്തിക ഏകീകരണത്തിനായി ചരക്ക് സേവന നികുതി നടപ്പാക്കിയതാകട്ടെ,സംസ്ഥാനങ്ങളുമായി സഹകരിച്ച് കൊവിഡ് നിയന്ത്രണങ്ങൾ നടത്തിയതാകട്ടെ,രാജ്യത്തിന്റെ നൻമയ്ക്കും വികസനത്തിനുമായി 'ടീം ഇന്ത്യ' ആയാണ് കേന്ദ്രസർക്കാർ പ്രവർത്തിക്കുന്നത്.

വർഷങ്ങളായി നിരവധി വെല്ലുവിളികൾ ഉണ്ടായിട്ടും,ഭാരതമെന്ന ആശയത്തിന് ഒരു ഇളക്കവും സംഭവിച്ചിട്ടില്ല.രാജ്യം സ്വാതന്ത്ര്യദിനത്തിന്റെ 75-ാമത് വാർഷികത്തിലേക്ക് കടക്കുമ്പോൾ,രാജ്യത്തിന്റെ അഭിലാഷങ്ങൾ പൂർത്തീകരിയ്ക്കണം എന്ന ഒറ്റ തീരുമാനത്തിൽ പുരോഗതിയുടെ അതിവേഗ പാതയിലൂടെ കൊണ്ടുപോവുകയാണ് ഭരണ നേതൃത്വം.പൗരൻമാർക്ക് അവസര സമത്വവും വിഭവങ്ങളിൽ തുല്യമായ അവകാശവും ഉണ്ടായാൽ മാത്രമേ രാജ്യത്തിന് വികസനവും പുരോഗതിയും ഉണ്ടാകൂ.രാജ്യത്തെ യുവത ഊർജ്ജസ്വലരും രാജ്യത്തെയും ലോകത്തെയും മാറ്റിമറിയ്ക്കാൻ കഴിവുള്ളവരുമാണ്.യുവജനങ്ങൾക്ക് നല്ല വിദ്യാഭ്യാസവും, സംരംഭങ്ങൾക്കും,കണ്ടെത്തലുകൾക്കും,ഗവേഷണ നൈപുണ്യത്തിനും പ്രോത്സാഹനവും മതിയായ തൊഴിലവസരങ്ങളും നൽകിയാൽ മാത്രമേ ഇത് സാധ്യമാകൂ.

സങ്കൽപ്പിക്കാവുന്നതിലും അധികം പ്രകൃതി വിഭവങ്ങളും മാനുഷിക വിഭവശേഷിയും ഭാരതത്തിനുണ്ട്.

നൂറ്റാണ്ടുകളായി നമ്മുടെ പൂർവ്വികർ കൈമാറിത്തന്ന മഹത്തായ പൈതൃകവും പാരമ്പര്യവും ഉണ്ട്.മറ്റു പല സംസ്കാരങ്ങളും അപ്രത്യക്ഷമായപ്പോൾ പരീക്ഷണങ്ങളെയെല്ലാം അതിജീവിച്ച ഭാരത സംസ്കാരം നിലനിന്നു.ഇത് എല്ലാംകൊണ്ടും ഭാരതത്തിന് അഭിമാന വർഷമാണ്. അതുകൊണ്ട് തന്നെ ഭാരതത്തെ ശാക്തീകരിയ്ക്കുക എന്നത് ഓരോ പൗരന്റെയും കടമയാണ്. അധികാരത്തിലേറിയപ്പോൾ തന്നെ തന്റെ ഉദ്ദേശം പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കിയിരുന്നു.പ്രധാനമന്ത്രിയുടെ വാക്കുകൾ,'നമുക്ക് രാജ്യത്തെയും ജനങ്ങളെയും വിശ്വസിയ്ക്കാം. മഹാൻമാരായ നമ്മുടെ നേതാക്കളുടെ പരിത്യാഗങ്ങളെ ആദരിച്ച് അവർ കാണിച്ചുതന്ന പുരോഗതിയുടെ പാത പിന്തുടരാം.'രാജ്യം ആദ്യം' എന്ന തത്വം അടിസ്ഥാനമാക്കി നമുക്ക് രാഷ്ട്രനിർമ്മാണത്തിനായി സ്വയംസമർപ്പിക്കാം. നാം നിർമ്മിക്കുന്ന രാജ്യം മാനവികതയിലുള്ള വിശ്വാസം തിരിച്ചുകൊണ്ടുവരുന്നതാകണം".■



# ജമ്മു കശ്മീരും ലഡാക്കും സമൃദ്ധിയുടെയും സമാധാനത്തിന്റെയും പുരോഗതിയുടെയും പാതയിൽ

**ദശാബ്ദങ്ങൾ നീണ്ട വികസനമില്ലായ്മയ്ക്ക് അവസാനം കുറിച്ച്, ഭരണഘടനയുടെ 370 – ാം അനുച്ഛേദം റദ്ദാക്കാനുള്ള നരേന്ദ്ര മോദി സർക്കാറിന്റെ ചരിത്രപരമായ തീരുമാനം ജമ്മുകശ്മീരിനെയും ലഡാക്കിനെയും ഭാരതത്തിന്റെ മുഖ്യധാരയോട് ചേർത്തു. വിവേചനപരമായ ചട്ടങ്ങൾ നീക്കം ചെയ്ത് 2 വർഷത്തിനുള്ളിൽ മേഖല വികസനത്തിന്റെ പാതയിൽ അതിവേഗം മുന്നോട്ട് കുതിയ്ക്കുന്നു**



ഇപ്പോൾ എനിയ്ക്ക് പ്രതിമാസം 15000 രൂപ ലാഭം കിട്ടുന്നുണ്ട്.എനിക്ക് സ്വന്തം കാലിൽ നിൽക്കാൻ കഴിയുകയും കുടുംബത്തിന്റെ സാഹചര്യങ്ങൾ മെച്ചപ്പെടുകയും ചെയ്തു.പ്രധാന മാർക്കറ്റിൽ ഒരു കട കൂടി തുറക്കുന്ന കാര്യം ഞാൻ ആലോചിയ്ക്കുന്നുണ്ട്.ജമ്മുകശ്മീരിൽ സംസ്ഥാന ഗ്രാമീണ ഉപജീവന മിഷനുമായി സഹകരിച്ച് ഹാർഡ്‌വെയർ കട നടത്തുന്ന നസീമ നാസിറിന്റെ വാക്കുകളാണിത്.സമാനമായി ശിവ് ബാബ സ്വയംസഹായ സംഘത്തിൽ നിന്നും 3 ലക്ഷം രൂപ വായ്പ്പയെടുത്ത പൊലി ദേവി 2019ൽ ഒരു കോഴി ഫാം തുടങ്ങി.മികച്ച കർഷകയ്ക്കുള്ള നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട് ലഡാക്കിലെ ഹാജിയ ഫാത്തിമ ബാനുവിന്.വലിയതോതിൽ പച്ചക്കറികൾ കൃഷി ചെയ്യുന്ന ബാനു പ്രദേശത്തെ ജനങ്ങൾക്കെല്ലാം പ്രചോദനമാണ്.30 വയസ്സുകാരിയായ കുഞ്ചെസ് ആംഗ്മോ എന്ന യുവ സംരംഭക പ്രധാനമന്ത്രിയുടെ ആത്മനിർഭര ഭാരത ക്യാംപയിൻ യാഥാർത്ഥ്യമാക്കുന്നു.

“

**ആഗസ്റ്റ് 15ന് രാജ്യം സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തിലേക്ക് പ്രവേശിയ്ക്കുമ്പോൾ,അനുച്ഛേദം 370തിൽ നിന്നും മുക്തമാകാൻ കശ്മീരിന് 72 വർഷത്തെ നീണ്ട കാത്തിരിപ്പ് വേണ്ടിവന്നത് എന്തുകൊണ്ടാണ് എന്നറിയേണ്ടത് സുപ്രധാനമാണ്.370 എടുത്തുമാറ്റിയ ശേഷം രാജ്യത്തിന്റെ മറ്റു ഭാഗങ്ങൾക്കൊപ്പം കശ്മീരും വികസനത്തിന്റെ പാതയിൽ മുന്നോട്ടു കുതിയ്ക്കുന്നതിന്റെ കാരണവും അറിയണം.**

കൈത്തറി മേഖലയെ പിന്തുണയ്ക്കുന്നതിന് പുറമെ 100 കണക്കിന് സ്ത്രീകൾക്ക് ജോലി നൽകുകയും ചെയ്യുന്നുണ്ട് ആംഗ്മോ.പൂഞ്ച് ജില്ലയിൽ അതിർത്തി ഗ്രാമമായ സൊലാട്രിയിൽ താമസിയ്ക്കുന്ന മുഹമ്മദ് ഷാഫിയ്ക്ക് ഉറപ്പുള്ള വീട് ഉണ്ടായിരുന്നില്ല.മഞ്ഞുവീഴ്ചയിൽ വീട് തകർന്നുപോകുമായിരുന്നു.പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ വർഷം ഷാഫിയ്ക്ക് ഉറപ്പുള്ള വീട് ലഭിച്ചു.ഇപ്പോൾ ഷാഫി വളരെ സന്തോഷവാനാണ്."പ്രധാനമന്ത്രി മോദിയ്ക്ക് ഞാൻ നന്ദി പറയുന്നു" ,ഷാഫി പറഞ്ഞു.ജമ്മുകശ്മീരിലും ലഡാക്കിലും വന്നിരിയ്ക്കുന്ന പുതിയ മാറ്റങ്ങൾ ഭൂതകാലത്തിന്റെ ചങ്ങലകളിൽ നിന്നും പുറത്തേയ്ക്കുവരാനുള്ള

“


നേരത്തെ രാജ്യത്ത് പ്രഖ്യാപിച്ചിരുന്ന ഭൂരിഭാഗം പദ്ധതികളിലും പറയുമായിരുന്നു,'ജമ്മു കശ്മീർ ഒഴികെ' എന്ന്.ഇപ്പോൾ അത് ചരിത്രമായി മാറിക്കഴിഞ്ഞു.ജമ്മുകശ്മീരിൽ നിലനിൽക്കുന്ന സമാധാനവും പുരോഗതിയും വികസനവും വ്യവസായങ്ങളെ അവിടേയ്ക്ക് ആകർഷിക്കുന്നു.ഇന്ന് ആത്മനിർഭര ഭാരത ക്യാംപയിനിലേയ്ക്കും ജമ്മു കശ്മീർ സംഭാവനകൾ നൽകുന്നു.

നരേന്ദ്ര മോദി,പ്രധാനമന്ത്രി

## ഒരു രാജ്യം, ഒരു ഭരണഘടന, ഒരു പതാക, ഒരു മാർക്കറ്റ്

**890** കേന്ദ്ര നിയമങ്ങളും ഇപ്പോൾ ജമ്മുകശ്മീരിലും ലഡാക്കിലും ബാധകമാണ്.മേഖലയിൽ ഉണ്ടായിരുന്ന വിവേചനപരമായ 205 നിയമങ്ങൾ റദ്ദാക്കി.

- കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുമ്പോൾ കേന്ദ്ര ഇൻഫർമേഷൻ കമ്മീഷനും ,കേന്ദ്ര വിജിലൻസ് കമ്മീഷനും മെച്ചപ്പെട്ട ഭരണനിർവ്വഹണം ഉറപ്പുവരുത്തുന്നു.
- നേരത്തെ നിലനിന്നിരുന്ന വിവേചനപരമായ നിയമങ്ങളെല്ലാം റദ്ദാക്കപ്പെടുകയോ ഭേദഗതി വരുത്തുകയോ ചെയ്തു.എസ് സി-എസ് ടി വിഭാഗങ്ങൾ,വനവാസികൾ,കുട്ടികൾ,മുതിർന്നവർ എന്നിവരുടെ സംരക്ഷണത്തിനായി കേന്ദ്രനിയമങ്ങൾ നടപ്പിലാക്കി.
- ഭാരതത്തിലെ മറ്റു പൗരൻമാർക്കുള്ള മുഴുവൻ അവകാശങ്ങളും ഇപ്പോൾ ജമ്മുകശ്മീർ ജനതയ്ക്കും ലഭ്യമായി.വിദ്യാഭ്യാസ അവകാശ നിയമവും ഭൂമിയ്ക്ക് ന്യായമായ നഷ്ടപരിഹാരം ലഭിയ്ക്കുന്നതിനുള്ള നിയമവും ജനാധിപത്യത്തെ യഥാർത്ഥ അർത്ഥത്തിൽ നടപ്പിൽ വരുത്തി.റോഷ്നി നിയമം റദ്ദാക്കപ്പെട്ടു.
- വാസയോഗ്യ നിയമം ജനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നു.നേരത്തെ സ്ഥിരതാമസ സർട്ടിഫിക്കറ്റ് കൈവശമുണ്ടായിരുന്നവർക്കെല്ലാം ഇപ്പോൾ വാസയോഗ്യ സർട്ടിഫിക്കറ്റിന് അർഹതയുണ്ട്.



# ദുർബല വിഭാഗങ്ങൾക്ക് തൊഴിൽ സംവരണം

സംവരണ ചട്ടങ്ങൾ മാറ്റിക്കൊണ്ട് സാധ്യത വർദ്ധിപ്പിച്ചു.പഹാരി സംസാരിയ്ക്കുന്നവർക്ക് 4 ശതമാനവും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10 ശതമാനവും സംവരണം.

- മറ്റു സാമൂഹിക വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്കുള്ള സംവരണം 2 ശതമാനത്തിൽ നിന്നും 4 ശതമാനമായി വർദ്ധിപ്പിച്ചു.
- നിയന്ത്രണ രേഖയ്ക്ക് സമീപം താമസിയ്ക്കുന്നവർക്കുള്ള സംവരണം 3 ശതമാനത്തിൽ നിന്നും 4 ശതമാനമാക്കി.
- ഗോത്രവിഭാഗങ്ങൾക്ക് ജനസംഖ്യ അടിസ്ഥാനത്തിൽ നിയമസഭ സീറ്റുകളിൽ സംവരണം.

**ഒബിസി വിഭാഗങ്ങൾക്ക് സംവരണത്തിനുള്ള വാർഷിക വരുമാന പരിധി 4.5 ലക്ഷത്തിൽ നിന്നും**

**₹08**

**ലക്ഷമാക്കി ഉയർത്തി.**

**പഹാരി സംസാരിയ്ക്കുന്ന 9 ലക്ഷം ജനങ്ങൾക്ക് സംവരണത്തിന്റെ ഗുണഫലം ലഭിയ്ക്കും.**

**41 ലക്ഷത്തിലധികം** സ്ഥിരതാമസ സർട്ടിഫിക്കറ്റുകൾ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്.ഇതിൽ പടിഞ്ഞാറൻ പാക്കിസ്ഥാനിൽ നിന്നും വന്ന 56000 അഭയാർത്ഥികളും 2754 വാൽമീകി സമുദായക്കാരും 789 ഗൂർഖകളും ഉൾപ്പെടുന്നു.

പാക് അധീന കശ്മീരിൽ നിന്നും 1947,1965,1971 എന്നീ വർഷങ്ങളിൽ വന്ന 42000ത്തോളം കുടുംബങ്ങൾക്ക് 5.50 ലക്ഷം രൂപയുടെ (ഓരോ കുടുംബത്തിനും) സാമ്പത്തിക സഹായം

## ദശാബ്ദങ്ങളായി നിരാലംബരായി കഴിഞ്ഞവരുടെ ശാക്തീകരണം

- പടിഞ്ഞാറൻ പാക്കിസ്ഥാനിൽ നിന്നും പുറത്താക്കപ്പെട്ട 6000ത്തോളം കുടുംബങ്ങൾക്ക് 5.5 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം.തൊഴിലിനൊപ്പം സ്ഥിരതാമസ സർട്ടിഫിക്കറ്റിനും മറ്റു ആനുകൂല്യങ്ങൾക്കും അർഹത.അതിർത്തി മേഖലകളിൽ താമസിക്കുന്ന 3.5 ലക്ഷം ആളുകൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് ഡ്രൈവ്.
- കുടിയൊഴിപ്പിക്കപ്പെട്ട 44,000 കശ്മീരി കുടുംബങ്ങൾക്ക് തൊഴിൽ,വിദ്യാഭ്യാസം,മറ്റു ആനുകൂല്യങ്ങൾ.അവർക്ക് സ്ഥിരതാമസ സർട്ടിഫിക്കറ്റും നൽകി.

ജനങ്ങളുടെ നിശ്ചയദാർഢ്യം എടുത്തുകാട്ടുന്നു.

രാജ്യത്തിന്റെ ക്ഷേമമാണ് കേന്ദ്രസർക്കാർ നയങ്ങളുടെ ലക്ഷ്യം.എല്ലാവരെയും ഒപ്പം നിർത്തി നവഭാരതം നിർമ്മിക്കുകയാണ് സർക്കാർ.'ഏക ഭാരതം-ശ്രേഷ്ഠ ഭാരതം' പദ്ധതിയിലൂടെ ജമ്മു കശ്മീരിലെയും ലഡാക്കിലെയും ജനങ്ങളുടെ വികസനത്തിന് പ്രത്യേക മുൻഗണന നൽകിയിരിയ്ക്കുന്നു.വനിതാ ശാക്തീകരണം,യുവജനങ്ങൾക്ക് അവസരം,എസ് സി/എസ് ടി വിഭാഗങ്ങൾ,ജനങ്ങളുടെ അടിസ്ഥാന ഭരണഘടനാ അവകാശങ്ങൾ അങ്ങനെ എല്ലാകാര്യങ്ങളിലും സാധാരണക്കാരുടെ ക്ഷേമത്തിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നത്.കഴിഞ്ഞ 2 വർഷങ്ങളിലും പൊതുതാൽപര്യവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമങ്ങൾ രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളിലും നടപ്പിലാക്കി.അതുവഴി പദ്ധതികളുടെ ഗുണഫലങ്ങൾ ജനങ്ങളിലേക്കെത്തുകയും മേഖലയുടെ ഒന്നാകെയുള്ള വികസനത്തിന്റെ വേഗത വർദ്ധിക്കുകയും ചെയ്തു.ദുർബല വിഭാഗങ്ങൾ,കുട്ടികൾ,മുതിർന്ന പൗരൻമാർ എന്നിവരുടെ സംരക്ഷണത്തിനായുള്ള നിയമങ്ങൾ ശക്തിപ്പെടുത്തിയപ്പോൾ സദ്ഭരണത്തിനാവശ്യ

# ജനാധിപത്യ പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം



- നിലവിലുണ്ടായിരുന്ന പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്ത് ത്രിതല പഞ്ചായത്ത് സംവിധാനം ജില്ലാതലങ്ങളിൽ നടപ്പിലാക്കി.പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകി.

**1727**
**കോടിയിലധികം**
**തുക അനുവദിച്ചു**

**2,000**
**അക്കൗണ്ട് ജീവനക്കാരെ നിയമിച്ചു**

**317**
**പഞ്ചായത്ത് സെക്രട്ടറിമാരുടെ അന്തിമപട്ടിക തയ്യാറാക്കി**

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് 25 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ.മുൻസിപ്പൽ തലത്തിൽ 5 കോടി വരെയുള്ള വികസന പ്രവർത്തനങ്ങൾ അനുവദിക്കാൻ ഇവർക്ക് അധികാരമുണ്ട്.2 വർഷത്തിനിടെ അർബൻ ബോഡികളുടെ വികസനത്തിനായി 1455 കോടിയിലധികം രൂപ ചിലവഴിച്ചു.

- 460 പഞ്ചായത്ത് കെട്ടിടങ്ങൾ നിർമ്മിക്കുകയോ നവീകരിക്കുകയോ ചെയ്തു.ഡിജിറ്റൽ സാക്ഷരതയുമായി ബന്ധിപ്പിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് പരിശീലനം നൽകി.
- ഭരണനിർവ്വഹണത്തിൽ പരിശീലനം നേടാനും,മനസിലാക്കാനുമായി പഞ്ചായത്ത് അംഗങ്ങളെ മഹാരാഷ്ട്ര,ഉത്തരാഖണ്ഡ്,രാജസ്ഥാൻ,കേരളം എന്നീ സംസ്ഥാനങ്ങളിലേക്ക് അയച്ചു.
- 2020 ഒക്ടോബർ-നവംബർ മാസങ്ങളിൽ ജില്ലാ വികസന കൗൺസിലിലേക്ക് നടത്തിയ തിരഞ്ഞെടുപ്പിൽ 51 ശതമാനമായിരുന്നു വോട്ടിംഗ്.ഇത് 2018ൽ നടന്ന പാർലമെന്റ്,പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിലേതിനേക്കാൾ കൂടുതലാണ്.ജില്ലാ വികസന കൗൺസിലിൽ ആകെ 278 അംഗങ്ങളാണുള്ളത്.ഇതിൽ 20 ചെയർപേഴ്സൺമാരെയും വൈസ്ചെയർപേഴ്സൺമാരെയും തിരഞ്ഞെടുത്തു.
- 2019ൽ ബ്ലോക്ക് വികസന കൗൺസിലിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ആദ്യമായി 98.3 ശതമാനത്തിന്റെ റെക്കോഡ് വോട്ടിംഗ് രേഖപ്പെടുത്തി.276 ചെയർപേഴ്സൺമാരെ തിരഞ്ഞെടുത്തു.
- സ്വാതന്ത്ര്യത്തിന് ശേഷം റിപ്പബ്ലിക്ക് ദിനത്തിൽ ആദ്യമായി എല്ലാ പഞ്ചായത്തുകളിലും ദേശീയപതാക ഉയർത്തി.
- 20 ജില്ലകളുടെയും വികസനത്തിനായി 2021-22 വർഷത്തേക്ക് 12,600 കോടി രൂപ അനുവദിച്ചു.മുൻവർഷത്തേക്കാൾ ഇരട്ടിയാണിത്.

ഞങ്ങളെ സംബന്ധിച്ചിടത്തോളം ആഗസ്റ്റ് 5 ലെ തീരുമാനം പവിത്രമാണ്.ജമ്മുകശ്മീരിനെയും ലഡാക്കിനെയും പുതിയ പാതയിലേക്ക് കൊണ്ടുപോകാനുള്ള ഞങ്ങളുടെ ദൃഢനിശ്ചയം അചഞ്ചലമാണ്.ആഗസ്റ്റ് 5ന് ജമ്മുകശ്മീരിൽ ഭാരതത്തിന്റെ ഭരണഘടന നിലവിൽ വന്നു.മുഴുവൻ നിയമങ്ങളും പ്രാബല്യത്തിൽ വന്നു.കഴിഞ്ഞ 70 വർഷമായി ജമ്മുകശ്മീരിന്റെയും ലഡാക്കിന്റെയും വികസനത്തിലുണ്ടായിരുന്ന ഏറ്റവുംവലിയ തടസ്സം ആഗസ്റ്റ് 5ന് ഞങ്ങൾ നീക്കം ചെയ്തു.
**നരേന്ദ്ര മോദി,പ്രധാനമന്ത്രി**



മായ നിയമങ്ങളും ഫലപ്രദമായി നടപ്പിലാക്കി.

'ആയുഷ്മാൻ യോജന-സെഹത്'പദ്ധതിയ്ക്ക് കീഴിൽ മുഴുവൻ ജനങ്ങൾക്കും 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ആനുകൂല്യം നിലവിലുള്ള ഏക കേന്ദ്രഭരണ പ്രദേശമാണ് ജമ്മുകശ്മീർ

**പുതുക്കിയ ആത്മവിശ്വാസത്തിന്റെ പിന്നിലെ വളർച്ച**

ജമ്മുകശ്മീരിന്റെ വികസനം ഉറപ്പുവരുത്തണമെങ്കിൽ സംസ്ഥാനത്തെ ജനങ്ങളെ വിശ്വാസത്തിലെടുക്കേണ്ടതുണ്ട്.ഇതാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി മുന്നോട്ട് വച്ച ചിന്ത.ഈ ആശയം ലെഫ്റ്റനന്റ് ഗവർണ്ണർ കൃത്യമായി നടപ്പിലാക്കി.മുലാകാത്ത്, ബാക്ക് ടു വില്ലേജ് എന്നീ പദ്ധതികളിലൂടെ ജനങ്ങളുടെ പ്രതികരണങ്ങൾ മനസിലാക്കി.പഞ്ചായത്ത് രാജ് സംവിധാനം ശക്തമാക്കിയത് ഇതിന് വളരെയധികം ഗുണകരമായി.ബ്ലോക്ക് വികസന കൗൺസിൽ തിരഞ്ഞെടുപ്പിൽ ജമ്മുകശ്മീരിലും ലഡാക്കിലും ഉണ്ടായ 98 ശതമാനത്തിന്റെ വോട്ടിംഗ് ജനാധിപത്യ പ്രക്രിയയിൽ ജനങ്ങൾക്കുണ്ടായ വിശ്വാ



സത്തിന്റെ തെളിവാണ്.

ജനങ്ങളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും യാഥാർത്ഥ്യമാക്കി, ഒപ്പം ജമ്മുകശ്മീരിന്റെയും ലഡാക്കിന്റെയും മഹത്തായ പൈതൃകത്തെ ശക്തിപ്പെടുത്തി.

സംസ്ഥാനത്ത് പുറത്തേക്ക് വിവാഹം കഴിച്ചാൽ സ്ത്രീകൾക്കും കുട്ടികൾക്കും അവകാശങ്ങൾ നഷ്ടമാകുന്ന സാഹചര്യം ഇല്ലാതാക്കി.2 വർഷത്തിനിടെ അടിസ്ഥാനസൗകര്യ വികസനത്തിൽ വലിയ കുതിച്ചുചാട്ടമാണ് ഉണ്ടായത്.ജലവൈദ്യുതി ഉൽപ്പാദ മേഖലയിലും വലിയ മാറ്റങ്ങളുണ്ടായി.കഴിഞ്ഞ 70 വർഷമായി 3500 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ജമ്മുകശ്മീരിൽ ഉൽപ്പാദിപ്പിച്ചിരുന്നത്.ഇപ്പോൾ ഇതിനോടൊപ്പം 3000 മെഗാവാട്ട് കൂടി ചേർത്തു.വർഷങ്ങളായി മുടങ്ങിക്കിടന്ന പദ്ധതികൾക്ക് പുതുജീവൻ ലഭിച്ചു.ചെനാബ് നദിയ്ക്കു കുറുകെ ലോകത്തിലെ ഏറ്റവും വലിയ റെയിൽവെ പാലത്തിന്റെ പണി പുരോഗമിക്കുന്നു.ഇത് മുഴുവൻ ഭാരതീയർക്കും അഭിമാനകരമാണ്.

മെച്ചപ്പെട്ട കണക്റ്റിവിറ്റിയാണ് ഏതൊരു രാജ്യത്തിന്റെയും വിനോദസഞ്ചാരത്തെയും വ്യവസായശാലകളെയും വളർത്തുന്നത്.ഇന്ന് ജമ്മുക

## ബി2വി-ബാക്ക് ടു വില്ലേജ്: ആത്മവിശ്വാസം വളർത്തുന്നതിനുള്ള സംരംഭം

- ബാക്ക് ടു വില്ലേജ് പദ്ധതി മുന്നോട്ട് പോകുന്നതിലൂടെ ഭരണകൂടത്തിനും സർക്കാറിനുമിടയിൽ അടിത്തട്ടിൽ വിശ്വാസം ഉണ്ടാകുന്നു.
- ജനങ്ങൾ ആവശ്യപ്പെട്ട 20000ത്തിലധികം പദ്ധതികളിൽ 7000 പദ്ധതികളിൽ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു.
- 5 ലക്ഷത്തിലധികം സ്ഥിരതാമസ/ജനന-മരണ/ജാതി/വികലാംഗ സർട്ടിഫിക്കറ്റുകൾ ഈ ക്യാംപയിന് കീഴിൽ നൽകിക്കഴിഞ്ഞു.



**70,000** ത്തിലധികം റേഷൻ കാർഡുകൾ ആധാറുമായി ബന്ധിപ്പിച്ചു

**50,000** ത്തിലധികം കുടുംബങ്ങളെ ആയുഷ്മാൻ ഭാരത് ആരോഗ്യ പദ്ധതിയുമായി ബന്ധിപ്പിച്ചു

**372 കോടി** രൂപയുടെ വായ്പകൾക്കായി 19000ത്തിലധികം അപേക്ഷകൾ ഷോർട്ട്ലിസ്റ്റ് ചെയ്തു

ഇതിൽ, 4600 സ്ത്രീകളടക്കം **15,000** ത്തിലധികം ആളുകൾക്ക് വായ്പ അനുവദിച്ചു.

## പ്രധാനമന്ത്രിയുടെ വികസന പാക്കേജ് നൽകിയ വേഗത

- 54 പദ്ധതികൾക്കായുള്ള 56000 കോടി പാക്കേജ് കുപ്പിക്കഴുത്തുകൾ ഒഴിവാക്കാൻ സഹായകമായി.2018 ജൂൺ വരെ 7 പദ്ധതികൾ മാത്രമാണ് പൂർത്തിയായത്.കഴിഞ്ഞ 2 വർഷത്തിനിടെ 21 പദ്ധതികൾ പൂർത്തിയായി.നടപ്പുസാമ്പത്തിക വർഷത്തിൽ 12 പദ്ധതികൾ പൂർത്തിയാകും.ബാക്കിവരുന്ന 14 പദ്ധതികൾ 2023 മാർച്ചിനുള്ളിൽ പൂർത്തിയാകും.
- രാംബാഗ് മേൽപ്പാലം നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. ക്വാസിഗുണ്ട്-ബനിഹാൾ ടണലും ഝീലം നദിയിലെ വെള്ളപ്പൊക്കം തടയലും.
- ഐഐടി ജമ്മു സ്വന്തം ക്യാംപസിൽ പ്രവർത്തനം തുടങ്ങി.2 എയിംസ് ആശുപത്രികളുടെ നിർമ്മാണം നടക്കുന്നു.ജമ്മുവിൽ എയിംസ് ആശുപത്രിയുടെ നിർമ്മാണം ആരംഭിച്ചു.ജമ്മുവിൽ റിംഗ്റോഡിന്റ പണി അടുത്തവർഷം മാർച്ചിൽ പൂർത്തിയാകും.




## രാജ്യവുമായി കശ്മീരിന്റെ ബന്ധം

- ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള ചെനാബ് റെിൽവെ പാലം 2022ഓടെ പൂർത്തിയാകും.1327 കോടിയാണ് ഇതിന്റെ നിർമ്മാണ ചിലവ്.ഉദംപൂർ -ശ്രീനഗർ-ബാരാമുള്ള റെയിൽലിങ്ക് പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന് ചെനാബ് പാലത്തിന്റെ ഉയരം ഈഫൽ ടവറിനേക്കാളും കുത്തുബ്മിനാറിനേക്കാളും കൂടുതലാണ്.പാലത്തിന്റെ 359 മീറ്റർ ആർച്ചിന്റെ പണിപൂർത്തിയായിട്ടുണ്ട്.
- 10,000 കോടി രൂപ ചിലവിൽ നിർമ്മിക്കുന്ന ജമ്മു കശ്മീരിലെ ലൈറ്റ്മെട്രോ ട്രാൻസിറ്റ് എലിവേറ്റഡ് കോറിഡോർ 2025ൽ പൂർത്തിയാകും.

- പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന പദ്ധതിയ്ക്ക് കീഴിൽ ജമ്മുകശ്മീരിലെ മുഴുവൻ ഗ്രാമങ്ങളിലേയ്ക്കും റോഡ് ബന്ധം ഉറപ്പുവരുത്തുന്നു.2020-21ൽ 3000 കിലോമീറ്ററിലധികം റോഡുകൾ നിർമ്മിച്ചു.2022ഓടെ 8000 കിലോമീറ്റർ ബ്ലാക്ക് ടോപ്പിംഗ് നിർമ്മിക്കാനാണ് ലക്ഷ്യം.ഇതിൽ 3500 കിലോമീറ്റർ പിഎംജിഎസ്വൈ ക്ക് കീഴിൽ നിർമ്മിയ്ക്കും.
- ജമ്മു-ശ്രീനഗർ-ലഡാക്ക് ദേശീയപാതയിൽ 8 കിലോമീറ്റർ നീളത്തിൽ ക്വാസിഗുണ്ട്-ബനിഹാൾ ഇരട്ട ട്യൂബ് ടണൽ നിർമ്മിച്ചു.3127 കോടിയാണ് പദ്ധതിയുടെ ചിലവ്.
- കശ്മീരിനെ ലഡാക്കുമായി ബന്ധിപ്പിക്കുന്ന, സോൻമാർഗിനും ഗഗൻഗീറിനും ഇടയിലുള്ള ഇസെഡ്-മോർഹ് ടണലിന്റെ നിർമ്മാണം 2023 ഡിസംബറിൽ പൂർത്തിയാകും.2378 കോടി രൂപ ചിലവുള്ള പദ്ധതിയിൽ ടണലിന്റെ നീളം 6.5 കിലോമീറ്ററാണ്.

## മുടങ്ങിക്കിടന്ന പദ്ധതികൾക്ക് വേഗത വന്നു

- കാലങ്ങളായി മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിൽ ജമ്മുകശ്മീർ പുതിയ ചരിത്രമെഴുതി.7110 കോടി ചിലവിൽ 2357 പദ്ധതികളാണ് ഉണ്ടായിരുന്നത്.ഇതിൽ 7000 കോടിയുടെ പദ്ധതികൾ 2018 ജൂൺ വരെ മുടങ്ങിക്കിടക്കുകയായിരുന്നു.
- ഒന്നരവർഷത്തിനിടെ,ഈ വർഷം മാർച്ച് വരെ,1555ൽ അധികം കോടിയുടെ 1100 പദ്ധതികൾ പൂർത്തിയായി.ഇതിൽ 5 പദ്ധതികൾ കഴിഞ്ഞ 20 വർഷമായി മുടങ്ങിക്കിടന്നതാണ്.15 പദ്ധതികൾ 15 വർഷമായും 165 പദ്ധതികൾ 10വർഷത്തിലധികമായും മുടങ്ങിക്കിടന്നവയാണ്.

## ജമ്മുകശ്മീരിനെ സ്വയംപര്യാപ്തമാക്കാൻ വ്യാവസായിക വികസനം

- വ്യവസായ പ്രോത്സാഹന പദ്ധതിയ്ക്ക് കീഴിൽ ആദ്യമായി ബ്ലോക്ക്തലം വരെ 28,400 കോടിയുടെ സെൻട്രൽ റീജ്യണൽ പ്ലാനിന് അംഗീകാരം.അടുത്ത 15 വർഷത്തേയ്ക്കാണ് പദ്ധതി.
- 4.5 ലക്ഷം തൊഴിലവസരങ്ങൾ പുതുതായി ഉണ്ടാകും, ആനുപാതികമായി സാമ്പത്തിക സാമൂഹിക വികസനവും വരും.വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുക വഴി വ്യാവസായിക വൽക്കരണത്തിന്റെ പുതിയ അധ്യായത്തിന് തുടക്കമാകും.
- ഉൽപ്പാദന സേവന മേഖലകളിൽ യഥാക്രമം 5 കോടി 7.5 കോടി മൂലധന നിക്ഷേപം

ശ്മീരിന്റെ സുഗന്ധം അവിടുത്തെ ആപ്പിളുകളും ബസുമതി അരിയും കാർപ്പെറ്റുകളും ലോകപ്രശസ്തമായ കുങ്കുമവും വഴി രാജ്യത്താകമാനം എത്തിച്ചേരുന്നു.

പുതിയ കാർഷിക പരിഷ്ക്കാരങ്ങൾ ജമ്മുവിലെയും കശ്മീരിലെയും ഭക്ഷ്യസംസ്ക്കരണ മേഖലയിൽ നിരവധി അവസരങ്ങൾ തുറന്നു.ആയിരത്തിലധികം ആളുകൾക്ക് തൊഴിൽ ലഭിച്ചെന്നു മാത്രമല്ല,നിരവധി ആളുകൾക്ക് സ്വയംതൊഴിലിന്റെയും അവസരമുണ്ടായി.ജമ്മുകശ്മീരിലും ലഡാക്കിലും ആയിരക്കണക്കിന് സർക്കാർ ജോലികളാണ് വിളിച്ചിരിയ്ക്കുന്നത്.ജമ്മുവിലെയും കശ്മീരിലെയും യുവ സംരംഭകർക്ക് ഇപ്പോൾ ബാങ്കുകളിൽ നിന്നും അനായസമായി വായ്പ ലഭിയ്ക്കുന്നു.

വിനോദസഞ്ചാര മേഖല വീണ്ടും തിളങ്ങുന്നു.ജനപ്രിയ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റാനായി ജമ്മുകശ്മീരിലും ലഡാക്കിലും സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്.ഏകദേശം 137 ഹിമാലയൻ പർവ്വതശിഖരങ്ങൾ വിദേശ വിനോദസഞ്ചാരികൾക്കാ





# കൊവിഡ് ആശ്വാസ പാക്കേജ്

കൊവിഡും പ്രളയവും കാരണമുണ്ടായ സാമ്പത്തിക നഷ്ടം മറികടക്കാനായി

**1353 കോടിയുടെ**

പാക്കേജ്

- വൈദ്യുതി,വെള്ളം നിരക്കുകളിൽ 50 ശതമാനം റിബേറ്റ്.
- യഥാക്രമം 23 കോടി,4.5 കോടി ചില വിൽ നവീകരിച്ച രാജ്ബാഗ് സിൽക്ക് ഫാക്ടറി,ബെമിന വൂൾ മിൽ എന്നിവ ഉൽഘാടനത്തിന് തയ്യാറായി.
- മെച്ചപ്പെട്ട വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനാവശ്യമായ ഭരണ നിർവ്വഹണ നടപടികൾക്ക് പ്രോത്സാ ഹനം.വിവിധ പദ്ധതികൾക്ക് കീഴിൽ തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ വ്യ വസായങ്ങൾക്ക് വായ്പ.
- 31000 കുടുംബങ്ങളിലെ 1 ലക്ഷത്തിലധി കം ആളുകൾക്ക് ആത്മനിർഭര ഭാരത അഭിയാന് കീഴിൽ സൗജന്യ ഭക്ഷ്യധാ ന്യങ്ങൾ.പിഎം സ്വനിധി പദ്ധതിയ്ക്ക് കീഴിൽ സംസ്ഥാനത്തെ 11000ത്തിലധി കം ആളുകൾക്ക് വായ്പ.
- കൊവിഡ് പ്രതിസന്ധി കാലത്ത് 35 ലക്ഷത്തിലധികം പാവപ്പെട്ടവർക്ക് 500 കോടി സാമ്പത്തിക സഹായം.നിർ മ്മാണ തൊഴിലാളികൾ,ഹൗസ്ബോട്ട് ഉടമകൾ,ടൂറിസ്റ്റ് ഗൈഡുകൾ,പോ ണിവാലകൾ,സ്വയംസഹായ സംഘ ങ്ങൾ എന്നിവർക്ക് 1353 കോടിയുടെ ആശ്വാസ പാക്കേജ്.
- കൊവിഡ് രണ്ടാം തരംഗത്തിലേയ്ക്ക് പാക്കേജ് നീട്ടി.കൊവിഡ് കാരണം കുടുംബച്ചിലവ് നോക്കുന്ന വ്യക്തി നഷ്ടമായവർക്കായി സാക്ഷം പദ്ധതി.മ രണപ്പെട്ടവരുടെ കുടുംബത്തിന് 1000 രൂപയുടെ പ്രതിമാസ പെൻഷൻ.വി ദ്യാർത്ഥികൾക്ക് 20,000-40,000 വരെ സ്കോളർഷിപ്പ്.

## കൊവിഡിനെതിരായ യുദ്ധത്തിൽ ജമ്മു കശ്മീർ മുന്നിൽ

- അംഗീകൃത ഓക്സിജൻ പ്ലാന്റുകളുടെ എണ്ണം 84 ആയി വർദ്ധിച്ചു.2020 ആഗസ്റ്റ് 24 വരെ ഉണ്ടായിരുന്നത് 24 പ്ലാന്റുകൾ മാത്രം.സംസ്ഥാ നത്തിന്റെ ശേഷി 15000 ലിറ്റേഴ്സ് പർ മിനു ട്ട്(എൽപിഎം) ആണ്.വൈകാതെ അത് 15,000 എൽപിഎം ആയി വർദ്ധിപ്പിക്കും.
- 45 വയസ്സിന് മുകളിൽ പ്രായമുള്ള 85 ശതമാനം മുന്നണി പോരാളികളും വാക്സിനെടുത്തു കഴി ഞ്ഞു.ഷോപ്പിയാൻ,ഗന്ധേർബാൽ,ജമ്മു,സാംബ എന്നിവ 100 ശതമാനം വാക്സിനേഷൻ പൂർ ത്തിയാക്കി.
- വയാൻ ഗ്രാമത്തിൽ 18 വയസ്സിന് മുകളിലുള്ള എല്ലാവരും വാക്സിനെടുത്തു.
- 4292 പഞ്ചായത്തുകളിൽ കൊവിഡ് കെയർ സെന്ററുകൾ പ്രവർത്തിയ്ക്കുന്നു.ജമ്മുവിലും ശ്രീനഗറിലും 500 കിടക്കകളുള്ള ഹോസ്പിറ്റൽ ഡിആർഡിഒ നിർമ്മിച്ചിട്ടുണ്ട്.

## ആരോഗ്യം എല്ലാവർക്കും

- ആയുഷ്മാൻ ഭാരത് പദ്ധതിയ്ക്ക് കീഴിൽ മുഴുവൻ ജന ങ്ങൾക്കും ഇൻഷൂറൻസ് പരിരക്ഷയുള്ള രാജ്യത്തെ ഏക പ്രദേശമാണ് ജമ്മുകശ്മീർ.
- സെഹത് പദ്ധതിയ്ക്ക് കീഴിൽ എല്ലാ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ഇൻഷൂറൻസ് പരിരക്ഷ.
- ഇതുവരെ 49.38 ലക്ഷം ആളുകൾ പദ്ധതിയ്ക്ക് കീഴിൽ രജി സ്റ്റർ ചെയ്തിട്ടുണ്ട്.2 എയിംസ് ആശുപത്രികൾ,7 മെഡിക്കൽ കോളേജുകൾ,5 നേഴ്സിംഗ് കോളേജുകൾ,2 കാൻസർ ഇൻ സ്റ്റിസ്റ്റ്യൂട്ടുകൾ എന്നിവയുടെ നിർമ്മാണം പുരോഗമിയ് ക്കുന്നു.7500 കോടിയാണ് ചിലവ്.
- മെച്ചപ്പെട്ട ആരോഗ്യ അടിസ്ഥാനസൗകര്യത്തിനായി ആരോ ഗ്യ നിക്ഷേപ നയം,ലഹരി നയം,ലഹരിമുക്ത നയം എന്നി വയ്ക്ക് അംഗീകാരം നൽകി.
- 1617 അധിക മെഡിക്കൽ സീറ്റുകൾ അനുവദിച്ചു.എംബി ബിഎസ് സീറ്റുകൾ 500ൽ നിന്നു 1100 ആയി വർദ്ധിപ്പി ച്ചു.ബന്ധപ്പെട്ട മറ്റു കോഴ്സുകളുടെ സീറ്റുകളും വർദ്ധിപ്പി ച്ചു.നിലവിലെ ആരോഗ്യ അടിസ്ഥാനസൗകര്യം 881 കോടി ചിലവിൽ നവീകരിച്ചു.

യി തുറന്നുകൊടുത്തിട്ടുണ്ട്.

ഇതിൽ 15 പർവ്വതശിഖരങ്ങൾ ജമ്മുകശ്മീരിലും ലഡാക്കിലുമാണ്.കേന്ദ്രഭരണ പ്രദേശമായ ശേഷം ലഡാക്ക് വികസനത്തിന്റെ പാതയിലാണ്.

**നൂറ്റാണ്ടുകൾക്ക് ശേഷം മാന്ത്രിക പരിവേഷം തിരിച്ചുവന്നു**

അവകാശങ്ങൾ തിരിച്ചുകിട്ടിയ ജമ്മുകശ്മീരിലെ ജനങ്ങൾക്ക് ഇത് പുതുയുഗ പ്രഭാതമാണ്.പ്രധാന മന്ത്രിയുടെ വികസന പാക്കേജ് പരിശോധിച്ചാൽ , നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ വേഗത മനസിലാകും.2018വരെ പദ്ധതിയുടെ 26 ശതമാ നം മാത്രമാണ് ചിലവഴിച്ചതെങ്കിൽ അടുത്ത രണ്ട് വർഷത്തിൽ ഇത് 62 ശതമാനമായി ഉയർന്നു.മല യോരങ്ങളിലും നിയന്ത്രണരേഖയ്ക്ക് അടുത്തുള്ള ഗ്രാമങ്ങളിലും താമസിക്കുന്ന പാവപ്പെട്ടവർക്ക് ആദ്യമായി സംവരണത്തിന്റെ ഗുണഫലം ലഭിച്ചു.

## എല്ലാവർക്കും വൈദ്യുതി

**100%** ശുദ്ധമായ ഊർജ്ജത്തിന്റെ ഉപയോഗം ലക്ഷ്യമിട്ട്, 12.60 ലക്ഷത്തിലധികം അർഹരായ ആളുകൾക്ക് പ്രധാനമന്ത്രി ഉജ്വല യോജനയുടെ പ്രയോജനം ലഭിച്ചു.



- അടുത്ത 3 വർഷത്തിൽ ഊർജ്ജോൽപ്പാദനം ഇരട്ടിയാക്കാനും 7 വർഷത്തിൽ 3 ഇരട്ടിയാക്കാനുമാണ് ലക്ഷ്യം.സ്വാതന്ത്ര്യത്തിന് ശേഷമുള്ള 70 വർഷങ്ങളിൽ 3500 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉൽപ്പാദിപ്പിച്ചിരുന്നത്.2025ഓടെ 3000 മെഗാവാട്ട് കൂടി കൂട്ടിച്ചേർക്കും.
- 3000 മെഗാവാട്ട് പദ്ധതി 23000 കോടി രൂപ ചിലവിൽ പുനരുജ്ജീവിപ്പിച്ചു.4674 മെഗാവാട്ട് ഉൽപ്പാദനത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചു.35000 കോടിയാണ് ഇതിന്റെ ചിലവ്.
- ട്രാൻസ്മിഷൻ ശേഷി വർദ്ധിപ്പിക്കാനായി 400 കോടി നീക്കിവച്ചു.
- സൗഭാഗ്യ യോജനയ്ക്ക് കീഴിൽ ജമ്മുകശ്മീരിൽ 100 ശതമാനം വൈദ്യുതീകരണം നടപ്പാക്കി. ലക്ഷ്യമിട്ടതിലും മുമ്പായി പദ്ധതി പൂർത്തീകരിച്ചു.
- നിയന്ത്രണരേഖയ്ക്ക് സമീപമുള്ള കേരൻ ഗ്രാമത്തെയും ഈ വർഷം ഗ്രിഡുമായി ബന്ധിപ്പിച്ചു.നേരത്തെ ഡീസൽ ജനറേറ്ററുകളിൽ നിന്നും 3 മണിക്കൂർ മാത്രമാണ് ഗ്രാമവാസികൾക്ക് വൈദ്യുതി ലഭിച്ചിരുന്നത്.
- ഉജാല പദ്ധതിയ്ക്ക് 84.86 ലക്ഷം ഗുണഭോക്താക്കൾ.




- സാമൂഹ്യസുരക്ഷ പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കളുടെ എണ്ണം 9 ലക്ഷമായി വർദ്ധിച്ചു.അതായത് 59 ശതമാനം.എല്ലാവർക്കും 1000 രൂപ പെൻഷൻ ഉറപ്പ്.
- പ്രി-മെട്രിക്,പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകളിൽ 300-400 ശതമാനം വർദ്ധന.
- 55 പദ്ധതികൾക്ക് 100 ശതമാനം കവറേജ്.
- ഇ-തൊഴിൽ പോർട്ടൽ,തൊഴിൽ പരിഷ്ക്കാരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട 4 കോഡുകൾ ഈ വർഷം ജൂലായ് മാസം മുതൽ നടപ്പിലാക്കി.

### ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നു.

- പ്രധാനമന്ത്രി ജൻ ധൻ യോജന,സുരക്ഷ ഭീമ യോജന,ജീവൻ ജ്യോതി ഭീമാ യോജന എന്നിവയിലൂടെ സാമ്പത്തിക ഉൾപ്പെടുത്തൽ.
- 7 ലക്ഷം കിസാൻ ക്രഡിറ്റ് അക്കൗണ്ടുകളിൽ 6000 കോടിയിലധികം നിക്ഷേപം.
- കന്നുകാലി വളർത്തൽ,മത്സ്യബന്ധനം എന്നിവയിൽ ഏർപ്പെട്ടിരിയ്ക്കുന്ന 87000ത്തിലധികം കർഷകരുടെ ബാങ്ക്അക്കൗണ്ടുകളിൽ 514 കോടി നിക്ഷേപം.
- പിഎം സുരക്ഷ ഭീമാ യോജനയിൽ 9.26 ലക്ഷം ആളുകൾ രജിസ്റ്റർ ചെയ്തു.ഇതിൽ 1.69 ലക്ഷം ആളുകളും രജിസ്റ്റർ ചെയ്തത് 2020-21ൽ.
- പിഎം ജീവൻ ജ്യോതി ഇൻഷൂറൻസ് പരിരക്ഷയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത് 4 ലക്ഷത്തോളം ജനങ്ങൾ.ഇതിൽ 50000 പേർ രജിസ്റ്റർ ചെയ്തത് 2020-21ൽ.ജൻ ധൻ യോജനയിൽ 25 ലക്ഷത്തിലധികം അക്കൗണ്ടുകൾ തുറന്നു.3 ലക്ഷത്തിലധികം അക്കൗണ്ടുകൾ തുറന്നത് കഴിഞ്ഞ വർഷം.

**ആദ്യമായി സംവരണത്തിന്റെ ഗുണഫലം വ്യാപിപ്പിച്ചു.ഇപ്പോൾ സർക്കാരിന്റെ സാമൂഹ്യ സുരക്ഷ പദ്ധതികളുടെ ഗുണഫലം തദ്ദേശവാസികൾക്ക് ലഭിയ്ക്കുന്നു.**

ഗുജ്ജർ ബകർവാലാസ്,പട്ടികവർഗ വിഭാഗങ്ങൾ,വനവാസികൾ എന്നിവർക്ക് കാട് ഉപയോഗിക്കാനുള്ള നിയമപരമായ അനുമതി ലഭിച്ചു.ദശാബ്ദങ്ങളായി ജമ്മുകശ്മീരിൽ താമസിക്കുന്നവർക്ക് സ്ഥിരതാമസ സർട്ടിഫിക്കറ്റ് നൽകി.മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയ് മുന്നോട്ടുവച്ച 'ഇൻസാനിയത്ത്,ജംഹൂറിയത്ത്,കശ്മീരിയത്ത്' എന്ന തത്വമാണ്

# മിഷൻ യുവ



- യുവജനങ്ങൾക്ക് ഉപജീവനം, വിദ്യാഭ്യാസം, നൈപുണ്യ വികസനം.സാമ്പത്തിക സഹായം എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.പദ്ധതിയ്ക്ക് കീഴിൽ 4500 യുവജന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.
- യുവജനങ്ങൾക്കായുള്ള 8 പദ്ധതികൾ ഈ വർഷം പ്രഖ്യാപിയ്ക്കും.യൂത്ത് ഡാറ്റാബാങ്കിന് കീഴിൽ നൈപുണ്യ രജിസ്ട്രേഷനുള്ള പോർട്ടൽ.ഗതാഗത മേഖലയിൽ ഉപജീവനം തേടാൻ യുവജനങ്ങളെ പ്രാപ്തരാക്കുന്ന 'മുംമ്കിൻ' പദ്ധതിയിൽ 250 പേരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.'തേജസ്വിനി' പദ്ധതിയിക്ക് കീഴിൽ 200 സ്ത്രീകൾക്ക് അവസരം.കോച്ചിംഗ് ആഗ്രഹിക്കുന്നവർക്കായി 'പർവാസ്'. എൽജി-75 പദ്ധതിയ്ക്ക് കീഴിൽ 75 പെൺകുട്ടികൾക്ക് ലെഫ്റ്റനന്റ് ഗവർണ്ണറുടെ സ്കോളർഷിപ്പ്.സർവ്വകലാശാലകളുമായി സഹകരിച്ച് പുരസ്കാരത്തിനായി 15 പദ്ധതികൾ കണ്ടെത്തി.
- ഭാവിയിൽ വിവിധ കായികമൽസരങ്ങളിൽ പങ്കെടുക്കാനായി 6 ലക്ഷത്തിലധികം യുവജനങ്ങൾ പരിശീലനം നേടുന്നു.ഏകദേശം 134 കായിക പദ്ധതികൾ പുരോഗമിയ്ക്കുന്നുണ്ട്.ഹോക്കി ടർഫ്,അത്‌ലറ്റ് ട്രാക്ക്,ഇൻഡോർ സ്പോർട്സ് ഹാൾ തുടങ്ങിയവയുടെ നിർമ്മാണം ഖേലോ ഇന്ത്യ പദ്ധതിയ്ക്ക് കീഴിൽ പുരോഗമിയ്ക്കുന്നു.
- യുവജനങ്ങൾക്ക് തൊഴിൽ നൽകാനായി ഏറ്റവും വലിയ റിക്രൂട്ട്മെന്റ് നടപടി നടക്കുന്നു.ആദ്യഘട്ടത്തിൽ 19000 തസ്തികകളിലേയ്ക്കാണ് എസ്എസ്ബി വിജ്ഞാപനം ഇറക്കിയിട്ടുള്ളത്.രണ്ടാംഘട്ടത്തിലേക്ക് 15000 ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ട്.

## സദ്ഭരണത്തിനായി പരിഷ്ക്കാരങ്ങൾ



ഇ-ഓഫീസ് പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഭരണം പൂർണ്ണമായും പേപ്പർ രഹിതമാക്കാനായി ഒരു ക്യാംപയിൻ ആരംഭിച്ചിട്ടുണ്ട്.ജമ്മുകശ്മീരിന്റെ ചരിത്രത്തിലാദ്യമായി 150 വർഷങ്ങളായി നിലനിന്നുപോന്ന ദർബാർ മാറ്റം നടപടി അവസാനിപ്പിച്ചു.ശൈത്യകാലത്ത് തലസ്ഥാനം ജമ്മുവിലേയ്ക്കും വേനൽക്കാലത്ത് കശ്മീരിലേയ്ക്കും മാറ്റിയിരുന്നത് സർക്കാറിന് വലിയ ചിലവ് വരുന്ന പരിപാടിയായിരുന്നു.ഇ-ഫയലുകൾ,ഇ-ഓഫീസ് എന്നിവയിലൂടെ 400 കോടിരൂപയാണ് ലാഭിയ്ക്കാൻ കഴിയുക.ഗ്രാമങ്ങളിലെ പൊതുസ്ഥലങ്ങളിൽ വൈ-ഫൈ സംവിധാനം നൽകാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.പരാതിപരിഹാര സംവിധാനമായ ജെകെഐജിആർഎഎംഎസ്. കഴിഞ്ഞവർഷം സെപ്റ്റംബറിൽ ആരംഭിച്ച ഈ പദ്ധതിയിൽ ഇതുവരെ 85000 പരാതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.ഈ സംവിധാനം വഴിയുള്ള പരാതിപരിഹാരം 92 ശതമാനമാണ്.കഴിഞ്ഞ 8 മാസങ്ങളിൽ പരാതിപരിഹാര ശതമാനം 52ൽ നിന്നും 92ആയി ഉയർന്നു.

### ആപ്പിളുകളും വിനോദസഞ്ചാരവും



ആപ്പിളുകൾക്കായി വിപണിയിൽ ഇടപെടുന്നൊരു പദ്ധതി ആരംഭിച്ചിട്ടുണ്ട്.നേരിട്ടുള്ള നിക്ഷേപത്തിലൂടെയുള്ള പണം നൽകലും,കേന്ദ്രസർക്കാർ ഏജൻസിയുടെ സംഭരണവും ആപ്പിളിന് വിലസ്ഥിരത ഉറപ്പുവരുത്തി.വാങ്ങുന്ന ഏജൻസി തന്നെ ആപ്പിൾ കൊണ്ടുപോവുകയും ചെയ്യും.ഏകദേശം 8000 കോടിയാണ് കയറ്റുമതിയിൽ ആപ്പിളിന്റെ പങ്കാളിത്തം.30 ലക്ഷം ആളുകൾ ഇതുമായി നേരിട്ട് ബന്ധപ്പെട്ടിരിയ്ക്കുന്നു.ഭീകരവാദികളിൽ നിന്നുള്ള ഭീഷണി കാരണം ശക്തമായ സുരക്ഷ സംവിധാനം ഒരുക്കിയിട്ടുണ്ട്.കശ്മീരി കുങ്കുമത്തിന് ജി ഐ ടാഗ് നൽകി.

### സ്ത്രീകൾക്കായി പ്രത്യേക പദ്ധതികൾ



വനിതാ സംരംഭകർക്കായി 'ഹൗസ്‌ല' എന്നൊരു പദ്ധതി ജൂൺ 29ന് ആരംഭിച്ചു.പദ്ധതിയ്ക്ക് കീഴിൽ തിരഞ്ഞെടുക്കപ്പെടുന്ന വനിത സംരംഭകർക്ക് സാമ്പത്തിക സഹായം,ബാങ്ക് അക്കൗണ്ട്,പോളിസി ഇൻസെന്റീവുകൾ,മിഷൻ യൂത്തിന് കീഴിൽ സഹായം,ഇ-കൊമേഴ്സ് വേദികളുമായി ബന്ധം,പ്രദർശനങ്ങളിൽ സ്റ്റാളുകൾ എന്നിവ ലഭിയ്ക്കും.ദേശീയ ഉപജീവന മിഷന് കീഴിലുള്ള 46000 സ്വയംസഹായ സംഘങ്ങളിൽ 4 ലക്ഷം സ്ത്രീകൾ അംഗങ്ങളാണ്.900കോടിയിലധികം ഈ സംഘങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്.

### വിദ്യാഭ്യാസത്തിന് പ്രചോദനം

പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കാനായി നിയുക്ത സംഘത്തെ നിയോഗിച്ചു.മാർഗരേഖ ഉൾപ്പെടുന്ന റിപ്പോർട്ട് സംഘം ഈ മാസം സമർപ്പിക്കും.20,000 അധിക സീറ്റുകളുമായി 50 കോളേജുകൾ പ്രവർത്തനം ആരംഭിച്ചുവരുന്നു.വിദ്യാർത്ഥികൾക്കായി ആദ്യമായി ആരോഗ്യകാർഡ് പദ്ധതി നടപ്പിലാക്കി.ഇതുവരെ 12 ലക്ഷം കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.38000 അധ്യാപകരെ സ്ഥിരപ്പെടുത്തുകയും സുതാര്യമായ സ്ഥലംമാറ്റ സംവിധാനം നടപ്പിലാക്കുകയും ചെയ്തു.4000ത്തിലധികം സ്കൂളുകളിൽ സൗരോർജ്ജ സംവിധാനം കൊണ്ടുവരികയും 607 തൊഴിൽ ലാബുകൾ സ്ഥാപിയ്ക്കുകയും ചെയ്തു.1മുതൽ 5വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ദോഗ്രി,ഹിന്ദി,കശ്മീരി,ഉറുദു ഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്തി.8വർഷത്തിന് ശേഷം 1700 ലക്ചർമാർക്കും 15 വർഷത്തിന് ശേഷം 1200 പ്രധാനഅധ്യാപകർക്കും സ്ഥാനക്കയറ്റം നൽകി.

കേന്ദ്രസർക്കാറിനെ നയിക്കുന്നത്.

ലഡാക്കിനെ കാർബൺ മുക്ത കേന്ദ്രഭരണ പ്രദേശമാക്കാനുള്ള നടപടികൾ പുരോഗമിയ്ക്കുന്നു.

**ഭീകരവാദം ദുർബലമായി വികസനം വേഗത്തിലായി**

ജമ്മുകശ്മീരിനെയും ലഡാക്കിനെയും പൂർണ്ണ അർത്ഥത്തിൽ ഭാരതവുമായി കൂട്ടിച്ചേർത്തിരിയ്ക്കുന്നു. 2019 ആഗസ്റ്റ് 5ന് അനുച്ഛേദം 370 റദ്ദാക്കി ജമ്മുകശ്മീരിനെയും ലഡാക്കിനെയും രണ്ട് കേന്ദ്രഭരണപ്രദേശങ്ങളാക്കി മാറ്റിയ തീരുമാനത്തിന് പാർലമെന്റ് അംഗീകാരം നൽകി.മതപരമായ സ്വീകാര്യതയും സൂഫി പാരമ്പര്യവുമാണ് ജമ്മുകശ്



ജമ്മുകശ്മീരുമായി ബന്ധപ്പെട്ട സർവ്വകക്ഷി യോഗത്തിന് ശേഷം പ്രധാനമന്ത്രിയുടെ ഓഫീസിന്റെ ചുമതലയുള്ള സഹമന്ത്രി ജിതേന്ദ്ര സിങ് നടത്തിയ ഔദ്യോഗിക പ്രസ്താവനയ്ക്കായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക

## അതിർത്തി നിർണ്ണയത്തിലേയ്ക്കും തിരഞ്ഞെടുപ്പിലേയ്ക്കുമുള്ള ചുവടുകൾ

അതിർത്തി നിർണ്ണയത്തിനായുള്ള നടപടികൾ വേഗത്തിലാക്കിയിട്ടുണ്ട്.തിരഞ്ഞെടുക്കപ്പെട്ട സർക്കാർ അധികാരത്തിൽ വരണം.അത് ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയും വികസനത്തിന്റെ വേഗത വർദ്ധിപ്പിക്കുകയും ചെയ്യും.നിയമനിർമ്മാണ സഭകളിൽ എല്ലാ വിഭാഗങ്ങളുടെയും മേഖലകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തുകയാണ് അതിർത്തി നിർണ്ണയത്തിന്റെ പ്രധാന ലക്ഷ്യം.ഇതുമായി ബന്ധപ്പെട്ട് ജൂൺ 24ന് പ്രധാനമന്ത്രി നരേന്ദ്ര മോദി മേഖലയിലെ മുഴുവൻ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും സുപ്രധാന യോഗം വിളിച്ചുചേർത്തു.മേഖലയിൽ അടിത്തട്ടിൽ ജനാധിപത്യം ശക്തിപ്പെടുത്തുകയാണ് തന്റെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.ഇതിനായി യുവാക്കൾ മുന്നോട്ടുവരണമെന്നും മുൻകയ്യെടുക്കണമെന്നും രാഷ്ട്രീയപാർട്ടി നേതാക്കളോട് പ്രധാനമന്ത്രി പറഞ്ഞു.യോഗത്തിൽ പങ്കെടുത്ത ആഭ്യന്തരമന്ത്രി അമിത് ഷാ,മേഖലയിൽ സാഹചര്യത്തിലുണ്ടായ മാറ്റത്തെപ്പറ്റി നേതാക്കളോട് വിശദീകരിച്ചു.രാഷ്ട്രീയപാർട്ടി പ്രതിനിധികളെല്ലാം അവരുടെ അഭിപ്രായങ്ങൾ പങ്കുവച്ചു.2 കാര്യങ്ങളാണ് പ്രധാനമന്ത്രി എടുത്തുപറഞ്ഞത്.ജമ്മുകശ്മീരിൽ അടിത്തട്ടിൽ വരെ ജനാധിപത്യം എത്തിക്കുന്നതിനായി എല്ലാവരും ഒറ്റക്കെട്ടായി പ്രയത്നിക്കണം, അതിനായി ജനങ്ങളുടെ പങ്കാളിത്തത്തിനുള്ള അന്തരീക്ഷം സൃഷ്ടിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ വിജയകരമായി പൂർത്തിയാക്കുകയും,സുരക്ഷ സാഹചര്യങ്ങളിൽ അനുകൂലമായ മാറ്റമുണ്ടാവുകയും ചെയ്ത സാഹചര്യത്തിലാണ് കേന്ദ്രസർക്കാറിന്റെ പുതിയ നടപടി.തിരഞ്ഞെടുപ്പിന് ശേഷം 12000 കോടി രൂപ നേരിട്ട് പഞ്ചായത്തുകളിലെത്തി.ഇത് ഗ്രാമങ്ങളിലെ വികസനത്തിന്റെ വേഗത വർദ്ധിപ്പിച്ചു.

മീരിന്റെ പ്രധാന സവിശേഷത.

തോക്കുകളും,ബോംബും,ഭീകരവാദവും,വിഘടനവാദവും ദശാബ്ദങ്ങളോളം മേഖലയെ പിന്നാക്കം നടത്തി.എന്നാൽ കേന്ദ്രസർക്കാർ മേഖലയ്ക്കു മാത്രമായുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയപ്പോൾ ജമ്മുകശ്മീരിലും ലഡാക്കിലും വികസനം തിരിച്ചെത്തി.ഇപ്പോൾ മേഖലയിൽ കേന്ദ്രസർക്കാർ പദ്ധതികളുടെ വ്യാപനം 90 ശതമാനത്തിലും മുകളിലാണ്.ജമ്മുകശ്മീരിൽ കൊവിഡ് വാക്സിനേഷൻ 76 ശതമാനം പൂർത്തിയായി.3 ജില്ലകൾ പൂർണ്ണമായും വാക്സിൻ നൽകിക്കഴിഞ്ഞു.

# ഒരു രാജ്യം ഒരു സംവിധാനം

രാജ്യത്തെ യുവജനങ്ങൾ നല്ല നഗരങ്ങൾ മാത്രമല്ല,നല്ല ഗ്രാമങ്ങളും ആഗ്രഹിക്കുന്നുണ്ട്.ചിതറിക്കിടക്കുന്ന സൗകര്യങ്ങൾ കേന്ദ്രീകരിയ്ക്കുന്ന ഒന്നാണ് കേന്ദ്രീകൃത സംവിധാനം.മറ്റൊരു ഭാഷയിൽ പറഞ്ഞാൽ,ഒരു രാജ്യം,ഒരു സംവിധാനം!ജനങ്ങളുടെ ജീവിതം സുരക്ഷിതവും സൗകര്യപ്രദവുമാക്കാനായി കഴിഞ്ഞ 7 വർഷങ്ങളിൽ ഈ ദിശയിൽ നിരവധി നടപടികൾ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുണ്ട്.




- **ഒരു രാജ്യം,ഒരു മൊബിലിറ്റി കാർഡ്**
  പൊതു യാത്രാകാർഡ്,ഒരു കാർഡ് ഉപയോഗിച്ച് മെട്രോ,ബസ്,ടാക്സി,മോണോറെയിൽ തുടങ്ങി ഗതാഗതത്തിനായുള്ള മുഴുവൻ സംവിധാനങ്ങളിലും രാജ്യത്തെവിടെയും യാത്ര ചെയ്യാനുള്ള സൗകര്യം.

- **ഒരു രാജ്യം,ഒരു കാർഷിക വിപണി**
  പുതിയ കാർഷിക പരിഷ്ക്കാരങ്ങളിലൂടെയും ഇ-നാം സംവിധാനത്തിലൂടെയും ഒരു രാജ്യം,ഒരു കാർഷിക വിപണി എന്ന സംവിധാനത്തിലേയ്ക്ക് മാറുകയാണ് രാജ്യം

- **ഒരു രാജ്യം,ഒരു റേഷൻ കാർഡ്**
  കുടിയേറ്റം നടത്തുന്ന ഗുണഭോക്താക്കൾക്ക് ദേശീയ ഭക്ഷ്യ സുരക്ഷ നിയമപ്രകാരമുള്ള സബ്സിഡി ഭക്ഷ്യധാന്യം രാജ്യത്തെ ഏത് പൊതുവിതരണ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നു.

**ഒരു രാജ്യം,ഒരു ഭരണഘടന എന്ന് മുഴുവൻ ഭാരതീയർക്കും ഇപ്പോൾ പറയാൻ കഴിയും.സർദാർ പട്ടേൽ സാഹിബിന്റെ ഏക ഭാരതം,ശ്രേഷ്ഠ ഭാരതം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിലുള്ള പരിശ്രമത്തിലാണ് നാം.രാജ്യത്തിന്റെ ഐക്യം ശക്തിപ്പെടുത്തുന്ന സംവിധാനമാണ് നാം വികസിപ്പിക്കേണ്ടത്.ഈ പ്രവൃത്തി തുടർന്നു കൊണ്ടേ ഇരിയ്ക്കണം**

**നരേന്ദ്ര മോദി, പ്രധാനമന്ത്രി**

- **ഒരു രാജ്യം,ഒരു ഊർജ്ജ ഗ്രിഡ്**
  രാജ്യത്ത് എവിടെയും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി രാജ്യത്തിനകത്ത് എവിടെ വേണമെങ്കിലും ഉപയോഗിക്കാം.



- **ഒരു രാജ്യം,ഒരു ഗ്യാസ് ഗ്രിഡ്**
  പ്രാദേശിക ഗ്രിഡുകളെ ഏകോപിപ്പിച്ച് ദേശീയ ഗ്രിഡ് രൂപീകരിച്ചു.ഇതുവഴി രാജ്യം മുഴുവനും തടസ്സമില്ലാതെ ഗ്യാസ് കണക്റ്റിവിറ്റി ഉറപ്പാക്കുന്നു

- **ഒരു രാജ്യം,ഒരു ആരോഗ്യ പരിരക്ഷ**
  50 കോടി ജനങ്ങൾക്ക് രാജ്യത്തെവിടെയും 5 ലക്ഷത്തിന്റെ സൗജന്യ ചികിത്സ

- **ഒരു രാജ്യം,ഒരു ഫാസ്ടാഗ്**
  ഡിജിറ്റൽ മാർഗത്തിലുള്ള ടോൾ പിരിവ് ഏകോപിപ്പിക്കാനുള്ള പദ്ധതി.രാജ്യത്താകമാനം തടസ്സമില്ലാതെ വാഹന നീക്കം സാധ്യമാക്കുന്നു

- **ഒരു രാജ്യം,ഒരു നികുതി**
  ഒരു രാജ്യം ഒരു നികുതി എന്ന സ്വപ്നം ചരക്ക് സേവന നികുതിയിലൂടെ യാഥാർത്ഥ്യമാക്കി

- **ഒരു രാജ്യം,ഒരു പരീക്ഷ**
  ഭൂരിപക്ഷം കേന്ദ്രസർക്കാർ ജോലികൾക്കുമായി പൊതുപരീക്ഷ.നാഷണൽ റിക്രൂട്ട്മെന്റ് ഏജൻസിയാണ് പരീക്ഷ നടത്തുന്നത്

370-ാം അനുഛേദം ചരിത്രപരമായ മണ്ടത്തരമാണെന്നും 2019 ആഗസ്റ്റ് 5ന് അത് തിരുത്തിയെന്നുമുള്ള ആഭ്യന്തരമന്ത്രി അമിത് ഷാ യുടെ പാർലമെന്റിലെ പ്രസംഗം ശരിവയ്ക്കുന്നതാണ് കേന്ദ്രഭരണ പ്രദേശമായി മാറിയ ശേഷം ജമ്മുകശ്മീരിലും ലഡാക്കിലും നടക്കുന്ന വികസന പ്രവർത്തനങ്ങൾ. ജമ്മുകശ്മീരും ലഡാക്കും നല്ലനാളെയുടെ പുതിയ പ്രഭാതങ്ങളെ വരവേൽക്കാൻ ഇപ്പോൾ തയ്യാ

## ഒരു മിഷൻ-ഒരു ദിശ
## സമഗ്ര വികസനത്തിലേയ്ക്ക് മുന്നേറ്റം

# നവ ഭാരതം

**രാജ്യത്തെ പുതിയ ഉയരങ്ങളിലേയ്ക്കെത്തിക്കാനും ദേശീയത പ്രചോദനമാക്കി രാജ്യത്തെ പുരോഗതിയുടെ പാതയിൽ സ്ഥിരമായി നിലനിർത്താനും,അന്ത്യോദയ തത്വമാക്കി,സദ്ഭരണം മന്ത്രമാക്കി ആദ്യമായി ഏതെങ്കിലും കേന്ദ്രസർക്കാർ സമഗ്രവും ഉൾക്കൊണ്ടുള്ളതുമായ വികസനത്തിന് ആത്മാർത്ഥമായ പരിശ്രമം നടത്തിയിട്ടുണ്ടോ. 2022ൽ രാജ്യം സ്വാതന്ത്ര്യദിനത്തിന്റെ 75–ാം വാർഷികം ആഘോഷിക്കുന്നതിന് മുന്നോടിയായി രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീര ദേശാഭിമാനികളായ സ്വാതന്ത്ര്യസമര പോരാളികളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി 75–ാം വർഷത്തിലെ 75 ലക്ഷ്യങ്ങൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇവ പൂർത്തീകരിയ്ക്കാനുള്ള കഠിന പ്രയത്നത്തിലാണ് സർക്കാർ. ഇത് വികസനത്തിന് ശക്തമായ അടിത്തറ സൃഷ്ടിക്കും. സ്വാതന്ത്ര്യദിനത്തിന്റെ 100–ാം വാർഷികം ആഘോഷിക്കുമ്പോൾ നാം വികസിതരാജ്യമായി മാറും.**

വികസനത്തിൽ സമഗ്രമായൊരു സമീപനം ഏതൊരു സർക്കാറിനും ആവശ്യമാണ്.ഉത്തരവാദിത്വം ഉറപ്പാക്കാനായി ഏതെങ്കിലും സർക്കാർ കാലാവധി പകുതിയിലെത്തി നിൽക്കെ അതിന്റെ റിപ്പോർട്ട് കാർഡ് ഇറക്കുമോ.സ്വാതന്ത്ര്യത്തിന് ശേഷം അങ്ങനെ സംഭവിച്ചിട്ടുണ്ടോ.2047ൽ രാജ്യം സ്വാതന്ത്ര്യദിനത്തിന്റെ 100-ാം വാർഷികം ആഘോഷിയ്ക്കുമ്പോൾ,വികസിത രാജ്യമെന്ന സവിശേഷതയിലേക്ക് രാജ്യത്തെ മാറ്റുന്നതിനായി സർക്കാർ മുന്നോട്ട് വയ്ക്കുന്ന പ്രധാന കാര്യങ്ങൾ ഇവയാണ്,രാജ്യത്തെ സമൃദ്ധമാക്കുക,സാധാരണക്കാരെ ശക്തരാക്കുക,പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുക,ജനാധിപത്യ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുക.പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വാക്കുകളിൽ,"സ്വതന്ത്രഭാരതത്തിൽ ആദ്യമായി പ്രകടനത്തിന്റെ ഇടക്കാല റിപ്പോട്ട് നൽകാനുള്ള ധൈര്യം നാം കാണിച്ചു. 2022ൽ നാം സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികം ആഘോഷിയ്ക്കും.75-ാം വാർഷികം ആഘോഷിക്കുന്നതിന് മുന്നോടിയായി രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീര ദേശാഭിമാനികളായ സ്വാതന്ത്ര്യ സമര പോരാളികളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിലാണ് സർക്കാർ.ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി 75-ാം വർഷത്തിലെ 75 ലക്ഷ്യങ്ങൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.ഈ 75 നടപടികളും നടപ്പിലാക്കും.നവഭാരതം നിർമ്മിയ്ക്കാനായി നിരവധി നടപടികളാണ് സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നത്.ഈ ലക്ഷ്യത്തിന്റെ ഭാഗമായി സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തിൽ 75 തീരുമാനങ്ങൾ സർക്കാർ നടപ്പിൽ വരുത്തും.അതേസമയം,ജല ജീവൻ മിഷൻ പോലെയുള്ള ചില പദ്ധതികളുണ്ട്,അത് 2024ൽ പൂർത്തീകരിയ്ക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിയ്ക്കുന്നത്.ഈ സ്വാന്ത്ര്യ ദിനത്തിൽ സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തിലേയ്ക്ക് ഭാരതം കാലെടുത്തുവയ്ക്കുമ്പൾ നേടാനുള്ള ലക്ഷ്യങ്ങൾ എന്തൊക്കെ ആണെന്ന് നോക്കാം.



# കർഷകർക്ക് പുതിയ പ്രഭാതം

## 2022ൽ കർഷകരുടെ വരുമാനം ഇരട്ടിയാകും

**കാർഷിക മേഖലയിലെ സ്വയംപര്യാപ്തത ആത്മനിർഭര ഭാരതമെന്ന രാജ്യത്തിന്റെ അഭിലാഷത്തെ യാഥാർത്ഥ്യമാക്കും. കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. താങ്ങുവില ഉൽപ്പാദനചിലവിന്റെ ഒന്നര ഇരട്ടിയായി വർദ്ധിപ്പിച്ചു. അതുവഴി 2022ഓടെ കർഷകരുടെ വരുമാനം ഇരട്ടിയാകും. വ്യവസായ മേഖലയ്ക്ക് ലഭിച്ചിരുന്ന പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളുമെല്ലാം ഇപ്പോൾ കാർഷിക മേഖലയ്ക്കും ലഭിയ്ക്കുന്നുണ്ട്. ഇടനിലക്കാരുടെ പിടിയിൽ നിന്നും കർഷകരെ മോചിപ്പിക്കാനും,ഇഷ്ടമുള്ള സ്ഥലത്ത് ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള അവസരം കർഷകർക്ക് ലഭിക്കാനുമുള്ള നടപടികൾ സർക്കാർ എടുത്തിട്ടുണ്ട്.**

### തീരുമാനം 01

**കർഷകർക്കായുള്ള താങ്ങുവില വർദ്ധിപ്പിച്ചു.ഇത് സംഭരണം വർദ്ധിപ്പിക്കാൻ സർക്കാരിനെ സഹായിച്ചു**

**പുരോഗതി!** താങ്ങുവില ഒന്നര ഇരട്ടിയാണ് വർദ്ധിച്ചത്.മുൻകാലങ്ങളിലേതുപോലെ മിനിമം സപ്പോർട്ട് തുടരും.കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ ലക്ഷ്യമിട്ട മോദി സർക്കാർ ഉൽപ്പാദനചിലവിന്റെ ഒന്നര മടങ്ങായി താങ്ങുവില വർദ്ധിപ്പിച്ചു

### തീരുമാനം 03

**60 വയസ്സിന് ശേഷം കർഷകർക്ക് സാമൂഹിക സുരക്ഷയും ചെറുകിട കർഷകർക്ക് പെൻഷനും**

**പുരോഗതി!** പ്രധാനമന്ത്രി കിസാൻ മാൻധൻ യോജന വഴി 60 വയസ്സ് പൂർത്തിയായ കർഷകർക്ക് 3000 രൂപ പ്രതിമാസ പെൻഷൻ.കർഷകരുടെയും സർക്കാരിന്റെയും തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി.

### തീരുമാനം 02

**10000 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ തുടങ്ങാൻ സഹായം**

**പുരോഗതി!** രാജ്യത്തെ കർഷകരിൽ 86 ശതമാനവും ചെറുകിടക്കാരും ഇടത്തരക്കാരുമാണ്.കൈവശം 1.1 ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ളവർ.ഭൂമിയില്ലാത്തവർ,ചെറുകിടക്കാർ,ഇടത്തരക്കാർ ആയ കർഷകർക്ക് സർക്കാർ 6865 കോടിയുടെ സഹായം നൽകി.കൂടാതെ 10000 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ രൂപീകരിയ്ക്കാനും സഹായം.ഒരു ജില്ല-ഒരു ക്ലസ്റ്റർ പദ്ധതിയ്ക്ക് കീഴിൽ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്ക് പ്രോത്സാഹനം.

### തീരുമാനം 04

**കിസാൻ സമ്മാൻ നിധിയിലൂടെ മുഴുവൻ കർഷകർക്കും സാമ്പത്തിക സഹായം**

**പുരോഗതി!** വർഷത്തിൽ 3 തവണയായി 2000 രൂപ വീതം നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ലഭിയ്ക്കുന്ന ***സമ്മാൻ നിധി*** പദ്ധതി കർഷകർക്ക് അനുഗ്രഹമാണ്.2018 ഡിസംബർ 1ന് പദ്ധതി ആരംഭിച്ച ശേഷം 1 ലക്ഷത്തി മുപ്പത്തി അയ്യായിരം കോടി രൂപ 11 കോടി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്.



## തീരുമാനം 05 ഇ-നാം,ഗ്രാമീണ കാർഷിക മാർക്കറ്റുകൾ എന്നിവയിലൂടെ വിപുലമായ വിപണി

പുരോഗതി

**1.13 ലക്ഷം കോടിയിലധികം**
ഇടപാടുകൾ നടന്നു

**1.73 കോടിയിലധികം**
കർഷകരും,കച്ചവടക്കാരും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഒരു രാജ്യം,ഒരു വിപണി യ്ക്കായി പാർലമെന്റ് നിയമം പാസ്സാക്കിയിട്ടുണ്ട്.1000ത്തിലധികം എപിഎംസി മാർക്കറ്റുകളിൽ ഇത് നടപ്പാക്കിക്കഴിഞ്ഞു**

## തീരുമാനം 06

**വിളയുടെ ജലസേചന പ്രദേശം വർദ്ധിപ്പിക്കുന്നതിനായി**

പുരോഗതി

സോയിൽ ഹെൽത്ത് കാർഡ്,ജലസേചന സൗകര്യത്തിന്റെ വ്യാപനം,വിള ഇൻഷൂറൻസ് എന്നിവ വഴി വേനൽക്കാല വിളകൾ 73.76 ലക്ഷം ഹെക്ടറായി (2021 ഏപ്രിൽ 23വരെ) വർദ്ധിപ്പിക്കാൻ കഴിഞ്ഞു.കഴിഞ്ഞ വർഷം ഇത് 60.67 ലക്ഷം ഹെക്ടറായിരുന്നു. ധാന്യങ്ങൾ 6.45 ലക്ഷം ഹെക്ടറിൽ നിന്നും 12.75 ലക്ഷം ഹെക്ടറായി വർദ്ധിച്ചു.100 ശതമാനം വളർച്ച.എണ്ണക്കുരു കൃഷി 9.03 ലക്ഷം ഹെക്ടറിൽ നിന്നും 10.45 ലക്ഷം ഹെക്ടറായി

**നെൽകൃഷി 39.10 ഹെക്ടറായി വർദ്ധിച്ചു.16 ശതമാനത്തിന്റെ വർദ്ധന**

## തീരുമാനം 07 പ്രധാനമന്ത്രി കൃഷി സിൻചെയ് യോജനയ്ക്കു കീഴിലെ മുഴുവൻ ജലസേചന പദ്ധതികളും പൂർത്തിയാക്കി

പുരോഗതി

2015-16 മുതൽ ഓരോ തുള്ളിയിൽ കൂടുതൽ വിള എന്ന പെർ ഡ്രോപ് മോർ ക്രോപ് കേന്ദ്ര പദ്ധതി രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും നടപ്പിലാക്കി.കൃഷിസ്ഥലങ്ങളിൽ ജലഉപയോഗം കൂടുതൽ ഫലപ്രദമാക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.മൈക്രോ ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി നബാർഡിന് കീഴിൽ മൈക്രോ ഇറിഗേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.തുടക്കത്തിലുണ്ടായിരുന്ന 5000 കോടി പുതിയ ബജറ്റിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.പദ്ധതി പ്രകാരം ആന്ധ്രാ പ്രദേശ്,ഗുജറാത്ത്,ജമിഴ്നാട്,ബരിയാന,പശ്ചിമബംഗാൾ,പഞ്ചാബ്,ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിൽ 3970.17 കോടിയുടെ പദ്ധതികൾ അനുവദിച്ചു.ഇതുവഴി 12.83 ലക്ഷം ഹെക്ടർ ഭൂമി കൂടി മൈക്രോ ഇറിഗേഷന്റെ പരിധിയിൽ വരും.

## തീരുമാനം 08 കുറഞ്ഞ പലിശ നിരക്കിൽ എളുപ്പത്തിൽ വായ്പ

പുരോഗതി

2020-22ൽ 16.50 ലക്ഷ്യം കോടി രൂപയാണ് ഗ്രൗണ്ട് ലെവൽ ക്രഡിറ്റായി ലക്ഷ്യമിട്ടിരിയ്ക്കുന്നത്.എല്ലാ കർഷകരെയും ഇൻസ്റ്റിസ്റ്റ്യൂഷണൽ ക്രഡിറ്റുമായി ബന്ധിപ്പിക്കാൻ ലക്ഷ്യമിട്ടാണിത്.2019-20ൽ ലക്ഷ്യം 13.50 ലക്ഷ്യം കോടിയായി ഉയർത്തി.കർഷകരെ കിസാൻ ക്രഡിറ്റ് കാർഡിന് കീഴിൽ കൊണ്ടുവരുന്നതിനായി കഴിഞ്ഞ വർഷം ഫെബ്രുവരി മുതൽ പ്രത്യേക ക്യാപയിൻ ആരംഭിച്ചു.നബാർഡിൽ നിന്നും പൊതുമേഖല ബാങ്കുകളിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം,2021,ജനുവരി 29 വരെ 187.03 ലക്ഷം കിസാൻ ക്രഡിറ്റ്കാർഡുകൾ അനുവദിച്ചിട്ടുണ്ട്.

നേരത്തെ വിത്ത് വാങ്ങാനും മറ്റ് കൃഷി ആവശ്യങ്ങൾക്കുമായി ഞാൻ പണം വായ്പയെടുക്കണമായിരുന്നു.ഇപ്പോൾ കാര്യങ്ങൾ മാറി.പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി ഉള്ളതുകൊണ്ട് ഇപ്പോൾ വായ്പ എടുക്കേണ്ട കാര്യമില്ല.കർഷക ക്ഷേമത്തിനായി ഇങ്ങനെയൊരു നടപടിയെടുത്ത പ്രധാനമന്ത്രിയ്ക്ക് അഭിനന്ദനങ്ങൾ.

**നരേഷ്, ജമ്മു റീസി സ്വദേശി**

## കാർഷിക കയറ്റുമതി

2022ൽ 60 ബില്യൺ അമേരിക്കൻ ഡോളറിലേക്കെത്തും

**40 ബില്യൺ**
അമേരിക്കൻ ഡോളർ

## കാർഷിക യന്ത്രവൽക്കരണം

യന്ത്രവൽക്കൃത കൃഷിയിൽ കുടിയേറ്റ തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകാനുള്ള പ്രത്യേക ക്യാംപയിൻ.

## തീരുമാനം 09

### കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടു

**പുരോഗതി** 1 ലക്ഷം കൃഷി ഇൻഫ്ര ഫണ്ട്.വ്യാവസായിക മേഖല പോലെ കാർഷിക മേഖലയും വികസിപ്പാൻ ഉദ്ദേശിച്ചാണിത്.കൃഷിസ്ഥലങ്ങൾക്ക് സമീപത്തായി കോൾഡ് സ്റ്റോറേജ് സംവിധാനം ഒരുക്കുന്നതുൾപ്പെടെയുള്ള നപടികൾ സ്വീകരിയ്ക്കും.ഏത് സീസണിലും തടസ്സമില്ലാതെ സഞ്ചരിയ്ക്കാനുള്ള സൗകര്യം പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന ഒരുക്കിയിട്ടുണ്ട്.ഇതിന്റെ മൂന്നാം ഘട്ടം ആരംഭിച്ചു.1 ലക്ഷത്തി 25000 കിലോമീറ്റർ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി 80000 കോടി രൂപ അനുവദിച്ചിട്ടുണ്ട്.



## തീരുമാനം 10

### കാർഷിക അനുബന്ധ മേഖലകളിലൂടെ വരുമാനം ഇരട്ടിയാക്കാനായി മധുര വിപ്ലവത്തിന് പ്രചോദനം

**പുരോഗതി** ആത്മനിർഭര ഭാരത അഭിയാന് കീഴിൽ 2020 ജൂണിൽ ദേശീയ ബീ-ഹണി മിഷൻ ആരംഭിച്ചു.

2020-23 വർഷത്തിൽ **500 കോടി** മേഖലയ്ക്കായി അനുവദിച്ചു

രാജ്യത്ത് തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി അടുത്ത മൂന്ന് വർഷത്തേക്ക് 500 കോടി രൂപ അനുവദിച്ചു.മില്യൺ കണക്കിന് തേനീച്ച കൂടുകൾ രാജ്യത്ത് ലഭ്യമാക്കി.കാർഷിക അനുബന്ധ മേഖലകളിലുള്ളവരുടെ വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് 100ലധികം കിസാൻ റെയിലുകൾ ആരംഭിച്ചു.

## തീരുമാനം 11 ഓർഗാനിക് ഫാർമിംഗ്



പുരോഗതി

പദ്ധതിയ്ക്ക് കീഴിൽ 6 ലക്ഷം ഹെക്ടറിൽ ഓർഗാനിക് കൃഷി വ്യാപിപ്പിച്ചു.ഭാവിയിൽ ഇത് 25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കും.

## തീരുമാനം 12

### ഭൂമിരേഖകളുടെ ഡിജിറ്റൈസേഷൻ

പുരോഗതി

കാർഷിക മേഖലയിൽ ഡിജിറ്റൈസേഷന്റെ പ്രാധാന്യം മനസിലാക്കി ഫെഡറൽ കർഷക ഡാറ്റാബേസ് രൂപീകരിയ്ക്കാനുള്ള നടപടികൾ പുരോഗമിയ്ക്കുന്നു.ഈ ഡാറ്റാബേസ് രാജ്യത്തെ മുഴുവൻ കർഷകരുടെയും ഭൂമി രേഖകളുമായി ബന്ധപ്പെടുത്തും.ഒരു ഏകീകൃത തിരിച്ചറിയൽ നമ്പറും സൃഷ്ടിയ്ക്കും.ഇതുവരെ 5 കോടി കർഷകരുടെ ഡാറ്റാബേസ് പൂർത്തിയായിട്ടുണ്ട്.ഗ്രാമങ്ങളിൽ വാസയോഗ്യമായ ഭൂമിയുടെ രേഖകൾ ഡിജിറ്റൈസ് ചെയ്യാനായി ആരംഭിച്ച പദ്ധതിയാണ് പ്രധാനമന്ത്രി സ്വമിത്വ യോജന

## തീരുമാനം 14 ആധുനിക ഗതാഗത സംവിധാനങ്ങൾ,മറ്റുമേഖലകളിലെ പരിഷ്ക്കാരങ്ങൾ എന്നിവയുമായി കൃഷിയെ സംയോജിപ്പിക്കുക

### കിസാൻ റെയിൽ

പുരോഗതി

വേഗത്തിൽ നാശം സംഭവിയ്ക്കുന്ന പാൽ,പഴങ്ങൾ,പച്ചക്കറികൾ എന്നിവയെ എളുപ്പത്തിലും വേഗത്തിലും ശീതീകരണ സംവിധാനങ്ങളിലേയ്ക്കെത്തിക്കുന്നതിൽ കിസാൻ റെയിൽ പ്രധാന പങ്കുവഹിയ്ക്കുന്നു.ഉൽപ്പന്നങ്ങൾക്ക് ശരിയായ വില ലഭിയ്ക്കാൻ ഇത് കർഷകരെ സഹായിക്കുന്നു.

### കാർഷിക മേഖലയിൽ സ്റ്റാർട്ടപ്പുകൾ

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ നൽകാനുമായി സർക്കാർ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നു.കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും 346 സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി നപടികൾ എടുത്തുവരുന്നു.



## തീരുമാനം 15

### ശീതീകരണ ശൃംഖലകൾ ശക്തിപ്പെടുത്തുക വഴി കർഷകർക്ക് നിരവധി സൗകര്യങ്ങൾ.മത്സ്യ സമ്പദ് യോജനയ്ക്ക് കീഴിൽ മറ്റു സഹായങ്ങൾ

പുരോഗതി

ദേശീയ മൃഗ രോഗ നിയന്ത്രണ പദ്ധതി-50 കോടിയിലധികം മൃഗങ്ങൾക്ക് കാലിലും വായിലും ഉണ്ടാകുന്ന രോഗങ്ങൾക്കെതിരെയും ബ്രുസെല്ലോസിസ് രോഗത്തിനെതിരെയും സൗജന്യവാക്സിൻ കുത്തിവയ്പ്പ്.കന്നുകാലി വളർത്തലിനുള്ള അടിസ്ഥാനസൗകര്യ വികസനത്തിനായി 15000 കോടി രൂപ.

## തീരുമാനം 13 ഹോർട്ടികൾച്ചറിൽ പുതിയ സാങ്കേതികവിദ്യയ്ക്കൊപ്പം പരമ്പരാഗത കൃഷിയ്ക്കും പ്രാധാന്യം നൽകണം.അതുവഴി പുതിയ സൗകര്യങ്ങൾ ആരംഭിയ്ക്കാം

പുരോഗതി



### ഉദ്യാനകൃഷി

കഴിഞ്ഞ കുറച്ചുവർഷങ്ങളായി 10,508 രൂപ ഹോർട്ടികൾച്ചർ മേഖലയിൽ നിക്ഷേപിച്ചു.8.83 ലക്ഷം കർഷകർക്ക് സാങ്കേതിക പരിശീലനം നൽകി.



### പരമ്പരാഗത കൃഷി

15 ലക്ഷം ചെറുകിട കർഷകർ ലളിതവും താങ്ങാവുന്നതുമായ പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം സർട്ടിഫിക്കേഷൻ സ്വീകരിച്ചു

### രാഷ്ട്രീയ ഗോകുൽ മിഷൻ

20 ഗോകുൽ ഗ്രാമങ്ങൾ സ്ഥാപിച്ചു. 41 ബുൾ മദർ ഫാമുകൾ ആധുനികവൽക്കരിച്ചു.



# യുവത്വത്തിന്റെ അഭിലാഷങ്ങളെ തിരിച്ചറിയുന്നു

ഭാരതത്തിന്റെ ഏറ്റവും വലിയ സമ്പത്ത് ഇവിടെയുള്ള യുവജനതയാണ്.ജനസംഖ്യയുടെ 65 ശതമാനവും 35 വയസ്സിൽ താഴെയുള്ളവരാണ്.50 ശതമാനം 27 വയസ്സിൽ താഴെയുള്ളവരും.രാജ്യത്തെ മറ്റിമറിയ്ക്കാനുള്ള കഴിവും അഭിലാഷവും ഉള്ളവരാണ് യുവജനത.രാജ്യത്തിന്റെ അഭിമാനം ഉയർത്താൻ കഴിവുള്ള യുവത്വം എപ്പോഴും സർക്കാർ പദ്ധതികളുടെ പ്രധാന ഭാഗമാണ്.വിദ്യാർത്ഥികളുടെ സ്വപ്നങ്ങൾക്ക് ചിറക് നൽകാനായി 34 വർഷത്തിന് ശേഷം പുതിയ ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ചു

## തീരുമാനം 16 നൈപുണ്യ വികസനത്തിലൂടെ യുവജനങ്ങളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നു

**പുരോഗതി** സ്കിൽ,റി-സ്കിൽ,അപ്-സ്കിൽ എന്നതാണ് നവഭാരതത്തിലെ യുവത്വത്തിന്റെ പുതിയ മന്ത്രം.സ്കിൽ ഇന്ത്യ മിഷന് കീഴിലുള്ള കൗശൽ ഭാരത്,കുശാൽ ഭാരത് പദ്ധതി വഴി 5 കോടിയിലധികം യുവജനങ്ങൾക്ക് പരിശീലനം നൽകിക്കഴിഞ്ഞു.720 പ്രധാനമന്ത്രി കൗശൽ കേന്ദ്രങ്ങൾ,33 ദേശീയ സ്കിൽ പരിശീലന ഇൻസ്റ്റിസ്റ്റ്യൂട്ടുകൾ,5000ത്തിലധികം പുതിയ ഐടിഐ കൾ എന്നിവ സ്ഥാപിച്ചു.

“

21-ാം നൂറ്റാണ്ടിലെ ഭാരതത്തിൽ ലോകത്തിന് വലിയ പ്രതീക്ഷകളാണുള്ളത്.ലോകത്തിന് മുഴുവനും കഴിവും സാങ്കേതികവിദ്യയും നൽകാനുള്ള ശേഷി ഭാരതത്തിനുണ്ട്.ഈ ഉത്തരവാദിത്വം തിരിച്ചറിയുന്നതാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം.ലോകത്തിനായി നമുക്കിത് ചെയ്യേണ്ടതുണ്ട്.ദേശീയ വിദ്യാഭ്യാസ നയത്തിൽ നിർദ്ദേശിച്ചിരിയ്ക്കുന്ന പരിഹാരങ്ങൾ ക്ഷ്യംവയ്ക്കുന്നത് ആധുനിക സാങ്കേതികവിദ്യയോടുള്ള സവിശേഷമായ സമീപനമാണ്.

**നരേന്ദ്ര മോദി,പ്രധാനമന്ത്രി**



## തീരുമാനം 17 സ്കൂളുകളെ ഓപ്പറേഷൻ ഡിജിറ്റൽ ബോർഡ് പദ്ധതിയ്ക്ക് കീഴിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ

**പുരോഗതി** രാജ്യത്തെ വിദ്യാഭ്യാസത്തിന്റെ നിലവാരം വർദ്ധിപ്പിക്കാനുദ്ദേശിച്ച് 2019 ഫെബ്രുവരിയിൽ ആരംഭിച്ച പദ്ധതിയാണ് ഓപ്പറേഷൻ ഡിജിറ്റൽ ബോർഡ്.പദ്ധതിയുടെ ഒന്നാംഘട്ടമായ ആദ്യ 3 വർഷങ്ങളിൽ 9-ാം ക്ലാസ് മുതൽ കോളേജ് തലം വരെ ഡിജിറ്റൽ ക്ലാസ്റൂമുകൾ തയ്യാറാക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്.പദ്ധതിയുടെ 60 ശതമാനം ചിലവും വഹിക്കുന്നത് കേന്ദ്രസർക്കാരാണ്.രാജ്യത്തെമ്പാടുമുള്ള 5 ലക്ഷം ക്ലാസ് മുറികൾ മാറ്റുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## തീരുമാനം 18 ഉന്നതവിദ്യാഭ്യാസത്തിൽ 1 ലക്ഷം കോടിയുടെ നിക്ഷേപം

**പുരോഗതി** രാജ്യത്ത് വിദ്യാഭ്യസത്തിൽ ഗവേഷണത്തിലും നവീകരണത്തിലുമാണ് കേന്ദ്രസർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചിരിയ്ക്കുന്നത്.ഇതുലക്ഷ്യമിട്ടാണ് ഗ്യാൻ,സ്വയം,സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ എന്നിവ ആരംഭിച്ചിരിയ്ക്കുന്നത്.പ്രീമിയർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാനപരവും ഗവേഷണത്തിനുള്ളതുമായ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സർക്കാർ 2022നുള്ളിൽ 1 ലക്ഷം കോടി രൂപ ചിലവാക്കും.

## തീരുമാനം 19

**മാനേജ്മെന്റ്,നിയമം,എഞ്ചിനീയറിംഗ് എന്നിവയിൽ രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്**

**പുരോഗതി** 7 പുതിയ ഐ ഐ ടി കൾ,16 പുതിയ ഐ ഐ ഐ ടി കൾ,7 പുതിയ ഐ ഐ എം എന്നിവ ആരംഭിച്ചു.

## തീരുമാനം 20 എല്ലാ ബ്ലോക്കുകളിലും കുറഞ്ഞത് ഒരു അടൽ തിങ്കറിംഗ് ലാബ് എങ്കിലും സ്ഥാപിക്കും

**പുരോഗതി** യുവമനസുകൾ അവരുടെ ജിജ്ഞാസ ഉപയോഗപ്പെടുത്തി പുതിയ കാര്യങ്ങൾ കണ്ടെത്തിയ നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്.നവീകരണവും സാങ്കേതികവിദ്യയും കുട്ടികൾക്ക് പരിചയപ്പെടുത്തി അവരുടെ അഭിലാഷങ്ങൾക്ക് ചിറകു നൽകുന്നു അടൽ തിങ്കറിംഗ് ലാബുകൾ.അടൽ തിങ്കറിംഗ് ലാബ് നിർമ്മിക്കാനായി 20 ലക്ഷം രൂപയാണ് ഓരോ സ്കൂളിനും ലഭിയ്ക്കുക.രാജ്യത്ത് 10000 അടൽ തിങ്കറിംഗ് ലാബുകൾ നിർമ്മിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.7246 ലാബുകളാണ് നിലവിലുള്ളത്.കൊറോണ കാരണം പദ്ധതി മന്ദഗതിയിലായിരുന്നു.ബാക്കിയുള്ള ലാബുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ ആരംഭിയ്ക്കും.

## തീരുമാനം 21

**ഭാവിയെ ലക്ഷ്യമിട്ട് പുതിയ ദേശീയ വിദ്യാഭ്യാസ നയം**

**പുരോഗതി** പുതിയൊരു വിദ്യാഭ്യാസനയത്തിനായി രാജ്യത്തിന് 34 വർഷം കാത്തിരിയ്ക്കേണ്ടി വന്നു.പുതിയ നയത്തിന് കഴിഞ്ഞ വർഷം കേന്ദ്ര ക്യാബിനറ്റ് അംഗീകാരം നൽകി.വിദ്യാഭ്യാസ സംവിധാനങ്ങൾ ഉടച്ചുവാർക്കാനും,പഠന വൈദഗ്ധ്യം വർദ്ധിപ്പിക്കാനുമുള്ള ശ്രമങ്ങളാണ് നടക്കുന്നത്.നവീകരണവും ഗവേഷണവും പ്രോത്സാഹിപ്പിയ്ക്കാനായി ദേശീയ ഗവേഷണ ഫൗണ്ടേഷൻ രൂപീകരിയ്ക്കാനും പദ്ധതിയുണ്ട്.എല്ലാ ഭാഷകൾക്കും തുല്യ പ്രാധാന്യം നൽകാനായി പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.മാനവവിഭവശേഷി മന്ത്രാലയത്തെ വിദ്യാഭ്യാസ മന്ത്രാലയമാക്കി പുനർനാമകരണം ചെയ്തു.

## തീരുമാനം 22 യുവജനങ്ങൾക്ക് ഇന്നൊവേഷനായി പുതിയ വേദികൾ നൽകുന്നതിനൊപ്പം സ്വയം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും നടപടികൾ.

**പുരോഗതി** കാർഷികേതര ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് 10 ലക്ഷം രൂപവരെ വായ്പ നൽകുന്ന പ്രധാനമന്ത്രി മുദ്ര യോജന.പദ്ധതിയക്ക് കീഴിൽ ഇതിനോടകം 31 കോടിയിലധികം രൂപ വായ്പയായി നൽകിക്കഴിഞ്ഞു.സ്റ്റാർട്ടപ്പ് ഇന്ത്യ ക്യാംപയിന് കീഴിൽ 52000 സ്റ്റാർട്ടപ്പുകൾക്ക് അംഗീകാരം.രാജ്യത്തെ 623 ജില്ലകളിൽ നിലവിൽ അംഗീകൃത സ്റ്റാർട്ടപ്പുകളുണ്ട്.



## വികസനത്തിന്റെ പുതിയ അധ്യായത്തിന് തുടക്കമായി

"നമ്മൾ പാലങ്ങളും റോഡുകളും നിർമ്മിയ്ക്കുമ്പോൾ,നാം നഗരങ്ങളെയും ഗ്രാമങ്ങളെയും ബന്ധിപ്പിക്കുക മാത്രമല്ല ചെയ്യുന്നത് അതോടൊപ്പം നേട്ടങ്ങളെ അഭിലാഷങ്ങളുമായും അവസരങ്ങളെ പ്രതീക്ഷകളുമായും സന്തോഷത്തെ ദൃഢനിശ്ചയങ്ങളുമായും ബന്ധിപ്പിക്കുന്നു." പ്രധാനമന്ത്രിയുടെ ഈ വാക്കുകൾ നവഭാരതത്തിൽ അടിസ്ഥാനസൗകര്യ വികസനത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നു.പുതിയ പാലങ്ങൾ,റോഡുകൾ,ജലപാതകൾ,റെയിൽപാതങ്ങൾ തുടങ്ങി അതിർത്തി മേഖലകളിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിയ്ക്കുമ്പോൾ നിശ്ചയിച്ചതിലും മുമ്പെ പണിപൂർത്തിയാക്കി വളർച്ചയുടെ പുതിയ നിലവാരം സൃഷ്ടിയ്ക്കുകയാണ് സർക്കാർ.ജനങ്ങളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിപ്ലവകരമായ നടപടികളാണ് സർക്കാർ എടുക്കുന്നത്.



## തീരുമാനം 23

**എല്ലാവർക്കും ഉറപ്പുള്ള വീട്**

**പുരോഗതി** എല്ലാ കുടുംബങ്ങൾക്കും ഉറപ്പുള്ള വീടുകൾ എന്ന പ്രധാനമന്ത്രിയുടെ സ്വപ്നം പ്രതീക്ഷച്ചതിലും വലിയ ഫലമാണ് ഉണ്ടാക്കിയത്.നഗരങ്ങൾക്കായുള്ള പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയ്ക്ക് കീഴിൽ 2021 ജൂൺ വരെ 112.4 ലക്ഷം വീടുകൾ അനുവദിച്ചു.ഇതിൽ 82.5 ലക്ഷം വീടുകളുടെ നിർമ്മാണം പുരോഗമിയ്ക്കുന്നു.48.31 ലക്ഷം വീടുകൾ നിർമ്മാണം പൂർത്തിയാക്കി കൈമാറി.മുഴുവൻ ഗുണഭോക്താക്കൾക്കും 2022ഓടെ ഉറപ്പുള്ള വീടുകൾ നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരിയ്ക്കുന്നത്.



**2,30,01,080**
വീടുകൾ ഇതുവരെ പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ നിർമ്മിച്ചു

2021 മാർച്ച് 31 വരെ 1.92 കോടി ഗ്രാമീണ വീടുകൾ അനുവദിച്ചു.ഇതിൽ 1.36 കോടി വീടുകളുടെ നിർമ്മാണം പൂർത്തിയായി.

## തീരുമാനം 24 ഭാരത്മാല പരിയോജനയുടെ ഒന്നാം ഘട്ടം വേഗത്തിൽ പൂർത്തിയായി

**പുരോഗതി** പ്രധാന സാമ്പത്തിക കേന്ദ്രങ്ങളെ ഇത് ബന്ധിപ്പിക്കും.അന്താരാഷ്ട്ര ബന്ധവും തീരദേശ തുറമുഖ ബന്ധവും സാധ്യമാക്കും.പദ്ധതിയ്ക്കായി 65000 കിലോമീറ്റർ റോഡ് കണ്ടെത്തിയിട്ടുണ്ട്.

**3.10 ലക്ഷം കോടി ചിലവിൽ 22 ഗ്രീൻഫീൽഡ് ഇടനാഴികളുടെ നിർമ്മാണം 2025ൽ പൂർത്തിയാകും**

2017-2022 വരെയാണ് ഭാരത്മാല പരിയോജന ഒന്നാം ഘട്ടം.ഇതിൽ 34,800 കിലോമീറ്റർ റോഡുകളുടെ നിർമ്മാണം നടന്നുവരുന്നു.2021 ഫെബ്രുവരി വരെ 3800 കിലോമീറ്റർ റോഡ് നിർമ്മിച്ചു.8500 കിലോമീറ്റർ അടുത്ത വർഷം മാർച്ചിൽ പൂർത്തിയാകും.

## തീരുമാനം 25 കൂടുതൽ ഗ്രാമീണ വീടുകളിൽ എൽ പിജി ഗ്യാസ് കണക്ഷൻ

**പുരോഗതി** സ്വാതന്ത്ര്യം ലഭിച്ച് 60 വർഷത്തിന് ശേഷവും രാജ്യത്തെ 55 ശതമാനം വീടുകളിൽ മാത്രമാണ് എൽപിജി കണക്ഷൻ ഉണ്ടായിരുന്നത്. പ്രധാനമന്ത്രി ഉജ്വല യോജന പദ്ധതിയിലൂടെ 8 കോടി എൽപിജി കണക്ഷനുകൾ നൽകി.കഴിഞ്ഞ 6 വർഷത്തിനിടെ രാജ്യത്തെ എൽപിജി കണക്ഷനുകളിൽ 43 ശതമാനത്തിന്റെ വർദ്ധനയാണ് ഉണ്ടായത്.

## തീരുമാനം 26 മുഴുവൻ ഗ്രാമങ്ങളിലും വൈദ്യുതി

**പുരോഗതി** 2015 ആഗസ്റ്റ് 15ന് ചെങ്കോട്ടയിൽ നടത്തിയ പ്രസംഗത്തിലാണ് 1000 ദിവസത്തിനുള്ളിൽ 18,500 ഗ്രാമങ്ങൾ വൈദ്യുതീകരിയ്ക്കുമെന്ന പ്രഖ്യാപനം പ്രധാനമന്ത്രി നടത്തിയത്.സർക്കാരിന്റെ കഠിന പ്രയത്നത്തിന്റെ ഫലമായി 987 ദിവസത്തിനുള്ളിൽ ഇത് സാധ്യമായി.നിശ്ചയിച്ചതിലും 13 ദിവസം മുമ്പെ.ഇതിന് ശേഷമാണ് എല്ലാ ഗ്രാമീണ വീടുകളിലും വൈദ്യുതി എത്തിയ്ക്കാനുള്ള തീരുമാനം ഉണ്ടായത്.ഇതിൽ 99.93 ശതമാനം ലക്ഷ്യവും പൂർത്തിയായിക്കഴിഞ്ഞു.ഇതുവരെ 2 കോടി 63 ലക്ഷം വീടുകളിൽ വൈദ്യുതി എത്തി.

## തീരുമാനം 27 എല്ലാ പൗരൻമാർക്കും ബാങ്കിംഗ് സൗകര്യങ്ങൾ

**പുരോഗതി** എല്ലാ കുടുംബങ്ങളിലും കുറഞ്ഞത് ഒരു ബാങ്ക് അക്കൗണ്ട് എന്ന ലക്ഷ്യവുമായാണ് പ്രധാനമന്ത്രി ജൻധൻ യോജന പ്രഖ്യാപിച്ചത്.ഇപ്പോൾ രാജ്യത്തെ മുഴുവൻ പ്രായപൂർത്തിയായ പൗരൻമാർക്കും ബാങ്ക് അക്കൗണ്ട് എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.ജൂൺ 2021 വരെ 42 കോടി 55 ലക്ഷം ബാങ്ക് അക്കൗണ്ടുകൾ തുറന്നു.

“

അതിർത്തിയ്ക്കടുത്ത് ജനവാസമുള്ള ഏറ്റവും അവസാനത്തെ ഗ്രാമമാണ് എന്റേത്.ദശാബ്ദങ്ങളായി അതിർത്തിക്കപ്പുറത്തുനിന്നുള്ള വെടിയുണ്ടകളെ ഭയന്നാണ് ഞങ്ങൾ കഴിഞ്ഞത്.സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഉറപ്പുള്ള ഒരു വീട് നിർമ്മിക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല.മഴക്കാലത്ത് വീടിനുള്ളിൽ നിറയെ വെള്ളം കയറുമായിരുന്നു. പ്രധാനമന്ത്രി ആവാസ് യോജനയിലൂടെ ഉറപ്പുള്ള വീട് എനിക്ക് ലഭിച്ചതോടെ പ്രശ്നങ്ങൾ അവസാനിച്ചു.പാവപ്പെട്ട വർക്ക് സ്വന്തം കാലിൽ നിൽക്കാനുള്ള പിന്തുണ ലഭിച്ചു.ഞങ്ങൾ സന്തോഷവാൻമാരാണ്.

**ആഷിഖ് ഹുസൈൻ,പൂഞ്ച്,ജമ്മു കശ്മീർ**

## തീരുമാനം 28

**എല്ലാ വീടുകളിലും ശൗചാലയം**

**പുരോഗതി** രാജ്യത്തെ ഭൂരിഭാഗം ഗ്രാമങ്ങളും പൊതുസ്ഥലത്തെ മല മൂത്ര വിസർജനത്തിൽ നിന്നും മുക്തമായിക്കഴിഞ്ഞു.2021,ഏപ്രിൽ 20 വരെ 11 കോടി വീടുകളിൽ ശൗചാലയം നിർമ്മിച്ചു.

കഴിഞ്ഞ 5 വർഷത്തിനിടെ **55** കോടിയിലധികം

ജനങ്ങൾ തുറസായ സ്ഥലങ്ങളിൽ മല മൂത്ര വിസർജനം നടത്തുന്ന സ്വഭാവം ഉപേക്ഷിക്കുകയും ശൗചാലയങ്ങൾ ഉപയോഗിക്കാൻ ആരംഭിയ്ക്കുകയും ചെയ്തു. ഇതുവഴി എല്ലാവർക്കും ശൗചാലയം എന്ന ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച ലക്ഷ്യം 11 വർഷം മുമ്പെ ഭാരതം പൂർത്തിയാക്കി.

സ്വച്ഛ്ഭാരത് ഗ്രാമീണ മിഷന്റെ വിജയകരമായ ജൈത്രയാത്ര തുടരുകയാണ്.എല്ലാ ഗ്രാമങ്ങളിലെയും ഖര,ദ്രാവക മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതാണ് ഇപ്പോഴത്തെ ലക്ഷ്യം.ഇതിനായി 5 വർഷത്തേയക്ക് 1.40,881 കോടി രൂപ സർക്കാർ നീക്കിവച്ചിട്ടുണ്ട്.



## തീരുമാനം 29 175 ഗിഗാവാട്ട് പുനരുജ്ജീവിപ്പിക്കാവുന്ന ഊർജ്ജം ലക്ഷ്യം

**പുരോഗതി** കാർബൺ ബഹിർഗമനം കുറയ്ക്കാനും ഊർജ്ജ സുരക്ഷയും ഊർജ്ജ ലഭ്യതയും ലക്ഷ്യമിട്ട് സജീവമായൊരു റിന്യൂവബിൾ എനർജി പദ്ധതി നടത്തുകയാണ് ഭാരത സർക്കാർ.ഭാവിയിലെ വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപയോഗം കണക്കാക്കി 2022ഓടെ 175 ഗിഗാവാട്ട് പുനരുജ്ജീവിപ്പിക്കാവുന്ന ഊർജ്ജമാണ് സർക്കാറിന്റെ ലക്ഷ്യം.100 ഗിഗാവാട്ട് സൗരോർജ്ജത്തിൽ നിന്നും,60 ഗിഗാവാട്ട് കാറ്റിൽ നിന്നും,10 ഗിഗാ വാട്ട് ബയോമാസിൽ നിന്നും 5 ഗിഗാ വാട്ട് ചെറുകിട ജല വൈദ്യുത പദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കാനാണ് തീരുമാനം.രാജ്യത്തിന്റെ പുനരുജ്ജീവിപ്പിക്കാവുന്ന ഊർജ്ജ ശേഷി 2020 ഒക്ടോബർ 31 ന് 89.63 ഗിഗാവാട്ടിൽ എത്തിയിരുന്നു.



## തീരുമാനം 30 ഉൾനാടൻ ജലപാതകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു

**പുരോഗതി** പരിസ്ഥിതി സൗഹൃദവും ചിലവ് കുറഞ്ഞതുമായ യാത്രാമാർഗമാണ് ഉൾനാടൻ ജലപാതകൾ.ഇവയുടെ പ്രോത്സാഹനത്തിനായി ഉൾനാടൻ ജലപാതകളെ ദേശീയ ജലപാതകളായി പ്രഖ്യാപിച്ചു.ആദ്യത്തെ 3 വർഷങ്ങളിൽ ജലപാത ഉപയോഗ ചാർജ്ജും ഒഴിവാക്കി നൽകി.

### ദേശീയ ജലപാതകൾ

| 2014 | 2020 | |
|---|---|---|
| 05 | 111 | 220275 കിലോമീറ്ററുകളായി 24 സംസ്ഥാനങ്ങളിൽ വ്യാപിച്ചു |

- തുറമുഖങ്ങൾ വഴിയുള്ള വികസനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ് സാഗരമാല.രാജ്യത്തിന്റെ 7500 കിലമീറ്റർ തീരദേശത്തെ വികസനത്തിലേക്കെത്തിക്കുകയാണ് ലക്ഷ്യം.
- ഇത് തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിനും പുതിയ തുറമുഖങ്ങളുടെ വികസനത്തിനും തുറമുഖങ്ങൾക്കിടയിലുള്ള ബന്ധത്തിനും തുറമുഖങ്ങളുടെ വ്യാവസായികവൽക്കരണത്തിനും സഹായിക്കും.അതുവഴി തീരദേശ ജനതയുടെ വികസനത്തിനും കാരണമാകും.
- നിലവിൽ 30,000 കോടിയുടെ 121 പദ്ധതികൾ പൂർത്തിയായി.3 ലക്ഷം കോടിയുടെ 201 പദ്ധതികളിൽ നിർമ്മാണം പുരോഗമിയ്ക്കുന്നു.

## തീരുമാനം 31 എല്ലാ വീടുകളിലും ശുദ്ധമായ കുടിവെള്ളം

**പുരോഗതി** സ്വാതന്ത്ര്യത്തിന് ശേഷം 2019വരെ 3.23 കോടി കുടുംബങ്ങൾക്കാണ് പൈപ്പ് കണക്ഷൻ ഉണ്ടായിരുന്നത്.അതുകൊണ്ട് തന്നെ 2019 ആഗസ്റ്റ് 15ന് ചെങ്കോട്ടയിൽ പ്രഖ്യാപനമുണ്ടായി,രാജ്യത്തെ മുഴുവൻ വീടുകളിലും ശുദ്ധമായ വെള്ളം എത്തിക്കുമെന്ന്.ജൂൺ 2021 വരെ 4 കോടി 43 ലക്ഷത്തിലധികം കുടുംബങ്ങളിൽ പൈപ്പ് കണക്ഷൻ എത്തി.2024ഓടെ 19 കോടി 20 ലക്ഷം കുടുംബങ്ങളിൽ പൈപ്പ് കണക്ഷൻ എത്തിയ്ക്കാനാണ് ലക്ഷ്യം.ഗോവയിലും തെലങ്കാനയിലും ഇത് 100 ശതമാനം പൂർത്തിയായി.

## തീരുമാനം 32 പെട്രോളിൽ എഥനോളിന്റെ അളവ് 10 ശതമാനമാക്കാൻ സാധ്യമായ എല്ലാ ശ്രമങ്ങളും

**പുരോഗതി** പരിസ്ഥിതി സംരക്ഷണം ഇപ്പോൾ സുപ്രധാനമായ വിഷയമാണ്.2014ൽ 1.5 ശതമാനം എഥനോൾ മാത്രമാണ് പെട്രോളിൽ ബ്ലൻഡ് ചെയ്യാൻ കഴിഞ്ഞിരുന്നത്,ഇപ്പോഴത് 8.5 ശതമാനമായി.2013-14 കാലഘട്ടത്തിൽ 38 കോടി ലിറ്റർ എഥനോളാണ് രാജ്യത്ത് വാങ്ങിയിരുന്നത്.ഇപ്പോഴത് 320 കോടി ലിറ്ററിലും അധികമായി.പെട്രോളിൽ എഥനോളിന്റെ അളവ് 20 ശതമാനമാക്കാനുള്ള ലക്ഷ്യം 2030ൽ നിന്നും 2025 ആയി സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു.

## തീരുമാനം 33 എല്ലാ ഗ്രാമപഞ്ചായത്തുകളെയും അതിവേഗ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയുമായി ബന്ധിപ്പിക്കുന്നു

**പുരോഗതി** ഡിജിറ്റൽ ഇന്ത്യ ജീവിതം എളുപ്പമാക്കാനുള്ള ഒരു ഉപാധി മാത്രമല്ല,വരുമാന വർദ്ധനവിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഉള്ള ഒരു സുപ്രധാന മാർഗം കൂടിയാണ്.1.60 ലക്ഷം ഗ്രാമ പഞ്ചായത്തുകളെ ഭാരത്നെറ്റിലൂടെ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയുമായി ബന്ധിപ്പിച്ചു.ജൂൺ 30ന് 16 സംസ്ഥാനങ്ങളിലെ 3.60 ലക്ഷത്തിലധികം ഗ്രാമങ്ങളെ പിപിപി വഴി ഭാരത്നെറ്റിൽ ബന്ധിപ്പിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്.

## തീരുമാനം 34

**ജലത്തിനായി പുതിയ മന്ത്രാലയം രൂപീകരിച്ചു.**

പുരോഗതി ഭാരതം പോലെ വലിയൊരു രാജ്യത്ത് ഭാവിയിലെ ഉപയോഗത്തിനായി വെള്ളം കാത്തുവയ്ക്കേണ്ടതുണ്ട്. ആവശ്യത്തിനനുസരിച്ച് ശുദ്ധമായ വെള്ളം എല്ലാവർക്കും നൽകുക എന്നത് വെല്ലുവിളി നിറഞ്ഞ കാര്യമാണ്.ഇതു മുൻനിർത്തിയാണ് ജലശക്തി മന്ത്രാലയത്തിന് പ്രധാനമന്ത്രി രൂപം നൽകിയത്.സമഗ്രമായ പ്ലാനിംഗ്,നയരൂപീകരണം,ഏകോപനവും നേതൃത്വവും,ജലസേചനം,പ്രളയ നിയന്ത്രണം,കുടി വെള്ള വിതരണം,ജലവുമായി ബന്ധപ്പെട്ട മറ്റുപദ്ധതികൾ എന്നിവയെ സംയോജിപ്പാണ് ജലശക്തി മന്ത്രാലയം

## തീരുമാനം 35

**ദേശീയപാതകളുടെ നീളം ഇരട്ടിയാക്കുന്നു**

പുരോഗതി കഴിഞ്ഞ 7 വർഷത്തിനിടെ 1,37,625 കിലോമീറ്റർ ദേശീയപാതകളാണ് നിർമ്മിച്ചത്.ഇതിന് മുമ്പെ 91,287 കിലോമീറ്റർ ഹൈവേകൾ മാത്രമാണ് നിർമ്മിച്ചിരുന്നത്.പ്രതിദിനം 37 കിലോമീറ്റർ ഹൈവെ ഇപ്പോൾ നിർമ്മിയ്ക്കുന്നുണ്ട്.2014വരെ 12കിലോമീറ്റർ ദേശീയപാതയാണ് പ്രതിദിനം നിർമ്മിച്ചിരുന്നത്.

## തീരുമാനം 36

**പ്രധാന നഗരങ്ങളിലും ചെറിയ പട്ടണങ്ങളിലും പൈപ്പ് ഗ്യാസ്**

പുരോഗതി പൈപ്പ് ഗ്യാസിനെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി ഇതുവരെ 16,800 കിലോമീറ്റർ വാതക പൈപ്പ് ലൈൻ നിർമ്മിച്ചു.2019-20ൽ 14,200 കിലോമീറ്റർ കൂടുതൽ പൈപ്പ്ലൈനുകൾ കൂടി അനുവദിച്ചു.

## തീരുമാനം 37

**മെച്ചപ്പെട്ട യാത്രാ സൗകര്യത്തിനായി വിമാനത്താവളങ്ങളുടെ എണ്ണം 150 ആയി വർദ്ധിപ്പിക്കാൻ ലക്ഷ്യം**

പുരോഗതി ഉഡാൻ പദ്ധതിയിലൂടെ രാജ്യത്തെ സാധാരണക്കാർക്കും വിമാനയാത്ര സാധ്യമായി.500 കിലോമീറ്റർ യോത്രയ്ക്കുള്ള ചിലവ് 2500രൂപയായി കുറഞ്ഞതോടെ കൂടുതൽ ആളുകൾ വിമാനയാത്ര നടത്താൻ തുടങ്ങി.ഉഡാൻ പദ്ധതിയ്ക്ക് കീഴിൽ 59 വിമാനത്താവളങ്ങളാണ് രാജ്യത്തുള്ളത്.2024ഓടെ ഇത് 100ആകും.ഇതിൽ 5 ഹെലിപോർട്ടുകളും 2 ജലവിമാനത്താവളങ്ങളും ഉൾപ്പെടുന്നു.

# റെയിൽവെ രാജ്യത്തിന്റെ ജീവനാഡി

സുരക്ഷിതവും സമയനിഷ്ഠവുമായ യാത്രക്കായി ദേശീയ റെയിൽ പദ്ധതി 2030 രൂപീകരിച്ചു.2021-22 ബജറ്റിൽ പുതിയ പദ്ധതികൾക്ക് മാത്രമായി 1.07 ലക്ഷം രൂപയാണ് റെയിൽവെയ്ക്ക് അനുവദിച്ചത്.



## തീരുമാനം 38

**പ്രവർത്തന സജ്ജമായ മുഴുവൻ റെയിൽപാതകളെയും 2022ഓടെ ബ്രോഡ്ഗേജ് ആക്കി മാറ്റും.**

പുരോഗതി 2050ൽ രാജ്യത്തുണ്ടാകുന്ന ഗതാഗത ആവശ്യങ്ങൾ പരിഗണിച്ചാണ് ദേശീയ റെയിൽ പ്ലാൻ 2030 തയ്യാറാക്കിയിരിയ്ക്കുന്നത്.ഇതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം 2030ൽ പൂർത്തിയാക്കണം.ആകെയുള്ള 67,956 കീലോമീറ്റർ റെയിൽപാതയിൽ 63000 കിലോമീറ്റർ നിലവിൽ ബ്രോഡ്ഗേജ് ആണ്.അതായത് 94 ശതമാനത്തിനും മുകളിൽ.ബ്രോഡ്ഗേജ് പാതയിലുള്ള ആളില്ലാ ലെവൽ ക്രോസുകളെല്ലാം 2019ൽ ഒഴിവാക്കിയിരുന്നു.2019-20ൽ 1274 ആളുള്ള ലെവൽ ക്രോസുകൾ ഒഴിവാക്കി.ഏപ്രിൽ 2019മുതൽ തീവണ്ടി അപകടത്തിൽ മരണമുണ്ടായിട്ടില്ല.

## തീരുമാനം 39

**വേഗത്തിലും സൗകര്യപ്രദവുമായ യാത്ര ഉറപ്പാക്കുന്നു**

പുരോഗതി

മണിക്കൂറിൽ 130 കിലോമീറ്റർ വേഗത്തിലോടുന്ന വന്ദേ ഭാരത് തീവണ്ടി സേവനം ആരംഭിച്ചു.സെമി-ഹൈസ്പീഡ് ബുള്ളറ്റ് തീവണ്ടി പദ്ധതി വേഗത്തിൽ പുരോഗമിയ്ക്കുന്നു.

2006 മുതൽ 2014 വരെ പുതിയ റെയിൽ പാതകളൊന്നും രാജ്യത്ത് നിർമ്മിച്ചിട്ടില്ല.2014-20 കാലഘട്ടത്തിൽ 32 പദ്ധതികളിലായി 1353 കിലോമീറ്റർ റെയിൽപാതയാണ് നിർമ്മിച്ചത്.2009-14,375 കിലോമീറ്റർ റെയിൽ പാത ഇരട്ടിപ്പിച്ചു.2014-2020 1458 കിലോമീറ്റർ റെയിൽ പാത ഇരട്ടിപ്പിക്കൽ പൂർത്തീകരിച്ചു.വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും കശ്മീരിലും റെയിൽ ബന്ധം എത്തിച്ചു.100 ശതമാനം റെയിൽ കോച്ചുകളിലും ഇപ്പോൾ ബയോടോയ്ലെറ്റുകൾ ഉണ്ട്.പച്ചക്കറികളും പഴങ്ങളും കൊണ്ടുപോകുന്നതിനായി ആദ്യമായി കിസാൻ റെയിൽ ആരംഭിച്ചു.



**637 സ്റ്റേഷനുകളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചു.**

## തീരുമാനം 40

**മുഴുവൻ റെയിൽ പാതകളും വൈദ്യുതീകരിയ്ക്കാനുള്ള നടപടികൾ വേഗത്തിൽ പുരോഗമിയ്ക്കുന്നു**

പുരോഗതി

2023ഓടെ മുഴുവൻ റെയൽപാതകളും വൈദ്യുതീകരിയ്ക്കും.2020ൽ 18000 കിലോമീറ്ററിലധികം റെയിൽപാതകൾ വൈദ്യുതീകരിച്ചു.ഗ്രീൻ റെയിൽവെ പ്രോത്സാഹിപ്പിക്കുന്നതിനായി 505 തീവണ്ടികൾ ഹെഡ്-ഓൺ-ജനറേഷൻ സാങ്കേതികവിദ്യ ഉപയോഗിയ്ക്കുന്നു.ഇതുവഴി 7 കോടി ലിറ്റർ ഡീസൽ ലാഭിയ്ക്കാം.2030ഓടെ കാർബൺ ബഹിർഗമനമില്ലാത്ത യാത്രാമാർഗമായി മാറുകയാണ് റെയിൽവെയുടെ ലക്ഷ്യം.

## തീരുമാനം 41

**പ്രധാന സ്റ്റേഷനുകളിൽ വൈ-ഫൈ**

പുരോഗതി

രാജ്യത്താകെ 7325 റെയിൽവെ സ്റ്റേഷനുകളാണ് ഉള്ളത്.ഇതിൽ 6000 റെയിൽവെ സ്റ്റേഷനുകളിൽ സൗജന്യ വൈ-ഫൈ ലഭ്യമാണ്.2019-20ൽ മാത്രം 4,411 സ്റ്റേഷനുകളിൽ വൈ-ഫൈ സംവിധാനം ആരംഭിച്ചു.

## തീരുമാനം 42

**പ്രത്യേക ചരക്ക് ഇടനാഴിയുടെ പൂർത്തീകരണം**

പുരോഗതി

പ്രത്യേക ചരക്ക് ഇടനാഴികളായ റിവാരി-മദർ സെക്ഷൻ,ഖുർജ-ബധൻ സെക്ഷൻ എന്നിവയുടെ പണി പൂർത്തിയായി.പടിഞ്ഞാറൻ പ്രത്യേക ചരക്ക് ഇടനാഴിയും കിഴക്കൻ പ്രത്യേക ചരക്ക് ഇടനാഴിയും അടുത്തവർഷം ജൂണിൽ പ്രവർത്തന സജ്ജമാകും.

“

റെയിൽവെകൾ വിപുലീകരിക്കണം,റെയിൽവെകൾ വികസിക്കണം,റെയിൽവെകൾ ആധുനികമാകണം,സാധാരണക്കാരന്റെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ റെയിൽവെ സഹായിക്കണം.പാവപ്പെട്ടവരിൽ പാവപ്പെട്ടവരാണ് റെയിൽവെ ഉപയോഗിയ്ക്കുന്നത്.അതുകൊണ്ടാണ് റെയിൽവെ ബജറ്റ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്.നേരത്തെ ഒരു വർഷത്തിൽ വളരെ കുറച്ചു കിലോമീറ്റർ മാത്രം റെയിൽ പാതകളുടെ ഇരട്ടിപ്പിക്കലാണ് നടന്നിരുന്നതെങ്കിൽ ഇപ്പോൾ അതിലും 2-3 ഇരട്ടി വേഗതയിലാണ് ഇരട്ടിപ്പിക്കൽ നടക്കുന്നത്.

**നരേന്ദ്ര മോദി,പ്രധാനമന്ത്രി**



# മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കുന്നതിന് ആരോഗ്യത്തിൽ വീണ്ടും നിക്ഷേപം നടത്തുന്നു

വിജയത്തിന്റെയും സമൃദ്ധിയുടെയും അടിസ്ഥാനമാണ് ആരോഗ്യം.വ്യക്തിയുടെ,കുടുംബത്തിന്റെ,സമൂഹത്തിന്റെ,മുഴുവൻ രാജ്യത്തിന്റെയും ക്ഷേമത്തിന്റെ അളവുകോലാണ് ആരോഗ്യം.ഈ ചിന്തയിൽ രാജ്യത്തെ ആരോഗ്യമേഖലയെ ഉടച്ചുവാർക്കുകയാണ് സർക്കാർ.പുതിയ ആശുപത്രികളും മെഡിക്കൽ കോളേജുകളും നിർമ്മിയ്ക്കുന്നു.50 കോടിയിലധികം പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ നൽകുന്നു.

**തീരുമാനം 43**

**ആയുഷ്മാൻ ഭാരതിന് കീഴിൽ ആരോഗ്യ കേന്ദ്രങ്ങളും ക്ഷേമ കേന്ദ്രങ്ങളും തുറക്കുന്നു**

**പുരോഗതി** കൊറോണ കാലത്ത് 678 ജില്ലകളിലായി 50,025 ആരോഗ്യ ക്ഷേമ കേന്ദ്രങ്ങളാണ് ആരംഭിച്ചത്.ഇത്തരത്തിലുള്ള 1,50000 കേന്ദ്രങ്ങൾ രാജ്യത്താകമാനം ആരംഭിക്കും.28 കോടിയിലധികം ജനങ്ങൾക്ക് ഇതിന്റെ ഗുണഫലം ലഭിച്ചു.

**തീരുമാനം 44**

**ടെലി മെഡിസിൻ സേവനത്തിലൂടെ പാവപ്പെട്ടവർക്ക് വീട്ടിൽ പ്രാഥമിക ആരോഗ്യ സംരക്ഷണം**

**പുരോഗതി** ഇ-സഞ്ജീവനി എന്ന ടെലിമെഡിസിൻ സംവിധാനം 30 സംസ്ഥാനങ്ങളിലെ 20,000 ആരോഗ്യ ക്ഷേമ കേന്ദ്രങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്.ജൂൺ 10 വരെ 60 ലക്ഷം കൺസൾട്ടേഷനുകൾ ഇ-സഞ്ജീവനി വഴി നൽകി.രാജ്യത്തെ മുഴുവൻ ആരോഗ്യ ക്ഷേമ കേന്ദ്രങ്ങളിലും ഈ സംവിധാനം ലഭ്യമാക്കും.

**തീരുമാനം 45**

**ടി ബി നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ മുന്നോട്ട് പോകുന്നു.**

**പുരോഗതി** 2030ൽ ലോകത്തെ ടിബി മുക്തമാക്കണമെന്നാണ് ഐക്യരാഷ്ട്രസഭയുടെ ലക്ഷ്യം.എന്നാൽ 2025ൽ ഇത് പൂർത്തീകരിയ്ക്കാനാണ് ഭാരതത്തിന്റെ ലക്ഷ്യം.ടിബി മുക്ത ഭാരതത്തിനായി പ്രധാന പദ്ധതി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചിട്ടുണ്ട്.ആദ്യ 3 വർഷത്തിൽ 12000 കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി അനുവദിച്ചിരിയ്ക്കുന്നത്.

**തീരുമാനം 46**

**പുതിയ 75 ബിരുദ-ബിരുദാനന്തര മെഡിക്കൽ കോളേജുകൾ**

**പുരോഗതി** രാജ്യത്തെ മെഡിക്കൽ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 15 പുതിയ എയിംസ് ആശുപത്രികൾ ആരംഭിച്ചു.അനുച്ഛേദം 370 റദ്ദാക്കിയ ശേഷം ജമ്മുകശ്മീരിൽ 2 എയിംസ് ആശുപത്രിയും 9 പുതിയ മെഡിക്കൽ കോളേജുകളും ആരംഭിച്ചു.

**1947 മുതൽ 2014 വരെ**

| രാജ്യത്തെ ആകെ മെഡിക്കൽ കോളേജുകൾ | മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ | |
|---|---|---|
| 381 | 52000 ബിരുദം | 30000 ബിരുദാനന്തര ബിരുദം |

**2014 മുതൽ 2020 വരെ**

| പുതിയ മെഡിക്കൽ കോളേജുകൾ | മെഡിക്കൽ കോളേജിലെ സീറ്റുകൾ | |
|---|---|---|
| 184 | ബിരുദം 85000 ത്തിലധികം | 46000 ബിരുദാനന്തര ബിരുദം |

കഴിഞ്ഞ 6 വർഷത്തിനിടെ ആയുഷ് കോളേജുകളുടെ എണ്ണം 200ൽ നിന്നും 711 ആയി.പുതിയ 435 ആയുഷ് ആശുപത്രികൾ രാജ്യത്ത് ആരംഭിച്ചു.ഇതോടെ ആകെ ആശുപത്രികളുടെ എണ്ണം 4035 ആയി.

"ചികിത്സ സൗജന്യമായിരിയ്ക്കും എന്ന് ഒരിക്കലും ചിന്തിച്ചിരുന്നില്ല.ആദ്യമായി ആയുഷ്മാൻ ഭാരത് പദ്ധതിയെ പറ്റി കേട്ടപ്പോൾ എനിയ്ക്ക് വിശ്വസിയ്ക്കാൻ കഴിഞ്ഞില്ല.എന്റെ ഇളയ മകളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരുന്നു.ആയുഷ്മാൻ കാർഡിലൂടെ മരുന്നുകളും രക്തമാറ്റവും സൗജന്യമായി ലഭിച്ചു

**ബുലൈ ദാസ്,ധരംനഗർ ജില്ല,ത്രിപുര**

## തീരുമാനം 47 പോഷകാഹാരക്കുറവ് പരിഹരിയ്ക്കാനായി പോഷൺ അഭിയാൻ

**പുരോഗതി** ആരോഗ്യം,വിദ്യാഭ്യാസം,സമ്പദ്‌രംഗം അങ്ങനെ മുഴുവൻ മേഖലകളിലും അടിത്തറ ഉറപ്പിയ്ക്കാനുള്ള നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിയ്ക്കുന്നത്.പോഷകാഹാരക്കുറവ് പരിഹരിയ്ക്കാനായി 2018 മാർച്ച് 8 മുതൽ ഘട്ടങ്ങളായി സർക്കാർ പോഷൺ അഭിയാൻ നടപ്പിലാക്കിവരുന്നു.

2020 ഒക്ടോബർ 1 മുതൽ 2021 മാർച്ച് 15 വരെ നടന്ന പ്രവർത്തികൾ **10.09 ലക്ഷം**

ഉൾപ്പെട്ട പ്രായപൂർത്തിയായ പുരുഷൻമാർ **51.7 ലക്ഷം**

ഉൾപ്പെട്ട പ്രായപൂർത്തിയായ സ്ത്രീകൾ **75.5 ലക്ഷം**



**9046 കോടി** യാണ് 3 വർഷ പദ്ധതിയ്ക്കായി നീക്കിവച്ചിരിയ്ക്കുന്ന ആകെ തുക.ഇതിന് കീഴിൽ പോഷകാഹാരക്കുറവ് ഇല്ലാതാക്കുന്നതിനായി എല്ലാ മന്ത്രാലയങ്ങളും കൂട്ടായി പ്രവർത്തിയ്ക്കുന്നു.22 സംസ്ഥാനങ്ങളിലായി 50തിലധികം പദ്ധതികൾ നടപ്പാക്കി.

## തീരുമാനം 48 പരിശീലനം ലഭിച്ച ഡോക്ടർമാരുടെ അനുപാതം 1:1400 ആക്കാനായുള്ള നടപടികൾ

**പുരോഗതി** ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം 1000 ആളുകൾക്ക് 1 ഡോക്ടർ എന്നതാണ് അനുപാതം.ഈ നേട്ടം കരസ്ഥമാക്കുന്നതിലേക്കുള്ള ചുവടുവയ്പ്പുകളിലാണ് ഭാരതം.സാമ്പത്തിക സർവ്വെ പ്രകാരം,1456 ആളുകൾക്ക് 1 ഡോക്ടർ എന്നതാണ് നിലവിൽ രാജ്യത്തെ അനുപാതം.ഇത് മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ പുരോഗമിയ്ക്കുന്നുണ്ട്.

## തീരുമാനം 49 ആരോഗ്യ അടിസ്ഥാനസൗകര്യത്തെ ഉടച്ചുവാർക്കുന്നു

**പുരോഗതി** പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റാനുള്ള നമ്മുടെ സഹനശേഷിയെ കൊവിഡ് പരിശോധിച്ചു.ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രധാനമന്ത്രി ആത്മനിർഭർ സ്വസ്ഥ്ഭാരത് യോജന രാജ്യത്ത് ആരംഭിച്ചത്.64,180 കോടി ചിലവുള്ള പദ്ധതിയുടെ ലക്ഷ്യം പ്രാഥമിക,ദ്വിതല,ത്രിതല ആരോഗ്യസംവിധാനങ്ങളുടെ ശാക്തീകരണമാണ്.3,382 ബ്ലോക്കുകളിൽ പൊതു ആരോഗ്യ യൂണിറ്റുകൾ ആരംഭിച്ചു.ദേശീയ ഡിജിറ്റൽ ഹെൽത്ത് മിഷൻ പ്രഖ്യാപിച്ചു.6 സംസ്ഥാനങ്ങളിൽ നടത്തിയ പൈലറ്റ് പദ്ധതിയിൽ 12 ലക്ഷം ആളുകൾക്ക് ഡിജിറ്റൽ ഹെൽത്ത് ഐഡി നൽകി.ഇത് അധികം വൈകാതെ മറ്റ് സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിയ്ക്കും.2021-22 വർഷത്തിൽ 23,123 കോടി രൂപയുടെ 'ഇന്ത്യ കൊവിഡ് 19 എമർജൻസി റെസ്പോൺസ് ആന്റ് ഹെൽത്ത് സിസ്റ്റം പ്രിപ്പയേർഡ്നെസ്സ് പാക്കേജ് –ഫേസ് 2 പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.ആരോഗ്യ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിയ്ക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആരോഗ്യസംവിധാനത്തെ തയ്യാറാക്കി നിർത്തുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്.

# സദ്ഭരണത്തിനായി ഉറച്ച തീരുമാനം

മിനിമം സർക്കാർ മാക്സിമം ഭരണം എന്ന മന്ത്രം അടിസ്ഥാനമാക്കി പ്രവർത്തിയ്ക്കുന്ന സർക്കാർ ജീവിതം ആയാസരഹിതമാക്കാനും,നടപടികൾ ലഘൂകരിയ്ക്കാനും,അനാവശ്യ നിയമങ്ങൾ ഒഴിവാക്കാനും,സർക്കാർ ഓഫീസുകളിൽ സേവനങ്ങൾക്കായുള്ള കടലാസ് നീക്കങ്ങൾ ഒഴിവാക്കാനും,ഓൺലൈനായി അപേക്ഷകൾ പൂരിപ്പിയ്ക്കാനും,ജനങ്ങളുടെ പരാതികൾ ഗൗരവത്തോടെ കേട്ട് അവ പരിഹരിയ്ക്കാനും ഉള്ള നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്.ഇതെല്ലാം സർക്കാർ ഓഫീസുകളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി വരുന്നു.

## തീരുമാനം 50 രാജ്യത്ത് ഡിജിറ്റൽ ഇടപാടുകൾക്ക് പ്രോത്സാഹനം

**പുരോഗതി** ഇക്കാലത്ത് ഒഴിവാക്കാൻ പറ്റാത്ത ഒന്നാണ് ഡിജിറ്റൽ പണമിടപാടുകൾ.ഇതുമുന്നിൽ കണ്ടാണ് 2015ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി 2015ൽ ഡിജിറ്റൽ ഇന്ത്യ ക്യാംപയിൻ ആരംഭിച്ചത്.ഇവയുടെ ഗുണം ഏറ്റവും കൂടുതൽ മനസിലായത് കൊറോണക്കാലത്താണ്.54 മന്ത്രാലയങ്ങളുടെ 318 പദ്ധതികളിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം നേരിട്ട് നിക്ഷേപിയ്ക്കുന്നു.ഭീം ആപ്പിൽ 170തിലധികം ബാങ്കുകൾ 24 മണിക്കൂർ ഡിജിറ്റൽ പണമിടപാട് സൗകര്യം നൽകുന്നു.ആഗസ്റ്റ് 2016 മുതൽ മാർച്ച് 2021 വരെ ഈ ആപ്പ് വഴി 4 ട്രില്യണിലധികം ഇടപാടുകൾ നടന്നു.

## തീരുമാനം 51 എല്ലാ പൗരൻമാർക്കും 5 കിലോമീറ്ററിനുള്ളിൽ ബാങ്കിംഗ് സൗകര്യം


**പുരോഗതി** സ്വാതന്ത്ര്യത്തിന് 70 വർഷങ്ങൾക്ക് ശേഷവും രാജ്യത്തെ ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ബാങ്കിംഗ്,ഇൻഷൂറൻസ്,വായ്പ,പെൻഷൻ സൗകര്യങ്ങൾ ലഭിച്ചിരുന്നില്ല.ജൻ ധൻ യോജനയിലൂടെ പ്രായപൂർത്തിയായ മുഴുവൻ ആളുകൾക്കും ബാങ്ക് അക്കൗണ്ട് തുറക്കാൻ പ്രോത്സാഹനം നൽകിയ സർക്കാർ,പോസ്റ്റോഫീസ് ബാങ്ക് സൗകര്യത്തിലൂടെ വീട്ടിൽ ബാങ്ക് സൗകര്യങ്ങൾ എത്തിച്ചു.ഇതിനായി 1 ലക്ഷത്തി 36000 ആക്സസ് പോയന്റുകൾ നഗരങ്ങളിലും ഗ്രാമങ്ങളിലും ആരംഭിച്ചു.വീടുകൾ ബാങ്കിംഗ് സംവിധാനങ്ങൾ എത്തിക്കാനായി 3 ലക്ഷം പോസ്റ്റ്മാൻമാർ സേവനം ചെയ്യുന്നു.


## തീരുമാനം 52

### അന്തരീക്ഷ മലിനീകരണം കുറയ്ക്കാനുള്ള നടപടികൾ

**പുരോഗതി** ലോകാരോഗ്യ സംഘടനയുടെ റിപ്പോട്ട് പ്രകാരം,ലോകത്തെ 90 ശതമാനം കുട്ടികളും വിഷവായു ശ്വസിയ്ക്കാൻ നിർബ്ബന്ധിതരാകുന്നു.122 പ്രധാന നഗരങ്ങളിൽ അന്തരീക്ഷ മലിനീകരണം കുറയ്ക്കാൻ,പിഎം 2.5,പിഎം 10 എന്നിവ 20 മുതൽ 30 ശതമാനം വരെ കുറയ്ക്കാനായി 5 വർഷത്തേയ്ക്ക് ദേശീയ ശുദ്ധവായു പദ്ധതി ആരംഭിച്ചു.വായുമലിനീകരണം കുറയ്ക്കാനായി ബിഎസ് 4 ന് ശേഷം ബിഎസ് 6 നിലവാരത്തിലേക്ക് നേരിട്ട് വാഹനങ്ങളെ മാറ്റി.ഇത് വാഹനങ്ങൾ കാരണമുള്ള മലിനീകരണത്തിൽ 70 ശതമാനത്തിന്റെ കുറവ് വരുത്തും.

2025ഓടെ പെട്രോളിൽ എഥനോളിന്റെ സാന്നിധ്യം.




അപകടകരമായ കാർബൺ മോണോക്സൈഡ് ബഹിർഗമനം കുറയ്ക്കും

ഫെയിം ഇന്ത്യ പദ്ധതിയ്ക്ക് കീഴിൽ പൊതുയാത്രയ്ക്കായി ഇ-വാഹനങ്ങൾക്ക് പ്രോത്സാഹനം.ഇ-വാഹനങ്ങൾക്ക് പ്രത്യേക സബ്സിഡി. ഡൽഹി-എൻസിആർ മേഖലകളിൽ മലിനീകരണം തടയുന്നതിനായി കർശന നടപടികൾ.

## തീരുമാനം 53

### സർക്കാർ നടപടികൾ പൂർണ്ണമായും ഡിജിറ്റലായി

**പുരോഗതി** ഡിജിറ്റൽ ഇന്ത്യ ക്യാംപയിൻ സദ്ഭരണത്തിനായുള്ള സർക്കാർ നടപടികളെ സഹായിക്കുന്നു.ജീവിതം ആയാസരഹിതമാക്കുന്നതിനായി ഡിജിറ്റൽ ഇന്ത്യയ്ക്ക് കീഴിൽ 3 മേഖലകളിലാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചിരിയ്ക്കുന്നത്.1-ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങൾ,2-ഡിജിറ്റൽ സാക്ഷരത,3-ഡിജിറ്റൽ സേവനങ്ങൾ .നിരവധി സേവനങ്ങൾ സുതാര്യവും ആയാസരഹിതവുമാക്കി മാറ്റി.ഭീം,ഉമംഗ്,ഭാരത്നെറ്റ്,ഡിജിറ്റൽ സാക്ഷരത മിഷൻ,ഡിജി ലോക്കർ,ഡിജി സേവക് അല്ലെങ്കിൽ മൈജിഒവി എല്ലാം ഡിജിറ്റൽ ക്യാംപയിനിന്റെ പ്രധാന ഭാഗങ്ങളാണ്.പെൻഷൻകാർക്ക് ഇപ്പോൾ ലൈഫ് സർട്ടിഫിക്കറ്റ് ഡിജിറ്റലായി ലഭിയ്ക്കുന്നു.മൂന്നര ലക്ഷത്തിലധികം പൊതുസേവന കേന്ദ്രങ്ങൾ ആധാർ,ബാങ്കിംഗ് ഓൺലൈൻ സേവനങ്ങൾ നൽകുന്നു.

**4.54** കോടിയിലധികം പെൻഷൻകാർ ഡിജിറ്റൽ ഓതന്റിക്കേഷൻ സൗകര്യം ഉപയോഗിച്ചു.



**ഭാരതത്തിന്റെ ഡിജിറ്റൽ എക്കോണമി 1 ട്രില്യൺ ഡോളറെന്ന നാഴികക്കല്ലിനടുത്താണ്**

**2039 സേവനങ്ങളും ബില്ലുകൾക്ക് പണം നൽകലും ഉമംഗ് ആപ്പിൽ ലഭ്യമാണ്.**

> **ഡിജിറ്റൽ സാങ്കേതികവിദ്യയിലുള്ള ഭാരതത്തിന്റെ ശേഷി ഈ ദശാബ്ദത്തിൽ വലിയതോതിൽ വികസിയ്ക്കും.ആഗോള ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിൽ ഭാരതത്തിന്റെ പങ്കാളിത്തം വർദ്ധിയ്ക്കാനും ഇത് സഹായിക്കും.ഡിജിറ്റൽ സാങ്കേതികവിദ്യ കൊണ്ട് ശക്തരാകുന്ന യുവജനങ്ങൾ ഈ ഡെക്കേഡിനെ(ദശാബ്ദത്തെ) ഭാരതത്തിന്റെ ടെക്കേഡാക്കി മാറ്റും.**
>
> നരേന്ദ്ര മോദി,പ്രധാനമന്ത്രി

## തീരുമാനം 54

### രാജ്യത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നു

**പുരോഗതി** സഹകരണത്തിലൂടെ സമൃദ്ധി എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി പ്രത്യേക സഹകരണ മന്ത്രാലയം എന്ന ചരിത്രപരമായ തീരുമാനം സർക്കാർ നടപ്പിലാക്കി.പ്രത്യേക ഭരണ,നയ,നിയമ ചട്ടക്കൂടുകളിലൂടെ മന്ത്രാലയം രാജ്യത്തെ സഹകരണ രംഗത്തെ ശക്തിപ്പെടുത്തും.ലോകത്തിലെ ഏറ്റവും പഴയതും ഏറ്റവും വലുതുമാണ് ഭാരതത്തിലെ സഹകരണ മേഖല

## തീരുമാനം 55

### മനുഷ്യനെ ബഹിരാകാശത്തേക്ക് അയക്കാനായി ഭാരതത്തിന്റെ ഗഗൻയാൻ മിഷൻ

**പുരോഗതി** ഭാരതത്തിന്റെ ആദ്യ ആളില്ലാ ഗഗൻയാൻ മിഷൻ ഈ വർഷം അവസാനത്തോടെ നടക്കും.കൊറോണ കാരണമാണ് ഇതിൽ താമസമുണ്ടായത്.രണ്ടാമത്തെ ആളില്ലാ വാഹനം 2022-23ൽ അയക്കും.ഇതിന് ശേഷം മനുഷ്യനെ ബഹിരാകാശത്തേക്കയക്കും.ഗഗൻയാൻ മിഷന്റെ ഭാഗമായി ഭാരതത്തിലെ 4 ബഹിരാകാശ യാത്രികർക്ക് റഷ്യയിൽ പരിശീലനം ലഭിച്ചിരുന്നു.ഐഎസ് ആർ ഒ യുടെ ജിഎസ്എൽവി എംകെ-3 ആണ് ദൗത്യത്തിനായി തിരഞ്ഞെടുക്കപ്പെട്ടിരിയ്ക്കുന്നത്.

# സമ്പദ്‌രംഗത്തെ ആത്മനിർഭരമാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നു




സ്വാതന്ത്ര്യം ലഭിച്ച് 7 ദശാബ്ദങ്ങൾക്ക് ശേഷമാണ് ഭാരതത്തിന്റെ സമ്പദ്‌രംഗം 3 ട്രില്യൺ അമേരിക്കൻ ഡോളറിലെത്തുന്നത്.2014ന് ശേഷം നിരവധി പരിഷ്ക്കാരങ്ങളിലൂടെ സമ്പദ്‌രംഗത്തിന് ഉത്തേജനം നൽകി.അതിന്റെ ഫലമായി 2025ൽ 5 ട്രില്യൺ അമേരിക്കൻ ഡോളർ സമ്പദ്‌വ്യവസ്ഥ ആകാനുള്ള തയ്യാറെടുപ്പിലാണ് ഭാരതം

## തീരുമാനം 56 ബിസിനസ് ചെയ്യാനുള്ള എളുപ്പത്തിൽ ഭാരതത്തിന്റെ നിലവാരം ഉയർത്താൻ ലക്ഷ്യം

**പുരോഗതി** ഈ ഇൻഡക്സ് പുറത്തിറക്കിയത് ലോകബാങ്കാണ്.ബിസിനസ് ചെയ്യാനുള്ള എളുപ്പത്തിന്റെ റാങ്കിംഗിനായി സമ്പദ്‌രംഗത്തിന്റെ വിവിധ വശങ്ങളാണ് പരിശോധിക്കുന്നത്.ഈ റാങ്കിംഗ് അടിസ്ഥാനമാക്കിയാണ് നിക്ഷേപകർ തീരുമാനങ്ങളെടുക്കുക.

**ബിസിനസ് ചെയ്യാനുള്ള എളുപ്പം**




ലോകത്ത് ബിസിനസ് ചെയ്യാൻ എളുപ്പമുള്ള ആദ്യ 50 രാജ്യങ്ങളിൽ ഭാരതത്തെ എത്തിയ്ക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

> തൃശൂരിൽ ചെറിയൊരു പലഹാര നിർമ്മാണ യൂണിറ്റ് നടത്തുകയാണ് കെ എം ജോസി.ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിലും ലൈസൻസ് നേടുന്നതിലും അദ്ദേഹത്തിന് സാങ്കേതിക തടസ്സങ്ങളുണ്ടായി.നിരവധി ശ്രമിച്ചിട്ടും രജിസ്ട്രേഷൻ നടക്കാതായപ്പോൾ ജോസി ചാംപ്യൻസ് പോർട്ടലിൽ പരാതി രജിസ്റ്റർ ചെയ്തു.24 മണിക്കൂറിനകം തൃശൂരിലെ എംഎസ്എംഇ സംഘം എഫ്എസ്എസ്എ ഐയുമായി ബന്ധപ്പെടുകയും പ്രശ്നം പരിഹരിയ്ക്കുകയും ചെയ്തു.

## തീരുമാനം 57 ജിഡിപി യിൽ നിർമ്മാണ മേഖലയുടെ പങ്കാളിത്തം ഉയർത്താനുള്ള പരിശ്രമങ്ങൾ

**പുരോഗതി** ജിഡിപി യുടെ 30 ശതമാനമാണ് നിർമ്മാണ മേഖലയുടെ പങ്ക്.കൊറോണ കാരണം ഇതിൽ കുറവ് വന്നു.പരമ്പരാഗതമായി സർക്കാർ നിരവധി ആനുകൂല്യങ്ങൾ ഈ മേഖലയ്ക്ക് നൽകി വരുന്നു.നിർമ്മാണ മേഖലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന 13 മേഖലകൾക്കായി ആദ്യമായി ഒരു ഇൻസെന്റീവ് ബന്ധമുള്ള പദ്ധതി സർക്കാർ പ്രഖ്യാപിച്ചു.വ്യത്യസ്ത പിഎൽഐ പദ്ധതികളിൽ അടുത്ത 5വർഷത്തിൽ 1.97 ലക്ഷം കോടി ചിലവാക്കി 500 ബില്യൺ അമേരിക്കൻ ഡോളറിന്റെ ഉൽപ്പാദനമുണ്ടാക്കി 10 മില്യൺ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.ബജറ്റിന് ശേഷം ബന്ധപ്പെട്ടവരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ നേരിട്ടുള്ള ആയവിനിമയം ഒരു പുതിയ ശീലത്തിന്റെ തുടക്കമാണ്.രാജ്യത്തെ സ്വയംപര്യാപ്തമാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഈ നടപടികൾ.

## തീരുമാനം 58 കയറ്റുമതി വർദ്ധിപ്പിക്കാനായി എടുത്ത നിരവധി നടപടികൾ

**പുരോഗതി** ആത്മനിർഭര ഭാരതമെന്നാൽ ഇറക്കുമതി കുറവും കയറ്റുമതി കൂടുതലുമാണ്.ഇതിനായുള്ള പരിശ്രമങ്ങളാണ് കേന്ദ്രസർക്കാർ നടത്തുന്നത്.വിശ്വസിയ്ക്കാൻ കഴിയുന്ന പങ്കാളിയായി ഭാരതത്തെ കാണുന്നുണ്ട് ലോകം.വാണിജ്യമന്ത്രാലയത്തിൽ നിന്നുള്ള സ്ഥിതിവിവരക്കണക്കുകൾ ഇത് സാധൂകരിയ്ക്കുന്നു.2020-21ൽ കൊറോണ കാലത്ത് 290 ബില്യൺ അമേരിയ്ക്കൻ ഡോളറായിരുന്നു രാജ്യത്തിന്റെ കയറ്റുമതി.2021-22ൽ ഇത് 400 ബില്യൺ ഡോളറാക്കി വർദ്ധിപ്പിക്കാനാണ് സർക്കാറിന്റെ ലക്ഷ്യം.2022-23ൽ ഇത് 500 ബില്യൺ അമേരിയ്ക്കൻ ഡോളറായി ഉയർത്തും.2021-22 ആദ്യ പാദത്തിൽ കയറ്റുമതി ഭാരതത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന കയറ്റുമതി നിരക്കായ 95 ബില്യൺ അമേരിക്കൻ ഡോളറിലെത്തി.

## തീരുമാനം 59

**വ്യാപാരികളുടെ ദേശീയ ബോർഡ് സ്ഥാപിയ്ക്കുകയും പുതിയ റീട്ടെയിൽ നയം പ്രഖ്യാപിയ്ക്കുകയും ചെയ്യും**



പുരോഗതി! വ്യാപാരികളുടെ പങ്കാളിത്തത്തിലൂടെ അവരുടെ ക്ഷേമം ഉറപ്പുവരുത്താനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.ഇതുമുൻനിർത്തിയാണ് വ്യാപാരികളുടെ ദേശീയ ബോർഡ് രൂപീകരിയ്ക്കാനുള്ള പ്രധാനമന്ത്രിയുടെ തീരുമാനം.ഇതിനായുള്ള വിജ്ഞാപനം 2019 ജൂലായിൽ പുറത്തിറങ്ങി.വ്യാപാരികൾക്കും അവരുടെ തൊഴിലാളികൾക്കും ഗുണപരമായ നയങ്ങൾ രൂപീകരിക്കുന്നതിൽ സഹായിക്കുക എന്നതാണ് ബോർഡിന്റെ ലക്ഷ്യം.

2030ഓടെ 25 മില്യൺ പുതിയ തോഴിലവസരങ്ങൾ റീട്ടെയിൽ മേഖലയിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.ദേശീയ റീട്ടെയിൽ വിൽപ്പന നയം രൂപീകരിയ്ക്കുന്നതിനുള്ള നടപടികളിലാണ് കേന്ദ്രസർക്കാർ.അത് റീട്ടെയിൽ മേഖലയിൽ അനുകൂല പരിതസ്ഥിതി ഉണ്ടാക്കുകയും മേഖലയുടെ വികസനത്തിനുള്ള തടസ്സങ്ങളെ നീക്കുകയും ചെയ്യും.

## തീരുമാനം 60

**കുറഞ്ഞ നികുതി നിരക്കുകൾ,ഉയർന്ന നികുതി പിരിവ്,വർദ്ധിച്ച നികുതി പങ്കാളിത്തം**

പുരോഗതി! കോർപ്പറേറ്റ് നികുതി നിരക്ക് ഏറ്റവും ഉയരത്തിലായിരുന്ന ഒരു കാലം ഭാരതത്തിലുണ്ടായിരുന്നു.ആഭ്യന്തര കമ്പനികൾ 30 ശതമാനം കോർപ്പറേറ്റ് നികുതി നൽകണമായിരുന്നു.ഇതുകൂടാതെ അവർ സർചാർജും നൽകണം.ഇപ്പോഴത് 22 ശതമാനമായി കുറച്ചു.ഇപ്പോൾ സർചാർജും സെസും അടക്കം 25.17 ശതമാനമാണ് നികുതി.ഇത് ബിസിനസിനെ സഹായിക്കും.പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നു.ജിഎസ്ടിയിൽ അയവുവരുത്തിയതുൾപ്പെടെ വ്യാപാരികൾക്ക് ആശ്വാസകരമായ നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചു.ഇതുവരെ ജിഎസ്ടി കമ്മറ്റിയുടെ 44 യോഗങ്ങൾ നടന്നു.നേരത്തെ 14.4 ശതമാനമായിരുന്ന ശരാശരി നികുതി നിരക്ക് ഇപ്പോൾ 11 ശതമാനമായി കുറഞ്ഞു.ഇളവുകൾ നൽകിയതിലൂടെ നികുതി പിരിവ് വർദ്ധിച്ചു.2020 ഒക്ടോബർ മുതൽ 2021 മെയ് വരെയുള്ള കൊറോണക്കാലത്തും തുടർച്ചയായി 8 മാസം ജിഎസ്ടി പിരിവ് 1 ലക്ഷം കോടിക്ക് മുകളിൽ ലഭിച്ചു.




## തീരുമാനം 61

**കമ്പനി നിയമത്തിൽ ഭേദഗതി വരുത്തിയ സർക്കാർ ചെറിയ കേസുകളിൽ നടപടി പിഴ ശിക്ഷയായി കുറച്ചു.അതുവഴി കോടതി വ്യവഹാരങ്ങൾ കുറയ്ക്കാനും ബിസിനസ് കൂടുതൽ സൗകര്യപ്രദമാക്കാനും കഴിഞ്ഞു**

പുരോഗതി! കമ്പനി നിയമത്തിൽ ഭേദഗതി വരുത്താനുള്ള തീരുമാനത്തിന് കഴിഞ്ഞ വർഷം മാർച്ചിലാണ് കേന്ദ്ര ക്യാബിനറ്റ് അംഗീകാരം നൽകിയത്.ബിസിനസ് എളുപ്പമാക്കാനും ക്രിമിനൽ നടപടികളിൽ നിന്നും സംരംഭകരെ സംരക്ഷിക്കാനും ഉദ്ദേശിച്ചാണിത്.കമ്പനി നിയമം 2013ലെ 65-ാം വകുപ്പ് ഭേദഗതി ചെയ്തതിലൂടെ 72 തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരികയും സംരംഭകർക്ക് കൂടുതൽ സൗകര്യപ്രദമായി ബിസിനസ് ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്തു.





# എല്ലാവരെയും ഉൾക്കൊണ്ടുള്ള വികസനം

**ദശാബ്ദങ്ങൾ നീണ്ട അവഗണനയ്ക്കും നിസ്സംഗതയ്ക്കും ശേഷം ഇപ്പോൾ സമഗ്രമായ ചിന്തയിലൂടെ വികസനത്തിന്റെ പാതയിലാണ് രാജ്യം.'എല്ലാവർക്കും ഒപ്പം,എല്ലാവരുടെയും വികസനം,എല്ലാവരുടെയും വിശ്വാസം' എന്ന മന്ത്രമാണ് ഭാരതത്തിന്റെ പുരോഗതിയെ നയിക്കുന്നത്.ഇതിന്റെ വിജയത്തിന് ശേഷം 'പുതിയ ഭാരതം,മഹത്തായ ഭാരതം' എന്ന ലക്ഷ്യത്തിനായി പുതിയ മാർഗരേഖയ്ക്ക് രൂപം നൽകിയിരിയ്ക്കുകയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി.വിപ്ലവകരമായ നടപടികളിലൂടെ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിയ്ക്കുകയാണ് സർക്കാർ.യുവജനങ്ങളുടെ അഭിലാഷങ്ങൾക്ക് പ്രോത്സാഹനം നൽകാനായി സ്റ്റാർട്ടപ്പ്,മുദ്ര പദ്ധതികൾ.മെയ്ക്ക് ഇൻ ഇന്ത്യ,മെയ്ക്ക് ഫോർ ദ വേൾഡ് പദ്ധതികളിലൂടെ രാജ്യത്തിന്റെ അഭിലാഷങ്ങൾ രൂപപ്പെടുത്തുന്നു.വോക്കൽ ഫോർ ലോക്കൽ എന്ന മന്ത്രത്തിലൂടെ സ്വയംപര്യാപ്തത നേടുക എന്നത് സർക്കാർ പദ്ധതികളുടെ പ്രധാന ഭാഗമായിക്കഴിഞ്ഞു.പാർശ്വവൽക്കരിക്കപ്പെട്ടവരിലേയ്ക്ക് എത്താനുള്ള സമീപനത്തിന് നല്ല പ്രോത്സാഹനമാണ് ലഭിയ്ക്കുന്നത്.**

## തീരുമാനം 62 — മുഴുവൻ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പ്പ്

**പുരോഗതി** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന,ആരോഗ്യ സംവിധാനങ്ങൾ എളുപ്പത്തിൽ ലഭ്യമല്ലാത്ത വിദൂരമേഖലകളിൽ, മുഴുവൻ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പ്പ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്.12 രോഗങ്ങൾക്കെതിരായ പ്രതിരോധകുത്തിവയ്പ്പാണ് ഇപ്പോൾ നൽകുന്നത്.

**3.70**

36 സംസ്ഥാനങ്ങളിലെയും/കേന്ദ്രഭരണപ്രദേശങ്ങളിലെയും 690 ജില്ലകളിലെ 3.70 കോടി കുട്ടികൾക്കും 92 ലക്ഷം ഗർഭിണികൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകി.

**50,000**

തദ്ദേശ നിർമ്മിത ന്യൂമോകോക്കൽ വാക്സിൻ കുത്തിവയ്പ്പിലൂടെ പ്രതിവർഷം 50,000 കുട്ടികളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു.ക്യാംപയിൻ പ്രഖ്യാപനം ബജറ്റിലാണ് നടത്തിയത്.

## തീരുമാനം 63 — മുഴുവൻ സർക്കാർ കെട്ടിടങ്ങളും ദിവ്യാംഗ സൗഹൃദമാക്കാൻ നടപടികൾ

**പുരോഗതി** ദിവ്യാംഗർക്ക് സൗഹൃദപരമായ പരിതസ്ഥിതി നൽകുകയാണ് ആക്സിസിബിൾ ഇന്ത്യ ക്യാംപയിനിന്റെ ഉദ്ദേശം.സർക്കാർ കെട്ടിടങ്ങളും ആശുപത്രികളും ദിവ്യാംഗ സൗഹൃദമാക്കാനായി 450 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.1152 കെട്ടിടങ്ങൾക്കാണ് ഈ തുക.35 അന്താരാഷ്ട്ര വിമാനത്താവളങ്ങളും 55 ആഭ്യന്തര വിമാനത്താവളങ്ങളും ദിവ്യാംഗ സൗഹൃദമാക്കി.

709 റെയിൽവെ സ്റ്റേഷനുകളിൽ ഇടക്കാലത്തേയ്ക്കും 603 റെയിൽവെ സ്റ്റേഷനുകളിൽ ദീർഘകാലത്തേയ്ക്കും സൗകര്യങ്ങൾ

**3400**

ആക്സിസിബിൾ കോച്ചുകൾ ഇന്ത്യൻ റെയിൽവെയുടെ കൈവശമുണ്ട്.3 വർഷത്തിനുള്ളിൽ 498 അധിക കോച്ചുകൾ നിർമ്മിയ്ക്കും.

**705**

250 റെയിൽവെ സ്റ്റേഷനുകളിൽ എസ്കലേറ്റർ സൗകര്യം.226 സ്റ്റേഷനുകളിൽ 521 ലിഫ്റ്റുകൾ.

## തീരുമാനം 64 പഞ്ചതീർത്ഥ സർക്യൂട്ട് നിർമ്മാണം വേഗത്തിൽ പുരോഗമിയ്ക്കുന്നു

**പുരോഗതി** പിന്നാക്ക വിഭാഗങ്ങളുടെയും പാവപ്പെട്ടവരുടെയും ക്ഷേമത്തിനായി സ്വന്തം ജീവിതം ഉഴിഞ്ഞുവച്ച വ്യക്തിയാണ് ബാബാസാഹിബ് ഡോ.ഭീം റാവു അംബേദ്കർ.പഞ്ചതീർത്ഥ സർക്യൂട്ടിലൂടെ അദ്ദേഹത്തിന്റെ പൈതൃകത്തെ തിരിച്ചുകൊണ്ടുവരികയാണ് സർക്കാർ. സർക്യൂട്ടിൽ ഉൾപ്പെട്ടിരിയ്ക്കുന്ന സ്ഥലങ്ങൾ.

**മഹുവിലെ ജൻമസ്ഥലം-** 2016 ഏപ്രിൽ 14ന് അംബേദ്കറുടെ 125-ാം ജൻമവാർഷികത്തിൽ ജൻമസ്ഥലമായ മഹുവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലികൾ അർപ്പിച്ചിരുന്നു.അങ്ങനെ ചെയ്ത രാജ്യത്തെ ആദ്യ പ്രധാനമന്ത്രിയാണ് നരേന്ദ്ര മോദി.സുന്ദർ ലാൽ പടാ മധ്യപ്രദേശ് മുഖ്യമന്ത്രിയായിരുന്ന 1991ലാണ് ഇതിന്റെ തറക്കല്ലിട്ടത്.

**ലണ്ടനിലെ വിദ്യാഭ്യാസ സ്ഥലം-**പഠനകാലത്ത് ലണ്ടനിൽ അംബേദ്കർ താമസിച്ചിരുന്ന വീട് 800 കോടി നൽകി കേന്ദ്രസർക്കാർ വാങ്ങിയിരുന്നു.വീട് മ്യൂസിയമാക്കി മാറ്റും.

**ചൈത്യ ഭൂമി-**മുംബൈയിൽ സ്മാരകത്തിന്റെ ഭൂമി പൂജ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയിരുന്നു.

**നാഗ്പൂരിലെ ദിക്ഷ ഭൂമി-**നാഗ്പൂരിൽ വച്ചാണ് ബാബാസാഹിബ് ബുദ്ധമതം സ്വീകരിച്ചത്.അദ്ദേഹത്തിന്റെ 125-ാം ജൻമവാർഷികത്തിൽ ഈ സ്ഥലത്തെ എ ക്ലാസ് വിനോദസഞ്ചാര കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടാണ് പ്രധാനമന്ത്രി ത്വരിത വികസനത്തിന് തുടക്കം കുറിച്ചത്.

**ഡൽഹിയിലെ പരിനിർവ്വാണ ഭൂമി** -ഡൽഹി അലിപൂർ റോഡിലെ 26-ാം നമ്പർ ബംഗ്ലാവിൽ വച്ചാണ് അദ്ദേഹം മരിച്ചത്.ഈ വീട് വലിയ മ്യൂസിയമാക്കി മാറ്റും.15 ജൻപഥ് റോഡിൽ 192 കോടി ചിലവിൽ ഒരു അന്താരാഷ്ട്ര കേന്ദ്രം അദ്ദേഹത്തിന്റെ സ്മരണയ്ക്കായി നിർമ്മിച്ചിട്ടുണ്ട്.192 കോടിയാണ് ഇതിന്റെ ചിലവ്.

## തീരുമാനം 66 ഗോത്രവിഭാഗക്കാരായ സ്വാതന്ത്ര്യസമര സേനാനികൾക്കായി മ്യൂസിയം.

**പുരോഗതി** ഭാരതത്തിന്റെ സ്വാതന്ത്ര്യസമര പോരാട്ടത്തിൽ നിരവധി ഗോത്ര വിഭാഗ നേതാക്കൾ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്.അവരോടുള്ള ആദരസൂചകമായാണ് ട്രൈബൽ ഫ്രീഡം ഹെറിറ്റേജ് മ്യൂസിയം നിർമ്മിക്കാനുള്ള പ്രധാനമന്ത്രിയുടെ തീരുമാനം.ഗുജറാത്തിലെ രാജ്പിപ്ല,ജാർഖണ്ഡിലെ റാഞ്ചി,ആന്ധ്രപ്രദേശിലെ ലംബസിംഗി,ഛത്തീസ്ഗഢിലെ റായ്പൂർ,കേരളത്തിലെ കോഴിക്കോട്,മധ്യപ്രദേശിലെ ചിന്ത്വാര,ഹൈദരബാദിലെ തെലങ്കാന,മണിപ്പൂരിലെ സേനാപതി,മിസോറാമിലെ കെൽസെ എന്നിവിടങ്ങളിലാണ് മ്യൂസിയം.

## തീരുമാനം 65 അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ കവറേജിനൊപ്പം ഇൻഷൂറൻസ്,പെൻഷൻ തുടങ്ങിയവ

**പുരോഗതി** പഴയ തൊഴിൽ നിയമങ്ങൾ പരിഷ്ക്കരിയ്ക്കാനും ബിസിനസ് ചെയ്യുന്നതിനുള്ള എളുപ്പത്തിനുമായി 29 കേന്ദ്ര തൊഴിൽ നിയമങ്ങളെ ഏകീകരിച്ചു 4 തൊഴിൽ കോഡുകളാക്കി.സ്വാതന്ത്ര്യത്തിന് 73 വർഷങ്ങൾക്ക് ശേഷമാണ് 4 തൊഴിൽ കോഡുകൾ രൂപീകരിയ്ക്കപ്പെട്ടത്.തൊഴിൽ കോഡിന്റെ 4 തൂണുകൾ ഇവയാണ്.

- വേതന കോഡ്
- സാമൂഹ്യ സുരക്ഷയും ക്ഷേമവും കോഡ്
- തൊഴിൽ സുരക്ഷ, ആരോഗ്യം, ജോലി സ്ഥിതി കോഡ്
- വ്യവസായ ബന്ധങ്ങളുടെ കോഡ്

- പ്രസവ അവധി,പ്രൊഫിഡന്റ് ഫണ്ട്,ഡിസെബിലിറ്റി,ആരോഗ്യ ഇൻഷൂറൻസ്,ഗ്രാറ്റിവിറ്റി,വാർദ്ധക്യ സുരക്ഷ തുടങ്ങിയ സാമൂഹ്യ സുരക്ഷ ആനുകൂല്യങ്ങൾ
- അസംഘടിത മേഖല തൊഴിലാളികൾക്ക് ഇസ്ഐസി ഇപിഎഫ്ഒ ആനുകൂല്യങ്ങൾ
- നിശ്ചിത കാലാവധി തൊഴിലാളികൾക്കും ഗ്രാറ്റിവിറ്റി
- ഭരണ നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കാനായി സ്ഥാപനങ്ങൾക്ക് ഡീംഡ് രജിസ്ട്രേഷൻ
- വ്യാവസായിക തർക്കങ്ങൾ പരിഹരിയ്ക്കാനും ട്രേഡ് യൂണിയനുകളുടെ നിയന്ത്രണത്തിനുമായി നിയമങ്ങളിൽ മാറ്റം
- ജീവനക്കാരുടെ എണ്ണം കുറയ്ക്കൽ,ചിലവ് ചുരുക്കൽ,സ്ഥാപനം അടച്ചുപൂട്ടൽ എന്നിവയ്ക്കായി എന്നിവയ്ക്ക് ആവശ്യമായ അംഗീകാരത്തിന്റെ എണ്ണം മൂന്നിരട്ടി വർദ്ധിപ്പിച്ച് 300 ആക്കി
- വേതന കോഡ് മുഴുവൻ സ്ഥാപനങ്ങൾക്കും ബാധകമാണ്.തൊഴിലാളികളുടെ എണ്ണം മാനദണ്ഡമല്ല.സംഘടിത മേഖലയിലും അസംഘടിത മേഖലയിലും കോഡ് ബാധകമാണ്

## തീരുമാനം 67 പ്രധാനമന്ത്രി ശ്രം യോഗി മാൻധൻ യോജനയിൽ ചില്ലറവിൽപ്പനക്കാരും

**പുരോഗതി** വാർദ്ധക്യത്തിലെ സാമ്പത്തിക സുരക്ഷ എല്ലാവരുടെയും ചിന്താവിഷയമാണ്.ഇതിനായാണ് 2019 മാർച്ചിൽ പ്രധാനമന്ത്രി ശ്രം മാൻധൻ യോജന പ്രഖ്യാപിച്ചത്.പദ്ധതി പ്രകാരം 15000 രൂപയിൽ താഴെ മാസവരുമാനമുള്ളവർക്ക് 60 വയസ്സിന് ശേഷം 3000 രൂപ പ്രതിമാസ പെൻഷൻ ലഭിയ്ക്കും.ഇതിനായി 55 രൂപയാണ് പ്രതിമാസ പ്രീമിയമായി അടയ്ക്കേണ്ടത്.പാവപ്പെട്ടവർക്ക് വാർദ്ധക്യത്തിൽ സാമ്പത്തിക സുരക്ഷ ഉറപ്പാക്കിയ ശേഷം സമാനമായ രീതിയിൽ ചെറുകിട കർഷകർ,ചെറുകിട വ്യാപാരികൾ,സ്വയം തൊഴിൽ ചെയ്യുന്നവർ എന്നിവർക്കായി പ്രധാനമന്ത്രി പെൻഷൻ പദ്ധതി ആരംഭിച്ചു.1.5കോടിയിൽ കുറഞ്ഞ വാർഷിക വിറ്റുവരവുള്ള വ്യാപാരികൾക്ക് പദ്ധതിയിൽ അംഗമാകാം.നിലവിൽ 44000 ആളുകൾക്ക് പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്.

# നവഭാരതത്തിന്റെ ഹൃദയഭാഗത്ത് സ്ത്രീ ശക്തി



**6 വർഷങ്ങൾക്ക് മുമ്പ് ,ജനുവരി 22ന്,രാജ്യത്തെ സ്ത്രീകളെ ശാക്തീകരിയ്ക്കാനുള്ള ലക്ഷ്യത്തിന് ഭരണനേതൃത്വം രൂപം നൽകി. സ്ത്രീ ശാക്തീകരണത്തിനായി സ്വതന്ത്ര ഭാരതത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത നടപടികളാണ് സർക്കാർ സ്വീകരിച്ചത്. 11 വനിതാമന്ത്രിമാരെ കേന്ദ്ര മന്ത്രിസഭയിൽ ഉൾപ്പെടുത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നടപടി സ്ത്രീശക്തിയിലുള്ള വിശ്വാസത്തിന്റെ മികച്ച ഉദാഹരണമാണ്.**

## തീരുമാനം 68

**സാമ്പത്തിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിയ്ക്കുന്നു**

**പുരോഗതി** ആദ്യമായി രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യാൻ സ്ത്രീകൾക്ക് അനുമതി ലഭിച്ചു.മൂന്ന് സേനാ വിഭാഗങ്ങളിലും സ്ത്രീകൾക്ക് പെർമനന്റ് കമ്മീഷൻ അനുവദിച്ചു.സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതി പ്രകാരം,എല്ലാ ബാങ്കും കുറഞ്ഞത് ഒരു വനിതാ സംരംഭകയ്ക്ക് 10 ലക്ഷം മുതൽ 1 കോടി വരെ വായ്പ നൽകണം.പൊതുമേഖലാ സ്ഥാപനങ്ങൾ സംഭരണത്തിന്റെ കുറഞ്ഞത് 3 ശതമാനമെങ്കിലും സ്ത്രീകൾ നേതൃത്വം നൽകുന്ന എംഎസ്എംഇ കളിൽ നിന്നും നടത്തണം എന്നത് ചട്ട പ്രകാരം നിർബ്ബന്ധമാക്കി.ജിഇഎം ൽ 32000ത്തിലധികം വനിതാ സംരംഭകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മുദ്ര പദ്ധതി**

50,000 മുതൽ 10 ലക്ഷം വരെ വായ്പ.പദ്ധതിയുടെ ഗുണഭോക്താക്കളിൽ 70 ശതമാനവും സ്ത്രീകൾ

**26 ലക്ഷം**

26 ലക്ഷത്തിലധികം സ്ത്രീകൾക്ക് പ്രധാനമന്ത്രി കൗശൽ വികാസ് യോജനയ്ക്ക് കീഴിൽ പരിശീലനം

> **പെൺകുട്ടികളെ കൊല്ലാതിരിയ്ക്കാനും അവർക്ക് വിദ്യാഭ്യാസം നൽകാനും പ്രധാനമന്ത്രി നിങ്ങളോട് യാചിക്കുകയാണ്. പെൺമക്കളെ കുടുംബത്തിന്റെ അഭിമാനമായും രാജ്യത്തിന്റെ യശസ്സായും കാണണം. മകനും,മകളും രണ്ട് ചിറകുകളാണ്. അവയില്ലാതെ ജീവിതത്തിന്റെ ഉയരങ്ങളിലെത്താൻ കഴിയില്ല.**
>
> – നരേന്ദ്ര മോദി,പ്രധാനമന്ത്രി

## തീരുമാനം 69

**മുത്തലാഖ് നിരോധിച്ച് മുസ്ലിം സ്ത്രീകൾക്ക് നീതി ഉറപ്പുവരുത്തി**

**പുരോഗതി** 2018 സെപ്റ്റംബർ 19ന് രാഷ്ട്രപതിയുടെ അംഗീകാരത്തിന് ശേഷം നിയമം വഴി മുത്തലാഖ് രാജ്യത്ത് നിരോധിക്കപ്പെട്ടു.ഇപ്പോൾ ഏതുമാർഗത്തിലും ഭാര്യയ്ക്ക് തലാഖ് നൽകുന്നത് ക്രിമിനൽ കുറ്റമാണ്.ഇരയാക്കപ്പെട്ടവർക്കോ അടുത്ത ബന്ധുവിനോ ഇതിനെതിരെ പരാതി നൽകാം.വാറന്റില്ലാതെ പോലീസിന് കുറ്റക്കാരനെ അറസ്റ്റ് ചെയ്യാം.പരമവധി 3 വർഷം തടവും പിഴയുമാണ് ശിക്ഷ.കോടതിയിൽ നിന്നു മാത്രമേ കുറ്റക്കാരന് ജാമ്യം ലഭിയ്ക്കു.പരാതിക്കാരിയുടെ ഭാഗം കേൾക്കാതെ കുറ്റക്കാരന് ജാമ്യം അനുവദിയ്ക്കാൻ പാടില്ല.ഇത്തരം കേസുകളിൽ ഭാര്യയ്ക്കും കുട്ടികൾക്കും ഭർത്താവ് നൽകണ്ട ചിലവ് തുക മജിസ്ട്രേറ്റ് തീരുമാനിയ്ക്കും.



സങ്കൽപ്പിത് ഭാരതം
സശക്ത് ഭാരതം

> മുത്തലാഖ് മുസ്ലിം സ്ത്രീകൾ നേരിട്ട വലിയ പ്രശ്നമായിരുന്നു. നിയമം വന്ന ശേഷം സ്ത്രീകൾ കൂടുതൽ സുരക്ഷിതരായി. നിയമം വഴി മുത്തലാഖ് നിരോധിച്ചതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്ക് നന്ദി.
>
> – സഹബിയ,ഹൈദരാബാദ്

## തീരുമാനം 70 സ്ത്രീകളുടെ പോഷണത്തിലും ആരോഗ്യത്തിലും പ്രത്യേക ശ്രദ്ധ

**പുരോഗതി** സ്ത്രീകളുടെ ആരോഗ്യവും,സുരക്ഷയും പ്രോത്സാഹിപ്പിയ്ക്കുന്നതിനായി പ്രധാനമന്ത്രി ജൻഔഷധി കേന്ദ്രങ്ങളിലൂടെ 1 രൂപയ്ക്ക് സാനിട്ടറി നാപ്കിൻ ലഭ്യമാക്കി.മിഷൻ ഇന്ദ്രധനുഷിന് കീഴിൽ 92 ലക്ഷത്തിലധികം സ്ത്രീകൾക്ക് വാക്സിൻ നൽകി.


- ജോലിചെയ്യുന്ന സ്ത്രീകളുടെ സൗകര്യത്തിനായി പ്രസവ അവധി 12 ആഴ്ച്ചയിൽ നിന്നും 26 ആഴ്ചയാക്കി വർദ്ധിപ്പിച്ചു.എല്ലാ ഓഫീസുകളിലും ക്രഷ്
- സൗകര്യം ഏർപ്പെടുത്തി.

2017 മുതൽ പോഷകാഹാര ക്യാപയിനിനായി ഏഴായിരം കോടിയിൽ അധികം രൂപ ചിലവാക്കി.

## തീരുമാനം 71 നിയമങ്ങളിലൂടെ സുരക്ഷ

**പുരോഗതി** നിലവിലെ നിയമപ്രകാരം 12 വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടികളെ ബലാൽസംഗം ചെയ്യുന്നവർക്ക് വധശിക്ഷ,ബലാൽസംഗ കേസുകളിലെ വിചാരണ 2 മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ വ്യവസ്ഥ.

- സ്ത്രീകൾക്കെതിരായി അതിക്രമങ്ങൾ നടത്തുന്നവരുടെ ദേശീയ ഡാറ്റാബേസ് തയ്യാറാക്കി.അത്തരം കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ.
- 700ലധികം വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ രാജ്യത്തുണ്ട്.പുതിയ ടാക്സി നയം പ്രകാരം എല്ലാ ടാക്സികളിലും ജിപിഎസ്സും പാനിക് ബട്ടണും നിർബ്ബന്ധമാക്കി.



# സാംസ്കാരിക പൈതൃകം സംരക്ഷിയ്ക്കാനുള്ള നടപടികൾ

സാംസ്കാരിക പൈതൃകത്തിനും ചരിത്ര സ്മാരകങ്ങൾക്കും പ്രശസ്തമാണ് ഭാരതം.ഏതൊരു രാജ്യവും അറിയപ്പെടുന്നത് അതിന്റെ സാംസ്കാരികവും പുരാവസ്തു വികസനത്തിന്റെയും പേരിലാണ്.രാജ്യത്ത് കണ്ടെത്തിയിട്ടുള്ള നിരവധി പുരാവസ്തു കേന്ദ്രങ്ങൾ രാജ്യത്തിന്റെ മഹത്തായ ചരിത്രത്തിന്റെ ഉദാഹരണങ്ങളാണ്.രാജ്പുത് കാലഘട്ടം മുതൽ സ്വാതന്ത്ര്യം വരെ സമ്പന്നമായൊരു ചരിത്രം ഭാരതത്തിനുണ്ട്.രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിയ്ക്കാനായി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.അയോധ്യയിൽ രാമക്ഷേത്ര നിർമ്മാണം,കർത്താർപൂർ ഇടനാഴി തുടങ്ങി പൈതൃകങ്ങൾ സംരക്ഷിയ്ക്കുന്നതിൽ മാത്രമല്ല,അവയുടെ മുഖംമിനുക്കുന്നതിലും സർക്കാർ ശ്രദ്ധനൽകിയിട്ടുണ്ട്.

## തീരുമാനം 72

**സ്വദേശ് ദർശൻ,പ്രസാദ്,ഹൃദയ് യോജന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കിയതിലൂടെ വിനോദസഞ്ചാരത്തിന് പ്രോത്സാഹനം**

**പുരോഗതി** **പ്രസാദ് യോജന:**പിൽഗ്രിമേജ് റിജുവനേഷൻ ആന്റ് സ്പിരിചൽ ഹെറിറ്റേജ് പ്രൊമോഷൻ ക്യാംപയിൻ എന്നതാണ് പ്രസാദ് യോജന.കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് കീഴിലുള്ള പദ്ധതി,

തിരഞ്ഞെടുക്കപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങൾ,പൈതൃക സ്ഥാനങ്ങൾ എന്നിവയുടെ വികസനമാണ് ലക്ഷ്യം.പദ്ധതിയിക്ക് കീഴിൽ എത്തിച്ചേരാനുള്ള യാത്രാമാർഗങ്ങൾക്കും(റോഡ്,റെയിൽ,ജലഗതാഗതം)കേന്ദ്രത്തിൽ നിന്നുള്ള കണക്റ്റിവിറ്റിയ്ക്കും,അടിസ്ഥാന വിനോദസഞ്ചാര സൗകര്യങ്ങളായ ഇൻഫർമേഷൻ സെന്റർ,എടിഎം/മണി എക്സ്ചേഞ്ച്,പരിസ്ഥിതി സൗഹൃദ യാത്രാ സംവിധാനങ്ങൾ,പുനരുജ്ജീവിപ്പിക്കാവുന്ന ഊർജ്ജ സ്രോതസ്സുകൾ വഴിയുള്ള ലൈറ്റിംഗ് എന്നിവയ്ക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു.ഇതോടൊപ്പം പാർക്കിംഗ്,കുടിവെള്ളം,ശൗചാലയങ്ങൾ,ക്ലോക്ക് റൂം,കാത്തിരിപ്പ് കേന്ദ്രം,ഫസ്റ്റ് എയ്ഡ് സെന്റർ,കഫ്റ്റീരിയ,ഷെൽട്ടർ ഹോം,ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ എന്നിവയും വികസിപ്പിക്കും.

**ഹൃദയ് യോജന:** ദി നാഷണൽ ഹെറിറ്റേജ് സിറ്റി ഡെവലപ്പ്മെന്റ് ആന്റ് പ്രൊമോഷൻ സ്കീം എന്ന ഹൃദയ് പദ്ധതി 2015 ജനുവരി 21നാണ് ആരംഭിച്ചത്.അജ്മേർ,അമരാവതി,അമൃതസർ,ബദാമി,ദ്വാരക,ഗയ,കാഞ്ചീപുരം,മധുര,പുരി,വാരാണസി,വേളാങ്കണ്ണി,വാറങ്കൽ എന്നീ 12 നഗരങ്ങളിലാണ് പദ്ധതിനടപ്പിലാക്കിയിരിയ്ക്കുന്നത്.പദ്ധതിയ്ക്ക് കീഴിൽ രാജ്യത്താകമാനമുള്ള ചരിത്ര നിർമ്മിതകൾ സംരക്ഷിക്കപ്പെടുന്നു.ഇതോടൊപ്പം പദ്ധതിയ്ക്ക് കീഴിൽ പൊതുനിർമ്മിതികളും നടത്തുന്നു.

## തീരുമാനം 73 മുഴുവൻ ദേശീയ മ്യൂസിയങ്ങളിലെയും ശേഖരങ്ങളെ ഡിജിറ്റൈസ് ചെയ്യുന്നു

**പുരോഗതി** മ്യൂസിയങ്ങളിലെ ശേഖരങ്ങൾക്കായി നാണൽ പോർട്ടൽ,ഡിജിറ്റൽ റെപ്പോസിറ്ററി എന്നിവ തയ്യാറാക്കിയിട്ടുണ്ട്.ഇതുവഴി വർചലായി ഡിജിറ്റൽ ശേഖരങ്ങൾ കാണാം.ഗൂഗിൾ ആർട്സ്,കൾച്ചർ ആപ്പുകളിലൂടെ 20,000 മ്യൂസിയങ്ങളിലെ ശേഖരങ്ങൾ ഒറ്റക്ലിക്കിൽ കാണാം.ചരിത്രം,കല,ലോകാത്ഭുതങ്ങൾ എന്നിവയെല്ലാം കാണാനുള്ള മികച്ച ഉപാധിയാണിത്.ഐഒഎസ് പ്ലാറ്റ്ഫോമിലും ആൻഡ്രോയിഡ് പ്ലാറ്റ്ഫോമിലും ആപ്പുകൾ സൗജന്യമായി ലഭ്യമാണ്.

## തീരുമാനം 74 രാജ്യത്തെ അറിയപ്പെടാത്ത നായകരെ ആദരിയ്ക്കുന്നു

**പുരോഗതി** സ്വാതന്ത്ര്യം ലഭിച്ച് വർഷങ്ങൾക്ക് ശേഷവും അറിയപ്പെടാതെ പോയ നിരവധി നായകർക്ക് അർഹിയ്ക്കുന്ന ആദരവ് ലഭിയ്ക്കുന്നു.ജനങ്ങൾ അവരുടെ മഹത്വവും പ്രവർത്തികളും വായിക്കുന്നു.നേതാജി സുഭാഷ് ചന്ദ്ര ബോസുമായി ബന്ധപ്പെട്ട രഹസ്യരേഖകൾ ആദ്യമായി പരസ്യപ്പെടുത്തി.ബിർസ മുണ്ട,ദീനബന്ധു സർ ഛോട്ടു റാം,മഹാരാജാ സുഹൽ ദേവ് എന്നീ മഹത്വ്യക്തികളുടെ പാരമ്പര്യം സംരക്ഷിക്കപ്പെട്ടു.പദ്മ പുരസ്കാരങ്ങൾക്കായുള്ള നാമനിർദ്ദേശങ്ങൾ ഓൺലൈനാക്കുക വഴി സുതാര്യത കൈവന്നു.രാജ്യത്തെ ഏത് പൗരനും അവാർഡിനായി നാമനിർദ്ദേശങ്ങൾ നൽകാൻ കഴിയും.രാജ്യത്തിന് വേണ്ടി നിസ്വാർത്ഥ സേവനം നടത്തിയവരെ പുരസ്കാരങ്ങളിലൂടെ ആദരിയ്ക്കുകയാണ് സർക്കാർ.

## തീരുമാനം 75

### ഗംഗയെ ശുദ്ധമാക്കാൻ നിരവധി നടപടികൾ

**പുരോഗതി** സാംസ്കാരികവും ആത്മീയവുമായ പ്രാധാന്യമുണ്ട് ഗംഗാനദിയ്ക്ക്.40 ശതമാനത്തിലധികം ഭാരതീയർ ഗംഗയെ ആശ്രയിച്ചു ജീവിക്കുന്നു.ഗംഗയെ പുനരുജ്ജീവിപ്പിക്കാനും സാംസ്കാരിക പ്രാധാന്യം തിരിച്ചുകൊണ്ടുവരാനുമായാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി നമാമി ഗംഗെ മിഷൻ ആരംഭിച്ചത്.പദ്ധതിയെ പെട്ടെന്ന് നടപ്പാക്കേണ്ടവ,5 വർഷത്തിനുള്ളിൽ നടപ്പാക്കേണ്ടവ,10 വർഷത്തിനുള്ളിൽ നടപ്പാക്കേണ്ടവ എന്നിങ്ങനെ 3 ഘട്ടമായി തിരിച്ചിട്ടുണ്ട്.



### 344 പദ്ധതികൾ

**29990 കോടി ചിലവിൽ 344 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.147 പദ്ധതികൾ പൂർത്തിയായി.ബാക്കിയുള്ളവയിൽ നിർമ്മാണം പുരോഗമിയ്ക്കുന്നു.**

- ഗംഗയെയും പോഷകനദികളെയും പുനരുജ്ജീവിപ്പിക്കാൻ ലക്ഷ്യമിട്ട് 20,000 കോടി ഫണ്ടുമായി 2014-15ലാണ് നമാമി ഗംഗെ ആരംഭിച്ചത്.
- ഗംഗയുടെ പുനരുജ്ജീവനത്തിനായി നീക്കിവച്ച തുകയിൽ വലിയ വർദ്ധനയുണ്ടായി.1986-2014 കാലഘട്ടത്തിൽ ഗംഗാ സംരക്ഷണത്തിനായി 4000 കോടി മാത്രമാണ് ചിലവാക്കിയത്.എന്നാൽ 2014-2021 മാർച്ച് വരെ 10,100 കോടി രൂപ ചിലവാക്കി.
- മലിനജല സംസ്കരണം മെച്ചപ്പെടുത്തി,പുതിയ നദീമുഖങ്ങൾ നിർമ്മിച്ചു,സംസ്കാരങ്ങൾ നടക്കുന്ന ഘാട്ടുകൾ പുതുക്കിപണിതു തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടന്നു.ഘാട്ടുകളിലെ ശുദ്ധീകരണം കഴിഞ്ഞ കുറച്ചു വർഷങ്ങളായി വേഗത്തിൽ പുരോഗമിയ്ക്കുന്നു.ഗംഗാതീരത്തുള്ള കാടുകൾ 2300 കോടി ചിലവിൽ വിപുലീകരിച്ചു.ഗംഗയെ മലിനമാക്കുന്ന വ്യവസായശാലകൾ നിരോധിച്ചു.ഇപ്പോൾ വ്യവസായശാലകളിൽ നിന്നുള്ള മലിനജലം സംസ്കരണ പ്ലാന്റുകളിലേക്കാണ് പോകുന്നത്.



സങ്കൽപ്പിത് ഭാരതം
സശക്ത് ഭാരതം

## കേന്ദ്രമന്ത്രിസഭ

# കൂടുതൽ പ്രഭാവം നിറച്ച്

**അധികാരം പദവി മാത്രമല്ല, ജനങ്ങളെ സേവിക്കാനുള്ള അവസരം കൂടിയാണ്. എത്ര ഉയരമുള്ള മരമായിരുന്നാലും അതിൽ ഫലങ്ങൾ നിറയുന്നതോടെ അതിന്റെ ശിഖരങ്ങൾ താഴേക്ക് ചാഞ്ഞുതുടങ്ങും എന്നതു നാം മനസിലാക്കണം. പ്രധാനമന്ത്രി നരേന്ദ്രമോദി പലപ്പോഴായി പറഞ്ഞിട്ടുള്ള ഈ വാക്കുകൾ അദ്ദേഹത്തിന്റെ സർക്കാരിന്റെ പ്രതിച്ഛായയുടെ കാര്യത്തിലാവട്ടെ, പദ്ധതികൾ കൃത്യമായ സമയത്ത് നടപ്പാക്കുന്ന കാര്യത്തിലാവട്ടെ ഏറെ ശരിയാണ്. ജൂലൈ 7ന് നടന്ന രണ്ടാം മോദി സർക്കാരിന്റെ ആദ്യ മന്ത്രിസഭാ പുനസംഘടനയിലും ഇതു ദൃശ്യമായി. രാജ്യത്തിന്റെ വിവിധ മേഖലകൾക്ക് പ്രാധാന്യം നൽകുന്നതടക്കം മന്ത്രിസഭാ പുനസംഘടനയിൽ പരിഗണിച്ചു. യുവാക്കളുടേയും വനിതകളുടേയും ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് അവർക്കും മതിയായ പ്രാതിനിധ്യം പുനസംഘടനയിൽ ലഭിച്ചു.**

ഭാരതത്തിന്റെ പുരോഗതിക്കായി അക്ഷീണ പ്രയത്നം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന്റെ ക്യാബിനറ്റ് ജൂലൈ 7ന് പുനസംഘടിപ്പിച്ചു. 15 ക്യാബിനറ്റ് മന്ത്രിമാരും 28 സഹമന്ത്രിമാരും പുതുതായി ചുമതലയേറ്റു. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ലക്ഷ്യമിട്ട് അതിവേഗ വികസന പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള ചുമതലയാണ് ഇവർക്ക് നൽകിയത്. പുതിയ കേന്ദ്രമന്ത്രിമാരിൽ അരഡസനിലധികം പേർ 35-45 വയസ്സിനിടയിലുള്ളവരാണ്. പുനസംഘടന പൂർത്തിയായതോടെ കേന്ദ്രമന്ത്രിസഭയുടെ ശരാശരി പ്രായം 58 വയസ്സായി കുറഞ്ഞു. പുതിയ ടീമിന്റെ രൂപീകരണത്തിന് ശേഷം രാജ്യത്തിന്റെ വളർച്ചയെപ്പറ്റി പ്രത്യാശ പ്രകടിപ്പിച്ചുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി ട്വിറ്ററിൽ ഇങ്ങനെ കുറിച്ചു. #Govt4Growth (സർക്കാർ വളർച്ചയ്ക്ക്-സർക്കാർ വികസനത്തിന്). തന്റെ സർക്കാർ രാജ്യവികസനം ലക്ഷ്യമിട്ടാണ് മുന്നോട്ട് പോകുന്നതെന്നും മോദി പറഞ്ഞു.

> "സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്ത എല്ലാ സഹപ്രവർത്തകർക്കും എന്റെ അഭിനന്ദനങ്ങൾ. മന്ത്രിമാരായി പ്രവർത്തിക്കുന്ന അവരുടെ കാലാവധി മികച്ചതായിത്തീരട്ടെ എന്ന് ആശംസിക്കുന്നു. രാജ്യത്തെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തിക്കാനുള്ള പരിശ്രമങ്ങൾ നാം തുടരും. ശക്തവും പ്രഭാവശാലിയുമായ ഭാരതത്തിന്റെ സൃഷ്ടിയാണ് നമ്മുടെ ലക്ഷ്യം
>
> #Govt4Growth"
>
> **- നരേന്ദ്ര മോദി പ്രധാനമന്ത്രി**

**മുഴുവൻ കേന്ദ്രമന്ത്രിസഭാംഗങ്ങളുടെയും പട്ടിക കാണുന്നതിനായി ഈ ലിങ്കിൽ കയറുക: https://pib.gov.in/PressReleasePage.aspx?PRID=1733526**




# സഹകരണ മന്ത്രാലയത്തിന്റെ സൃഷ്ടി

**കേന്ദ്രമന്ത്രിസഭാ പുനസംഘടനയ്ക്ക് തൊട്ടുമുമ്പാണ് രാജ്യവികസനവും സമൃദ്ധിയും ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സഹകരണ മന്ത്രാലയം രൂപീകരിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ തീരുമാനം പുറത്തുവന്നത്. കേന്ദ്രആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് സഹകരണ മന്ത്രാലയത്തിന്റെ ചുമതല കൈമാറിയതോടെയാണ് ഈ തീരുമാനത്തിന്റെ പ്രാധാന്യം വർദ്ധിച്ചത്. രാജ്യത്തെ സഹകരണ മുന്നേറ്റത്തിന് പ്രത്യേക ഭരണ,നിയമ,നയ ചട്ടക്കൂട് നിർമ്മിക്കുകയാണ് സഹകരണ മന്ത്രാലയത്തിന്റെ ലക്ഷ്യം. താഴേത്തട്ടിലേക്കെത്താൻ പൊതുജനപങ്കാളിത്തത്തോടെയുള്ള മുന്നേറ്റത്തിന് സഹകരണ പ്രസ്ഥാനങ്ങളെ പുതിയ മന്ത്രാലയം സഹായിക്കും. സഹകരണാടിസ്ഥാനത്തിലുള്ള സാമ്പത്തിക വികസന മാതൃക രാജ്യത്തിന് ഏറെ അത്യാവശ്യമാണ്. എല്ലാ സഹകാരികളും അവരുടെ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന മാതൃക നടപ്പാക്കും. സഹകരണ സ്ഥാപനങ്ങൾക്ക് ബിസിനസ് ചെയ്യുന്നത് ലളിതവൽക്കരിച്ചു നൽകുന്നതിനും അന്തർസംസ്ഥാന സഹകരണ സ്ഥാപനങ്ങളുടെ വികസനത്തിനും പുതിയ മന്ത്രാലയം സഹായിക്കും.**

**സന്തുലിത മന്ത്രിസഭ**

രാജ്യത്തെ 130 കോടി ജനങ്ങൾക്ക് പ്രതീക്ഷകൾ പകർന്ന് നടന്ന കേന്ദ്രമന്ത്രിസഭാ പുനസംഘടന രാജ്യത്തെ എല്ലാ മേഖലകൾക്കും എല്ലാ സമുദായങ്ങൾക്കും മതിയായ പ്രാതിനിധ്യം നൽകി. കേന്ദ്രസർക്കാരിന്റെ മുദ്രാവാക്യമായ എല്ലാവർക്കുമൊപ്പം എല്ലാവരുടേയും വികസനം എല്ലാവരുടേയും വിശ്വാസം എന്നതിന്റെ പ്രതിഫലനമായി പുതിയ മന്ത്രിസഭ മാറി. സാമൂഹ്യ-മേഖലാ സന്തുലനം ഉറപ്പാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ടാണ് പ്രധാനമന്ത്രി മോദി തന്റെ ടീമിനെ രൂപീകരിച്ചത്.

യുവാക്കൾക്കും വനിതകൾക്കും പ്രത്യേക പ്രാതിനിധ്യം നൽകിക്കൊണ്ട് നടന്ന പുനസംഘടനയിൽ വലിയ അനുഭവ സമ്പത്തുള്ളവരും മികച്ച വിദ്യാഭ്യാസ യോഗ്യതയുള്ളവരും മന്ത്രിസഭാംഗങ്ങളായി. ഡോക്ടർമാർ, അഭിഭാഷകർ, എഞ്ചിനീയർമാർ എന്നിവരെല്ലാം പുതിയ മന്ത്രിമാരിലുണ്ട്. എട്ടു അഭിഭാഷകരും നാലു ഡോക്ടർമാരും രണ്ട് മുൻ ഐഎഎസ് ഉദ്യോഗസ്ഥരും നാല് എംബിഎക്കാരും എഞ്ചിനീയർമാർ അടക്കം മറ്റു നിരവധി പ്രൊഫഷണലുകളും പുതുതായി മന്ത്രിമാരായ 36 പേരിലുണ്ട്.

**വകുപ്പുകൾ തമ്മിലുള്ള മികച്ച സഹകരണം ഉറപ്പാക്കുന്നു**

താഴേത്തട്ടിൽ അതിവേഗത്തിൽ കേന്ദ്രപദ്ധതികൾ എത്തിക്കുന്നതിനും ശരിയായി നടപ്പാക്കുന്നതിനുമാണ് പുതുതലമുറയെ പ്രോത്സാഹിപ്പിക്കുന്നത്. അതിന് പുറമേ വകുപ്പുകൾ തമ്മിലുള്ള ശരിയായ ഏകോപനം സാധ്യമാക്കുന്നതിനായി രണ്ട് ചുമതലകൾ നിരവധി മന്ത്രിമാർക്ക് ഇത്തവണ നൽകിയിട്ടുണ്ട്. ഇതു വികസന പ്രക്രിയ വേഗത്തിലാക്കാൻ സഹായിക്കും.■

കേന്ദ്രമന്ത്രിസഭ പുനസംഘടനയും സത്യപ്രതിജ്ഞയും കാണുന്നതിനായി ക്യൂആർ കോഡ് സ്കാൻ ചെയ്യുക

# ആഗസ്റ്റ് വിപ്ലവം.....

ഭാരതത്തിന്റെ സ്വാതന്ത്ര്യസമര പോരാട്ടത്തിൽ ഏറെ പ്രത്യേകതകളുള്ള മാസമാണ് ആഗസ്റ്റ്. 1920 ആഗസ്റ്റ് 1നാണ് രാജ്യത്ത് നിസ്സഹരണ പ്രസ്ഥാനം ആരംഭിച്ചത്. 1942 ആഗസ്റ്റ് 9നാണ് ക്വിറ്റ് ഇന്ത്യ പ്രക്ഷോഭം തുടങ്ങിയത്. ഇത് പിന്നീട് ആഗസ്റ്റ് ക്രാന്തി (വിപ്ലവം) എന്നും വിശേഷിപ്പിക്കപ്പെട്ടു. 1947 ആഗസ്റ്റ് 15നാണ് ഭാരതം സ്വാതന്ത്ര്യം നേടിയതും. പ്രധാനമന്ത്രി നരേന്ദ്രമോദി പറയുന്നതിങ്ങനെ, 'ക്വിറ്റ് ഇന്ത്യ(ഭാരതം വിടുക) എന്ന ഒരു പ്രമേയം എങ്ങനെയാണോ ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭമായി പരിണമിച്ചത് അതേ മാതൃകയിൽ രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് മുന്നോടിയായി നമുക്ക് ചില പ്രമേയങ്ങൾ യാഥാർത്ഥ്യമാക്കാൻ യുദ്ധങ്ങൾ വിജയിക്കേണ്ടതുണ്ട്'.

**മാലിന്യം- ക്വിറ്റ് ഇന്ത്യ**
**ദാരിദ്ര്യം- ക്വിറ്റ് ഇന്ത്യ**
**അഴിമതി- ക്വിറ്റ് ഇന്ത്യ**
**ഭീകരത- ക്വിറ്റ് ഇന്ത്യ**
**ജാതീയത- ക്വിറ്റ് ഇന്ത്യ**
**വർഗ്ഗീയത- ക്വിറ്റ് ഇന്ത്യ**





സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിന് മുമ്പായി നിസ്സഹരണ പ്രസ്ഥാനത്തിന്റെ 100-ാം വാർഷികവും ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിന്റെ 79-ാം വാർഷികവും നാം ആഘോഷിക്കുന്നു. 1942 ആഗസ്റ്റ് 9ന് എന്തു സംഭവിച്ചെന്ന് പുതുതലമുറ അറിയേണ്ടതുണ്ട്. 1857 മുതൽ 1942 വരെ ഭാരതത്തിലെ ജനങ്ങൾ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള അവരുടെ ഉത്കടമായ ആഗ്രഹവുമായി ജീവിച്ചു. അവർ ഒരുമിച്ചുകൂടി, ഒരുമിച്ച് പോരാടി, നിരവധി ത്യാഗങ്ങൾ സഹിച്ചു. പ്രഭാപൂർണ്ണമായ നവഭാരതത്തിന്റെ സൃഷ്ടിക്ക് ആ ത്യാഗത്തിന്റെ ചരിത്രം നമ്മുടെ പൗരന്മാർ അറിയേണ്ടത് അത്യാവശ്യമാണ്. നമ്മുടെ സ്വാതന്ത്ര്യസമര പോരാട്ടത്തിലെ നായകന്മാർ നിരവധി ത്യാഗങ്ങൾ സഹിച്ചും കഠിനമായ യാതനകൾ അനുഭവിച്ചും ജീവത്യാഗമടക്കമുള്ള സമർപ്പണങ്ങൾ ചെയ്തുമാണ് കടന്നുപോയത്. എത്രവലിയ പ്രചോദനമായിരുന്നു അവർ! ഭാരതത്തിന്റെ സ്വാതന്ത്ര്യസമര പോരാട്ടത്തിലെ നാഴികക്കല്ലായിരുന്നു ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം. ബ്രിട്ടീഷ് ഭരണത്തിനെതിരായി രാജ്യത്തെ മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി സ്വാതന്ത്ര്യത്തിന് വേണ്ടി മുന്നോട്ടുവന്ന പ്രക്ഷോഭം. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ജനങ്ങൾ നഗര ഗ്രാമ വത്യാസമില്ലാതെ, വിദ്യാഭ്യാസം നേടിയവനും നിരക്ഷരരും, പാവപ്പെട്ടവനും പണക്കാരനുമെല്ലാം ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിന്റെ ഭാഗമായി യോജിച്ചു പോരാടി. ജനങ്ങളുടെ രോഷം അതിന്റെ മൂർധന്യത്തിൽ ആയിരുന്നു. മരണം വരെ പോരാടുക എന്ന മഹാത്മാഗാന്ധിയുടെ ആഹ്വാനം ഏറ്റെടുത്ത് ലക്ഷക്കണക്കിന് ജനങ്ങൾ മുന്നോട്ടുവന്നു സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ ഭാഗമായി. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ അവരുടെ പഠനം ഉപേക്ഷിച്ച്, പുസ്തകങ്ങൾ വലിച്ചെറിഞ്ഞ് അന്തിമ പോരാട്ടത്തിനായി തെരുവിലിറങ്ങി. എന്നാൽ പ്രമുഖരായ എല്ലാ നേതാക്കളെയും ബ്രിട്ടീഷ് സർക്കാർ തടവിലാക്കി. ആ സമയത്താണ് രണ്ടാം തലമുറ നേതാക്കളായ ഡോ. രാം മനോഹർ ലോഹ്യ, ജയപ്രകാശ് നാരായൺ, അരുണ ആസഫ് അലി എന്നിവരെപ്പോലുള്ളവർ നിർണ്ണായക ദൗത്യം നിർവഹിച്ചത്.

തിളക്കമാർന്ന നമ്മുടെ ഭൂതകാലത്തെയും സ്വാതന്ത്ര്യത്തിന്റെ പ്രധാന്യത്തെയും ഉത്തരവാദിത്വത്തെയും പറ്റി ഭാവി തലമുറയ്ക്ക് പറഞ്ഞു നൽകേണ്ടതുണ്ട്. അപ്പോൾ മാത്രമേ 70വർഷം മുമ്പ് ഈ സ്വാതന്ത്ര്യലബ്ധിക്ക് വേണ്ടി ഭാരതം സഹിച്ച ത്യാഗങ്ങളെന്തായിരുന്നുവെന്ന് അവർക്ക് ബോധ്യപ്പെടൂ. ഇതിന്റെ ഭാഗമായാണ് സ്വാതന്ത്ര്യത്തിന്റെ അമൃത വർഷ ആഘോഷങ്ങളിലൂടെ സ്വാതന്ത്ര്യസമര പോരാളികളുടെ കഥകൾ ജനങ്ങളിലെത്തിക്കുന്നത്. അവർ അവരുടെ ജീവൻ ത്യജിക്കുക മാത്രമായിരുന്നില്ല, രാജ്യത്തിന്റെ ഭാവി തലമുറകൾക്ക് പ്രചോദനം നൽകുക കൂടിയായിരുന്നു.

“

നൂറ്റാണ്ടുകളായി സ്വാതന്ത്ര്യത്തിന് വേണ്ടി ലക്ഷക്കണക്കിന് ജനങ്ങൾ കാത്തിരുന്ന,അടിമത്വത്തിന്റെ ആ കാലത്തെപ്പറ്റി സങ്കൽപ്പിക്കുമ്പോഴാണ് സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം എത്ര ചരിത്രപരവും തിളക്കമാർന്നതുമാണെന്ന് നാം തിരിച്ചറിയുന്നത്. സനാതന ഭാരതത്തിന്റെ പാരമ്പര്യവും സ്വാതന്ത്ര്യ പോരാട്ടത്തിന്റെ ഓർമ്മകളും സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ പുരോഗതിയും എല്ലാം ചേരുന്നതാവണം സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷം.

**- നരേന്ദ്ര മോദി**
**പ്രധാനമന്ത്രി**





# ഉഷാ മേത്ത

## ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടത്തിന്റെ സാരൂപ്യമായി മാറിയ ശബ്ദം

1920 മാർച്ച് 25ന് ഗുജറാത്തിലെ സൂറത്തിൽ ജനിച്ച ഉഷാ മേത്തയുടെ അച്ഛൻ ബ്രിട്ടീഷ് ഭരണത്തിന് കീഴിലെ ഒരു ജഡ്ജിയായിരുന്നു. ഒരിക്കൽ അവരുടെ ഗ്രാമത്തിൽ മഹാത്മാഗാന്ധി യോഗം വിളിച്ചു ചേർത്തു. ആ യോഗം അവളുടെ ചെറുമനസ്സിൽ വലിയ പ്രതിഫലനങ്ങളുണ്ടാക്കുകയും ഗാന്ധിജിയുടെ അനുയായിയായി അവൾ മാറുകയും ചെയ്തു. ഗാന്ധിജിയുടെ ആശയങ്ങളും തത്വചിന്തകളും ഇഷ്ടപ്പെട്ട ഉഷാ മേത്ത എല്ലാവിധ സുഖസൗകര്യങ്ങളും ഉപേക്ഷിച്ച് സാധാരണ ജീവിതരീതിയിലേക്ക് മാറി. ഖാദി തുണി നെയ്യുവാനും ഖാദി വസ്ത്രങ്ങൾ മാത്രം ഉപയോഗിക്കുവാനും ഉഷ ശീലിച്ചു. തന്റെ എട്ടാം വയസ്സിൽ അവൾ വിളിച്ച മുദ്രാവാക്യം ഗോ ബാക്ക് സൈമൺ എന്നതായിരുന്നു. 1942 ആഗസ്ത് 8ന് ഗാന്ധിജി മരണം വരെ പോരാടുക എന്ന മുദ്രാവാക്യമുയർത്തി ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിന് തുടക്കമിട്ടപ്പോൾ അതിൽ നിർണ്ണായക പങ്കുവഹിച്ചുകൊണ്ട് ഉഷാ മേത്തയും ഉണ്ടായിരുന്നു. ക്വിറ്റ് ഇന്ത്യാ ആഹ്വാനത്തോടെ ബ്രിട്ടീഷ് സർക്കാർ ഗാന്ധിജി അടക്കമുള്ള മുഴുവൻ കോൺഗ്രസ് നേതാക്കളെയും അറസ്റ്റ് ചെയ്തു. നേതാക്കളെ അറസ്റ്റ് ചെയ്തുകൊണ്ട് പ്രക്ഷോഭത്തെ തകർക്കാനാണ് ബ്രിട്ടീഷ് സർക്കാർ ശ്രമിച്ചത്. എന്നാൽ ഉഷാ മേത്ത അചഞ്ചലയായി മുന്നോട്ട് പോയി. അവർ ഒളിവിൽ കഴിഞ്ഞുകൊണ്ട് രഹസ്യമായി റേഡിയോ സ്റ്റേഷൻ സ്ഥാപിച്ചു. 1942 ആഗസ്ത് 14ന് അവർ ആദ്യമായി റേഡിയോ സംപ്രേക്ഷണം ആരംഭിച്ചു. പതിയെ ബ്രിട്ടീഷ് ഭരണത്തിനെതിരായ സ്വാതന്ത്ര്യ പോരാട്ടങ്ങളുടെ ശബ്ദമായി റേഡിയോ മാറി. പ്രത്യേക ദൂതന്മാർ മുഖേനയും മറ്റു വഴികളിലൂടെയും അവർക്ക് വിവരങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. ഹിന്ദിയിലും ഇംഗ്ലീഷിലുമായി ദിവസേന രണ്ടു തവണ വീതമായിരുന്നു റേഡിയോ സംപ്രേക്ഷണം. ഒളിവിൽ കഴിഞ്ഞുകൊണ്ട് റേഡിയോ സ്റ്റേഷൻ നടത്തേണ്ടിവന്നതിനാൽ തന്നെ പലതവണ കേന്ദ്രങ്ങൾ മാറ്റേണ്ടിയും വന്നു. ഉഷാ മേത്തയ്ക്ക് പിന്നാലെ തന്നെയായിരുന്നു പോലീസ്. ഒടുവിൽ അവർ അറസ്റ്റിലായി. 1946 ഏപ്രിലിൽ അവർ യേർവാഡ ജയിലിൽ നിന്ന് മോചിതയായി. തുടർന്ന് ബോംബെ സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിൽസൺ കോളേജിൽ അധ്യാപികയായി ചേർന്ന അവർ 30 വർഷത്തോളം അവിടെ തുടർന്നു. പൊളിറ്റിക്കൽ സയൻസ് വകുപ്പ് മേധാവിയായിരുന്നു അവർ. ഗാന്ധി പീസ് ഫൗണ്ടേഷൻ പ്രിസിഡന്റ് കൂടിയായിരുന്ന അവർക്ക് പദ്മവിഭൂഷൺ ബഹുമതിയും രാജ്യം സമ്മാനിച്ചു. 2000 ആഗ്സ്റ്റ് 11ന് 80-ാം വയസ്സിൽ ഉഷാ മേത്ത അന്തരിച്ചു.



# കനകലത ബറുവ

## കൈകളിൽ ത്രിവർണ്ണ പതാകയുമേന്തി നെഞ്ചിൽ വെടിയേറ്റുവാങ്ങിയ 17കാരി പെൺകുട്ടി

1924 ഡിസംബർ 22ന് അസമിൽ കർണ്ണേശ്വരി ദേവിയുടേയും കൃഷ്ണകാന്ത് ബറുവയുടേയും മകളായാണ് കനകലതാ ബറുവ ജനിച്ചത്. നെഞ്ചിൽ വെടിയുണ്ടകൾ ഏറ്റുവാങ്ങിയപ്പോഴും ത്രിവർണ്ണ പതാക കൈകളിലേന്തിയ കനലത ബറുവയുടെ ധീരത അവരെ മഹതിയായ സ്വാതന്ത്ര്യസമര പോരാളിയാക്കിത്തീർത്തു. സ്വാതന്ത്ര്യത്തിന്റെയും വിപ്ലവ ചിന്തകളുടേയും വിത്തുകൾ നന്നേ ചെറുപ്പത്തിൽ തന്നെ കനകലതയുടെ മനസ്സിലുമെത്തി. ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം മഹാത്മാഗാന്ധി പ്രഖ്യാപിച്ചതോടെ അവളിലെ സ്വാതന്ത്ര്യാഭിവാഞ്ഛ പുതിയ ദിശയിലേക്കെത്തി. ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടത്തിൽ അവൾ സജീവമായി പങ്കെടുത്തു. ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിന്റെ 42-ാം ദിവസമായ 1942 സപ്റ്റംബർ 20ന് തേസ്പൂരിലെ ഗോപൂരിൽ ത്രിവർണ്ണ പതാക ഉയർത്താൻ വിപ്ലവകാരികൾ തീരുമാനിച്ചു. പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് ചെയ്ത സമരക്കാരുടെ മുൻനിരയിൽ തന്നെ കയ്യിൽ ത്രിവർണ്ണ പതാകയുമേന്തി കനകലതാ ബറുവയുമുണ്ടായിരുന്നു.

**സ്വാതന്ത്ര്യസമര പോരാട്ടങ്ങളിലെ കനകലതയുടെ സംഭാവനകൾ അംഗീകരിച്ചുകൊണ്ട് ഇന്ത്യൻ കോസ്റ്റ് ഗാർഡ് കഴിഞ്ഞ വർഷം പുറത്തിറക്കിയ പുതിയ അതിവേഗ പട്രോൾ വെസലിന് (എഫ്പിവി) ഐസിജിഎസ് കനകലത എന്ന് നാമകരണം ചെയ്തു.**


ജനക്കൂട്ടം പോലീസ് സ്റ്റേഷന് സമീപത്തേക്ക് എത്തിയപ്പോൾ പോലീസ് അവരെ തടയുകയും പിന്തിരിഞ്ഞില്ലെങ്കിൽ വെടിവെയ്ക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. തങ്ങൾ സംഘർഷമുണ്ടാക്കാനായി വന്നതല്ലെന്നും ത്രിവർണ്ണ പതാക ഉയർത്തുക മാത്രമാണ് ഉദ്ദേശമെന്നും പോലീസ് ഉദ്യോഗസ്ഥരോട് കനകലത അറിയിച്ചു. എന്നാൽ പോലീസ് ഉദ്യോഗസ്ഥർ അതംഗീകരിച്ചില്ല. ജനക്കൂട്ടവും പിന്തിരിയാതെ നിലയുറപ്പിച്ചു. കയ്യിൽ പതാകയുമായി കനകലത മുന്നോട്ട് നീങ്ങി. പെട്ടെന്ന് ഒരു പോലീസുകാരൻ കനകലതയുടെ നെഞ്ചിലേക്ക് വെടിയുതിർത്തു. വെടിയേറ്റ ഉടൻ തന്നെ കനകലത നിലത്തേക്ക് വീണെങ്കിലും കയ്യിലെ ത്രിവർണ്ണ പതാക അവർ കൈവിട്ടില്ല. സംഭവ സ്ഥലത്തുവെച്ചുതന്നെ കനകലത വീരചരമം പ്രാപിച്ചു.മൃതദേഹവുമായി ജനക്കൂട്ടം കനകലതയുടെ ഗ്രാമത്തിലേക്ക് പോവുകയും അവിടെ അന്തിമകർമ്മങ്ങൾ നിർവഹിക്കുകയും ചെയ്തു. അസമിലെ ജനങ്ങൾ ഇന്നും കനകലതയുടെ ധീരതയെ ഓർമ്മിക്കുകയും അവരുടെ വീര്യത്തെ പാടിപ്പുകഴ്ത്തുകയും ചെയ്യുന്നു. അവർ അവളെ ബീർബാല എന്ന് വിശേഷിപ്പിച്ചു.സ്വന്തം നാടിന്റെ മോചനത്തിനായി സമരം ചെയ്ത 17 കാരി പെൺകുട്ടിയെ വെടിവെച്ചുകൊന്ന സൈനികന് വലിയ കുറ്റബോധമാണ് പിന്നീട് ഉണ്ടായത്. അയാൾ ഏറെ അസ്വസ്ഥനാവുകയും ഒരു കിണറ്റിൽ ചാടി ആത്മഹത്യ ചെയ്യുകയും ചെയ്തു.



# വസുധ സിങ്

## ബ്രിട്ടീഷുകാരെ പാഠം പഠിപ്പിച്ച പോരാളി

മഹാത്മാഗാന്ധി ക്വിറ്റ് ഇന്ത്യാ ആഹ്വാനം നടത്തിയതിന് പിന്നാലെ നേതാക്കളെ മുഴുവൻ അറസ്റ്റുചെയ്ത് ജയിലിലടക്കാനുള്ള നടപടികൾ ബ്രിട്ടീഷുകാർ ആരംഭിച്ചു. തുടർന്ന് രണ്ടാംനിര നേതാക്കൾ അവരുടെ നാടുകളിൽ യോഗങ്ങൾ വിളിച്ചുചേർക്കുകയും സമര പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുകൊണ്ട് ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം മുന്നോട്ട് കൊണ്ടുപോയി. ഉത്തർപ്രദേശിലെ അംബേദ്കർ നഗർ ജില്ലയിലെ രാജസുൽത്താൻപൂരിലെ പ്രക്ഷോഭത്തിന്റെ നേതൃത്വം യുവ വിപ്ലവകാരിയായ വസുധസിങിന്റെ കൈകളിലായിരുന്നു. അക്കാലത്ത് അംബേദ്കർ നഗർ എന്ന സ്ഥലം ഇന്ന് അയോധ്യ എന്നറിയപ്പെടുന്ന പഴയ ഫൈസാബാദ് ജില്ലയിലെ ഒരു താലൂക്ക് ആയിരുന്നു. നന്നേ ചെറുപ്പത്തിൽ തന്നെ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മാറിയ വസുധസിങിന്റെ നേതൃത്വത്തിൽ നിരവധി സമര പരിപാടികൾ അവിടെ അരങ്ങേറി. രാജസുൽത്താൻപൂരിൽ വസുധാസിങിന്റെ നേതൃത്വത്തിൽ വലിയ സമര പരിപാടികൾ അരങ്ങേറിയ 1942 ആഗസ്റ്റ് 23ന് ബ്രിട്ടീഷ് പോലീസ് അവിടെയെത്തുകയും സ്വാതന്ത്ര്യ സമരക്കാർക്ക് നേരെ ലാത്തിച്ചാർജ്ജ് നടത്തുകയും ചെയ്തു. സംഘർഷം ശക്തമായതോടെ ഒരു പോലീസ് ഇൻസ്പെക്ടറേയും രണ്ട് കോൺസ്റ്റബിൾമാരെയും സമരക്കാർ കത്തിക്കുകയും അവരുടെ ശവശരീരങ്ങൾ സമീപത്തെ നദിയിലേക്ക് വലിച്ചെറിയുകയും ചെയ്തു. ഇതിൽ പ്രകോപിതരായ ബ്രിട്ടീഷ് സർക്കാർ പ്രദേശത്ത് വലിയ തോതിലുള്ള അക്രമങ്ങൾ അഴിച്ചുവിട്ടു. പോലീസിന്റെ ലക്ഷ്യം വസുധാസിങിനെ പിടികൂടുക എന്നതായിരുന്നുവെങ്കിലും അയാൾ തന്റെ അനുയായികൾക്കൊപ്പം അവിടെ നിന്നും രക്ഷപ്പെട്ടു. ഒളിവിൽ കഴിയവേ തന്റെ പേരു മാറ്റിയ വസുധസിങ് കൽക്കത്തയിൽ ഒരു തോക്ക് നിർമ്മാണ ശാല ആരംഭിച്ചു. അവസാനം മഹാത്മാഗാന്ധിയുടെ നിർദ്ദേശ പ്രകാരം വസുധാസിങ് പോലീസിന് കീഴടങ്ങി. ബ്രിട്ടീഷ് സർക്കാർ വിചാരണ നടത്തി വസുധാസിങിന് വധശിക്ഷ വിധിച്ചു. വസുധാസിങിന്റെ വധശിക്ഷയ്ക്കെതിരെ നിരവധി സ്വാതന്ത്ര്യസമര നേതാക്കൾ രംഗത്തെത്തി. ഒടുവിൽ മഹാത്മാഗാന്ധി ഇടപെടുകയും ബ്രിട്ടീഷ് വൈസ്രോയി വസുധാസിങിന്റെ വധശിക്ഷ ജീവപര്യന്തമായി കുറയ്ക്കുകയും ചെയ്തു. സ്വാതന്ത്ര്യത്തിന് ശേഷം വസുധാസിങ് ജയിൽ മോചിതനായി. 1982 ഡിസംബർ 11ന് അദ്ദേഹം അന്ത്യശ്വാസം വലിച്ചു.



## ബാബാ കാൻഷി റാം

**നാടോടിപ്പാട്ടുകളിലൂടെയും കവിതകളിലൂടെയും കഥകളിലൂടെയും പൊതുജനാവബോധം സൃഷ്ടിച്ച വിപ്ലവകാരി**

ബാബാ കാൻഷിറാം സ്വാതന്ത്ര്യ സമര പോരാളിയും വിപ്ലവ സാഹിത്യകാരനുമായിരുന്നു. സാമൂഹ്യവും മതപരവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ എല്ലാത്തരം ചൂഷണങ്ങൾക്കെതിരെയും അദ്ദേഹം തന്റെ ഗാനങ്ങളിലൂടെയും കവിതകളിലൂടെയും കഥകളിലൂടെയും ശബ്ദമുയർത്തി. ജനങ്ങളുടെ വേദനയും വിഷമതകളും തന്റെ കവിതകളിലൂടെ അദ്ദേഹം പ്രകടമാക്കി. കാംഗ്ര ജില്ലയിലെ ദേഹ്റ സബ് ഡിവിഷനിൽ പെട്ട ദാദാസിബയിൽ 1882 ജൂലൈ 11നാണ് ബാബാ കാൻഷിറാം ജനിച്ചത്. മഹാത്മാഗാന്ധിയുടെ അടുത്ത അനുയായിയായിരുന്ന ബാബാ കാൻഷിറാം സ്വാതന്ത്ര്യ സമരത്തിൽ സജീവമായിരുന്നു. ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ ദുഖിതനായ കാൻഷിറാം തന്റെ കവിതകളിലൂടെ ഗാന്ധിജിയുടെ സന്ദേശങ്ങൾ ജനങ്ങളിലെത്തിച്ചു. ഭാരതം സ്വതന്ത്രയാവുന്നതുവരെ താൻ കറുത്ത വസ്ത്രങ്ങൾ മാത്രമേ ധരിക്കൂ എന്നദ്ദേഹം പ്രതിജ്ഞയെടുത്തു. ഇതേ തുടർന്ന് അദ്ദേഹത്തിന് കറുത്ത ജനറൽ എന്ന വിശേഷണവും ലഭിച്ചു. തന്റെ മരണം വരെ അദ്ദേഹം വാക്കുപാലിച്ചു. 1943 ഒക്ടോബർ 15ന് ബാബാ കാൻഷിറാം അന്തരിച്ചു. അപ്പോഴും കറുത്ത വസ്ത്രങ്ങളായിരുന്നു അദ്ദേഹം അണിഞ്ഞിരുന്നത്. ഹിമാചൽ പ്രദേശിൽ അദ്ദേഹം അറിയപ്പെട്ടിരുന്നത് പഹാഡിഗാന്ധി(മലമുകളിലെ ഗാന്ധി) എന്നായിരുന്നു. പഹാഡി ഗാനങ്ങളിലൂടെ ബ്രിട്ടീഷ് സർക്കാരിനെതിരായ വികാരം ജനങ്ങളിൽ ഉണർത്തിയ കുറ്റത്തിന് 11 തവണ അദ്ദേഹത്തെ അവർ അറസ്റ്റ് ചെയ്തു. 1930 മുതൽ 1942 വരെയുള്ള കാലയളവിൽ 9 വർഷമാണ് കാൻഷിറാം ജയിലിൽ കഴിഞ്ഞത്. ജയിൽ വാസത്തിനിടെ അദ്ദേഹം രചിച്ച ഗാനങ്ങൾ ജനങ്ങളിൽ വലിയ വികാരങ്ങളുണ്ടാക്കി. ബ്രിട്ടീഷ് ഭരണകൂടത്തിന് മേൽ സൂര്യാസ്തമനത്തിന് സമയമായി എന്ന വരികൾ അദ്ദേഹത്തെ പ്രശസ്തനാക്കി. ലാഹോറിലെ താമസത്തിനിടെ ലാലാ ഹർദയാൽ, സർദാർ അജിത് സിങ്, മൗലവി ഭർകത് അലി തുടങ്ങിയവർ ബാബാ കാൻഷിറാമിൽ ആഴത്തിൽ സ്വാധീനമുണ്ടാക്കി. കാൻഷിറാമിന്റെ കവിതകളും ഗാനങ്ങളും കേട്ട ശേഷം സരോജിനി നായിഡു അദ്ദേഹത്തെ വിശേഷിപ്പിച്ചത് ബുൾബുൾ ഇ പഹാഡ് എന്നായിരുന്നു. 1984ൽ ബാബാ കാൻഷിറാമിനെ അനുസ്മരിച്ചുകൊണ്ട് കേന്ദ്രസർക്കാർ പോസ്റ്റൽ സ്റ്റാമ്പ് പ്രസിദ്ധീകരിച്ചിരുന്നു.

## രാമപ്പ നായിഡു

**ഇരുണ്ട രാത്രികളിൽ ദേശഭക്തിഗാനങ്ങൾ പാടി സ്വാതന്ത്ര്യപോരാട്ടത്തെ ആളിക്കത്തിച്ചു**



1927ൽ കർണ്ണാടകയിലെ റായൽപാഡുവിൽ ജനിച്ച രാമപ്പ നായിഡുവിന്റെ ഉള്ളിൽ സ്വാതന്ത്ര്യാഭിവാഞ്ഛ നന്നേ ചെറുപ്പത്തിലേ ഉണ്ടായിരുന്നു. ഗാന്ധിജിയുടെ ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്താൽ സ്വാധീനിക്കപ്പെട്ട രാമപ്പ നായിഡു തന്റെ പതിനഞ്ചാം വയസ്സിൽ അതിന്റെ ഭാഗമായി. സ്വാതന്ത്ര്യസമര പോരാട്ടത്തിലേക്ക് ആളുകളെ ആകർഷിക്കാനുള്ള പരിശ്രമങ്ങൾ രാമപ്പ നായിഡു ആരംഭിച്ചു. രാത്രികാലങ്ങളിൽ ഗ്രാമങ്ങളിലെത്തി ദേശഭക്തിഗാനങ്ങൾ ആലപിച്ച് ഗ്രാമീണരെ പോരാട്ടത്തിന്റെ ഭാഗമാക്കുകയായിരുന്നു അദ്ദേഹം. ചെറുപ്പം മുതൽ തന്നെ സംഗീതത്തെയും പാട്ടിനെയും ബ്രിട്ടീഷുകാർക്കെതിരായ ആയുധമായി രാമപ്പ നായിഡു ഉപയോഗിച്ചു. റായൽപാഡുവിൽ നടന്ന സമരത്തിൽ വൻതോതിലാണ് ആളുകൾ എത്തിയത്. രാമപ്പ നായിഡുവിന് പുറമേ കെ. പട്ടാഭിരാമൻ, ഹർദേക്കർ മഞ്ചപ്പ, കെ.സി റെഡ്ഡി, കെങ്കൽ ഹനുമന്തയ്യ എന്നിവരും പ്രക്ഷോഭത്തിന്റെ ഭാഗമായി. 1947ൽ പി. നാരായൺ റെഡ്ഡിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം സ്വാതന്ത്ര്യ സമര പോരാളികൾ റായൽപാഡു പോലീസ് സ്റ്റേഷനിലേക്ക് ഇരച്ചുകയറുകയും ആയുധങ്ങളും രേഖകളും മറ്റും തീവെച്ചു നശിപ്പിക്കുകയും ചെയ്തു. രാമപ്പയും ആ സംഘത്തിലുണ്ടായിരുന്നു. പോലീസ് സ്റ്റേഷൻ അക്രമിച്ച എൺപതംഗ സംഘത്തിലെ നാൽപ്പതു പേർക്കെതിരെയും അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. പോലീസ് അറസ്റ്റ് ചെയ്ത 35 പേരിൽ ഒരാൾ രാമപ്പ ആയിരുന്നു. പോലീസ് പിടിയിൽ വലിയ ശാരീരിക പീഡനത്തിന് രാമപ്പ വിധേയനായി. ഭാരതം സ്വതന്ത്ര്യയായതിന് ശേഷം മാത്രമാണ് രാമപ്പ നായിഡു ജയിലിന് പുറത്തെത്തിയത്. രാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ദിക്ക് ശേഷം വിനോബാ ഭാവെയുടെ നേതൃത്വത്തിൽ നടന്ന ഭൂദാന പ്രക്ഷോഭത്തിന്റെ ഭാഗമായി രാമപ്പ സജീവമായി പ്രവർത്തിച്ചു. തന്റെ പ്രദേശത്ത് ഗാന്ധിയൻ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനായി സാംസ്കാരികവും സാമൂഹ്യവുമായ നിരവധി പ്രവർത്തനങ്ങളും അദ്ദേഹം നടത്തി ■




# കായിക മേഖലയിൽ പുത്തനുണർവ്വ് പകർന്ന്

## ഖേലോ ഇന്ത്യയും ഫിറ്റ് ഇന്ത്യയും

**കായിക മത്സരങ്ങളെയും കായിക മേഖലയേയും ഇത്രയധികം പ്രോത്സാഹിപ്പിച്ച മറ്റൊരു സർക്കാർ ഭാരതത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടാവില്ല. ടോക്കിയോ ഒളിംപിക്സിന് യാത്ര തിരിക്കാൻ തയ്യാറെടുത്ത കായികതാരങ്ങളുമായും അവരുടെ കുടുംബാംഗങ്ങളുമായും പ്രധാനമന്ത്രി നരേന്ദ്രമോദി നേരിട്ട് സംസാരിച്ചത് അവർക്ക് വലിയ പ്രചോദനമായി. ജൂലായ് 13ന് വൈകിട്ട് അഞ്ചുമണി മുതലാണ് പ്രധാനമന്ത്രി കായികതാരങ്ങളുമായി സംസാരിച്ചത്. രാഷ്ട്രത്തിന്റെ തലവൻ എന്ന നിലയിൽ മാത്രമല്ല കായികതാരങ്ങളുടെ രക്ഷിതാവും സംരക്ഷകനും എന്ന നിലയിൽ കൂടിയായിരുന്നു പ്രധാനമന്ത്രിയുടെ ഇടപെടലുകൾ. കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം മൂല്യവത്തായ നിരവധി ഉപദേശങ്ങളും പ്രധാനമന്ത്രി കായികതാരങ്ങൾക്ക് നൽകി.**

കായികതാരങ്ങളുടെ തയ്യാറെടുപ്പുകളെപ്പറ്റിയും അവരുടെ ഇഷ്ടാനിഷ്ടങ്ങളെപ്പറ്റിയുമെല്ലാം സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്രമോദി കായികതാരങ്ങളുടെ വീര്യത്തെ ഉണർത്തി. എം.സി മേരികോം(ബോക്സിംഗ്), സാനിയ മിർസ(ടെന്നിസ്), ദീപികാകുമാരി, പ്രവീൻ ജാദവ്(അമ്പെയ്ത്ത്)നീരജ് ചോപ്ര(ജാവലിൻ ത്രോ), ദ്യുതി ചന്ദ്(അത്‌ലറ്റിക്സ്) ആശിഷ് കുമാർ(റെസ്‌ലിംഗ്), പി.വി സിന്ധു(ബാഡ്മിന്റൺ), എളവേനിൽ വളരിവൻ(ഷൂട്ടിംഗ്), സൗരഭ് ചൗധരി(ഷൂട്ടിംഗ്), ശരത് കമൽ(ടേബിൾ ടെന്നിസ്), മണിക ബത്ര(ടേബിൾ ടെന്നിസ്),വിനേഷ് പൊഗാട്ട്(ഗുസ്തി), സാജൻ പ്രകാശ് (നീന്തൽ), മൻപ്രീത് സിങ്(ഹോക്കി) എന്നീ 15 കായിക താരങ്ങളുമായാണ് പ്രധാനമന്ത്രി വെർച്ചലായി കൂടിക്കാഴ്ച നടത്തിയത്.

126 കായിക താരങ്ങളടക്കം 228 അംഗ സംഘത്തെയാണ് ഭാരതം ഇത്തവണ ഒളിംപിക്സിന് അയക്കുന്നത്. 67 പുരുഷന്മാരും 52 വനിതകളുമടങ്ങുന്നതാണ് ഭാരത കായികസംഘം. 69 ഇനങ്ങളിലാണ് ഭാരത കായികതാരങ്ങൾ മത്സരിക്കുന്നത്. ഒളിംപിക്സിന് പോയ ചരിത്രത്തിലെ ഏറ്റവും വലിയ സംഘമാണ് ഇത്തവണത്തേത്.

- **പ്രധാനമന്ത്രി:** ദീപികാ ജി, അമ്പും വില്ലും ഉപയോഗിച്ച് താങ്കൾ മാമ്പഴം പറിച്ചിരുന്നതായി കേട്ടിട്ടുണ്ട്. താങ്കളുടെ ജീവിതയാത്രയെപ്പറ്റി രാജ്യം കൂടുതലറിയാൻ ആഗ്രഹിക്കുന്നുണ്ട്. എന്തെങ്കിലും അതേപ്പറ്റി പറഞ്ഞിരുന്നെങ്കിൽ നന്നായേനെ.
- **ദീപികാ കുമാരി:** എന്റെ യാത്രകൾ ഏറെ നല്ലതായിരുന്നു. എനിക്ക് മാമ്പഴം വളരെ ഇഷ്ടമായിരുന്നു. അതാണ് അങ്ങനെയൊക്കെ ചെയ്യാൻ കാരണം. തുടക്കത്തിൽ ചെറിയ ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. കാരണം അമ്പെയ്ത്തിനുള്ള സംവിധാനങ്ങൾ തയ്യാറാക്കുന്നതിലെ പ്രതിസന്ധികളായിരുന്നു അവ. എന്നാൽ അമ്പെയ്ത്തിനെ ഒരു കായിക ഇനമായി തിരഞ്ഞെടുത്തതോടെ എനിക്ക് എല്ലാ സംവിധാനങ്ങളും മികച്ച പരിശീലകരെയും ലഭിച്ചു.
- **പ്രധാനമന്ത്രി:** താങ്കൾക്ക് ഐസ്ക്രീം കഴിക്കാനുള്ള അനുവാദം പോലും ഉണ്ടായിരുന്നില്ലെന്ന് കേട്ടിട്ടുണ്ട്. താങ്കളുടെ ഐസ്ക്രീമിന് ഇപ്പോഴും നിരോധനമുണ്ടോ അതോ എന്തെങ്കിലും ഇളവ് അതിൽ ലഭിച്ചോ?
- **പി.വി സിന്ധു:** ഒരു അത്‌ലറ്റിന് ഭക്ഷണക്രമം ശീലിക്കേണ്ടതുള്ളതിനാലാണ് ചില നിയന്ത്രണങ്ങൾ ഞാൻ തന്നെ വരുത്തിയത്. ഇപ്പോഴാണെങ്കിൽ ഒളിംപിക്സ് തയ്യാറെടുപ്പിലാണ് ഞാൻ. ചില ഡയറ്റ് നിയന്ത്രണങ്ങളുണ്ട്. അവസരം കിട്ടുമ്പോൾ ഐസ്ക്രീം കഴിക്കുക തന്നെ ചെയ്യും.
- **പ്രധാനമന്ത്രി:** ഏറെ കഠിനമായി അധ്വാനിക്കുന്നയാളാണ് താങ്കൾ. ഇത്തവണയും താങ്കൾ വിജയിക്കുമെന്നുറപ്പുണ്ട്. താങ്കളുടെ വിജയത്തിന് ശേഷം താങ്കളെ കാണാൻ സാധിക്കുമെങ്കിൽ ഉറപ്പായും നമുക്കൊരുമിച്ചു ഐസ്ക്രീമും കഴിക്കാം.
- **പ്രധാനമന്ത്രി:** നീരജ്, താങ്കൾ കരസേനയുടെ ഭാഗമാണ്. സൈനിക പരിചയവും പരിശീലനവും ഒളിംപിക്സ് എന്ന നാഴികക്കല്ല് താണ്ടാൻ എങ്ങനെ സഹായിച്ചു.
- **നീരജ് ചോപ്ര:** ഭാരതത്തിന്റെ സൈന്യത്തെ ഞാനേറെ സ്നേഹിക്കുന്നു. കരസേനയുടെ ഭാഗമായ ശേഷം ഞാനെന്റെ ഗെയിമിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കരസേനയാണ് എനിക്കാവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കി തന്നത്. കേന്ദ്രസർക്കാരാണ് എല്ലാകാര്യങ്ങളും എനിക്കായി ചെയ്തുതന്നത്.
- **പ്രധാനമന്ത്രി:** നീരജ് ജി താങ്കൾ ഒരിക്കലും പ്രതീക്ഷകളുടെ ഭാരം പേറേണ്ടതില്ല. താങ്കൾ കഴിവിന്റെ നൂറുശതമാനവും ഉപയോഗിക്കുക.അത്ര തന്നെ. യാതൊരു സമ്മർദ്ദവുമല്ലാതെ കഴിവിന്റെ പരമാവധി ശ്രമിക്കൂ.
- **പ്രധാനമന്ത്രി:** ദ്യുതീ, വർഷങ്ങളുടെ കഠിനാധ്വാനം തീരുമാനിക്കപ്പെടുന്നത് ചുരുങ്ങിയ സെക്കന്റുകൾ കൊണ്ടാണ്. എത്രത്തോളം കഠിനമാണ് അതിനെ അഭിമുഖീകരിക്കുകയെന്നത്?
- **ദ്യുതീ ചന്ദ്:** നൂറുമീറ്റർ ഓട്ടം 10-11 സെക്കന്റുകൾ കൊണ്ട് അവസാനിക്കും. എന്നാൽ അതിന്റെ

> പുതിയ ചിന്തകളും പുതിയ സമീപനങ്ങളുമായി ഓരോ കായികതാരങ്ങൾക്കുമൊപ്പം സർക്കാർ അടിയുറച്ചു നിൽക്കുന്ന കാഴ്ചയാണ് ഓരോ അത്‌ലറ്റും ഇന്ന് കാണുന്നത്. നിങ്ങളുടെ പ്രചോദനം രാജ്യത്തിനിന്ന് ആവശ്യമാണ്. സ്വതന്ത്ര്യമായി, മുഴുവൻ കഴിവുകളും ഉപയോഗിച്ച് മികച്ച സാങ്കേതിക മികവോടെ ഗെയിമുകളുടെ ഭാഗമാവാൻ അത്‌ലറ്റുകൾക്ക് സാധിക്കുക എന്നതു മാത്രമാണ് നമ്മുടെ മുൻഗണന
>
> **-നരേന്ദ്ര മോദി**
> **പ്രധാനമന്ത്രി**

തയ്യാറെടുപ്പുകൾക്ക് ഒരുവർഷമെങ്കിലും വേണ്ടിവരും. കഠിനമായ അധ്വാനം തന്നെ നടത്തണം. ജിമ്മിലും നീന്തൽകുളത്തിലും നിരവധി നേരം വ്യായാമങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനെയെല്ലാം ഒരു വെല്ലുവിളിയായി എടുക്കുന്നു.

- **പ്രധാനമന്ത്രി:** ആശിഷ് കുമാർ ജി, താങ്കളും കൊവിഡിനെ പൊരുതി തോൽപ്പിച്ചയാളാണല്ലോ. ഒരു കായികതാരമെന്ന നിലയിൽ എത്രത്തോളം പ്രയാസമേറിയ അവസ്ഥയായിരുന്നു അത്?
- **ആശിഷ് കുമാർ:** മത്സരത്തിന് 25 ദിവസങ്ങൾക്ക് മുമ്പാണ് എന്റെ അച്ഛൻ മരിച്ചത്. അതിന്റെ ആഘാതത്തിലാണ് ഞാൻ.
- **പ്രധാനമന്ത്രി:** താങ്കൾക്ക് ഓർമ്മയില്ലേ, ഒരു സുപ്രധാന മത്സരത്തിന്റെ സമയത്ത് സച്ചിൻ ടെണ്ടുൽക്കറിന്റെ അച്ഛൻ മരിച്ച സംഭവം. എന്നാൽ കായികമേഖലയോടുള്ള തന്റെ അർപ്പണഭാവം സച്ചിൻ കാണിച്ചത് ക്രിക്കറ്റിലൂടെയായിരുന്നു. താങ്കൾക്കും അത്തരത്തിൽ മികച്ച തരത്തിൽ പ്രവർത്തിക്കാനാവും.
- **പ്രധാനമന്ത്രി:** ആരാണ് താങ്കളുടെ ഇഷ്ടപ്പെട്ട കായികതാരം എന്നറിയാൻ എനിക്കാഗ്രഹമുണ്ട്?
- **മേരി കോം:** സർ, ബോക്സിംഗ് ഇതിഹാസമായ മുഹമ്മദ് അലിയാണ് എന്റെ ഇഷ്ടതാരം.
- **പ്രധാനമന്ത്രി:** എളവെനിൽ, താങ്കൾ ഇപ്പോൾ ബിരുദ പഠനത്തിലാണല്ലേ. ഷൂട്ടിംഗും പഠനവും എങ്ങനെ ഒരുമിച്ചു കൊണ്ടുപോകുന്നു?
- **എളവെനിൽ:** ഗുജറാത്ത് സർവ്വകലാശാലയോടും കോളേജിനോടുമാണ് എനിക്കതിൽ നന്ദി പറയാനുള്ളത്. അവരെനിക്ക് നല്ല പിന്തുണയാണ് നൽകുന്നത്. എന്റെ പരീക്ഷകൾക്കായി പ്രത്യേക സംവിധാനങ്ങൾ ഒരുക്കി നൽകുന്നു. എന്റെ യാത്രയെ വളരെയേറെ പിന്തുണച്ചത് അവരാണ്.



- **പ്രധാനമന്ത്രി:** താങ്കളുടെ കുട്ടിക്കാലത്തെ പ്രയാസങ്ങളെപ്പറ്റി എനിക്ക് നന്നായറിയാം. ദിവസക്കൂലിക്കാരനായ ഒരു പിതാവിന്റെ മകനായ താങ്കൾ ഇന്ന് രാജ്യത്തെ പ്രതിനിധീകരിക്കുന്ന നിലയിലെത്തിയത് ഏറെ പ്രചോദനകരമാണ്. ഏറെ കഠിനമായ ജീവിതസാഹചര്യങ്ങളിലും താങ്കൾ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചില്ല. ഒരു ചാമ്പ്യനാവാൻ എന്താണ് താങ്കളെ സഹായിച്ചത്?
- **പ്രവീൺ ജാദവ്:** ഇവിടെവെച്ച് ഞാൻ തോൽവി സമ്മതിച്ചാൽ ഇത്രനാളും നടത്തിയ കഠിനാധ്വാനം പാഴായിപ്പോകും എന്ന ചിന്തയാണ് എന്നെ എന്നും മുന്നോട്ട് നയിച്ചത്. കൂടുതൽ മികച്ച നിലയിൽ പ്രവർത്തിക്കാനും വിജയിക്കാനും അതെന്നെ സഹായിച്ചു.
- **പ്രധാനമന്ത്രി:**പ്രവീൺജീ, താങ്കളെ ആദ്യം പരിശീലിപ്പിച്ചത് ഒരു അത്‌ലറ്റ് ആവാനായിരുന്നുവെന്ന് ഞാൻ കേട്ടിട്ടുണ്ട്.
- **പ്രവീൺ ജാദവ്:** സർക്കാർ അക്കാദമിയിൽ എനിക്കാദ്യം പരിശീലനം ലഭിച്ചത് അത്‌ലറ്റ് ആവാനായിരുന്നു. എന്നാൽ എനിക്ക് ശാരീരികശേഷി കുറവായിരുന്നു. ഇതേ തുടർന്ന് മറ്റേതെങ്കിലും ഒരു കായിക ഇനം തിരഞ്ഞെടുക്കുവാൻ എന്റെ പരിശീലകൻ എന്നോട് പറഞ്ഞു. അങ്ങനെയാണ് അമ്പെയ്ത്തിൽ എത്തിയത്. എന്റെ സാമ്പത്തിക സ്ഥിതി അത്ര നല്ലതായിരുന്നില്ല. അക്കാദമിയിൽ നന്നായി പരിശീലിക്കുക മാത്രമായിരുന്നു മുന്നിലെ ഏക വഴി.

- **പ്രധാനമന്ത്രി:** നന്നേ ചെറുപ്പത്തിൽ തന്നെ ഒളിംപിക്സിന് യോഗ്യത നേടാൻ താങ്കൾക്കായി. എങ്ങനെയാണ് ഈ ദൗത്യം ആരംഭിച്ചത്?
- **സൗരഭ് ചൗധരി:** 2015ലാണ് ഷൂട്ടിംഗ് പരിശീലനം ആരംഭിച്ചത്. സമീപ ഗ്രാമത്തിലെ ഷൂട്ടിംഗ് അക്കാദമിയിലാണ് ഷൂട്ടിംഗിനായി പരിശീലനം തുടങ്ങിയത്. എന്റെ കുടുംബവും വലിയ പിന്തുണ നൽകി. കേന്ദ്രസർക്കാരിന്റെ സഹായം കൂടിയായതോടെ ഈ നിലയിലേക്ക് എത്താൻ സാധിച്ചു.
- **പ്രധാനമന്ത്രി:** താങ്കൾ കളിച്ചു തുടങ്ങുമ്പോഴുള്ളതിനേക്കാൾ മാറ്റങ്ങൾ ടേബിൾ ടെന്നീസിൽ വന്നിട്ടുണ്ടോ? സ്പോർട്സിനോട് സർക്കാർ വകുപ്പുകൾക്കുള്ള സമീപനത്തിൽ മാറ്റം വന്നതായി അനുഭവപ്പെട്ടിട്ടുണ്ടോ?
- **ശരത് കമൽ:** നിരവധി വത്യാസങ്ങളുണ്ട്. 2006ൽ കോമൺവെൽത്ത് ഗെയിംസിൽ ഞാൻ സ്വർണ്ണ നേട്ടം കരസ്ഥമാക്കിയെങ്കിൽ 2018ൽ എല്ലാവർക്കും സ്വർണ്ണം നേടാനായി. 2006ഉം 2018ഉം തമ്മിൽ നിറയെ വത്യാസങ്ങളുണ്ട്.
- **പ്രധാനമന്ത്രി:** മനികാ, നിങ്ങൾക്ക് നൃത്തം വലിയ ഇഷ്ടമാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. സമ്മർദ്ദം കുറയ്ക്കാനായി നൃത്തം സഹായിക്കുന്നുണ്ടോ?
- **മനികാ ബത്ര:** തീർച്ചയായും. എനിക്ക് നൃത്തം എന്നത് സമ്മർദ്ദം ഇല്ലാതാക്കാനുള്ള മാർഗ്ഗം കൂടിയാണ്. ടൂർണ്ണമെന്റുകൾക്ക് പോകുമ്പോൾ ഒഴിവു സമയം കിട്ടിയാൽ മുറിയിലെത്തി നൃത്തം ചെയ്യും. അതെനിക്ക് മികച്ച അനുഭവവും ആത്മവിശ്വാസവും നൽകുന്നു.
- **പ്രധാനമന്ത്രി:** വിനേഷ് പൊഗാട്ടിന്റെ രക്ഷിതാക്കളോടുള്ള എന്റെ ചോദ്യം കുറച്ച് വത്യസ്ഥമാണ്. ആരെങ്കിലും അൽപ്പം നന്നായും ആരോഗ്യത്തോടെയുമിരുന്നാൽ നമ്മുടെ രാജ്യത്ത് അവരോട് ചോദിക്കുക ഏതു മില്ലിലെ ധാന്യമാണ് നീ കഴിക്കുന്നത് എന്നാണ്. അതുതന്നെ ഞാനും ചോദിക്കുന്നു. ഏതു മില്ലിലെ ധാന്യമാണ് പൊഗാട്ട് കുടുംബം നിങ്ങളുടെ പെൺമക്കൾക്ക് നൽകുന്നത്? അതൊക്കെ പോട്ടെ, ടോക്കിയോയ്ക്കായി എന്തു മന്ത്രമാണ് താങ്കൾ വിനേഷിന് നൽകിയത്?
- **രക്ഷിതാക്കൾ:** നോക്കൂ, മില്ലിലെ ധാന്യത്തെപ്പറ്റി പറയുന്നവരും തങ്ങളുടെ ഗ്രാമത്തിലെ മില്ലിലെ ധാന്യം തന്നെയാണ് കഴിക്കുന്നത്. പാലിനായും തൈരിനായും നെയ്യ്ക്ക് വേണ്ടിയും പശുക്കളെയും എരുമകളെയും ഞങ്ങൾ വളർത്തുന്നുണ്ട്. ഇത്തവണ എനിക്ക് എന്റെ മകളിൽ പൂർണ്ണമായ വിശ്വാസമാണ്. അവൾ സ്വർണ്ണ നേട്ടം കൊണ്ടുതരുമെന്നുറപ്പുണ്ട്.
- **പ്രധാനമന്ത്രി:** ഞാൻ കേട്ടിട്ടുണ്ട്, താങ്കളുടെ അമ്മയും അത്‌ലറ്റിക്സിൽ രാജ്യത്തിനായി അഭിമാനം കൊണ്ടുവന്നിട്ടുണ്ടെന്ന്. എന്താണ് താങ്കൾ അമ്മയിൽ നിന്നും പഠിച്ചത്?
- **സാജൻ പ്രകാശ്:** എന്റെ അമ്മയാണ് എന്റെ എല്ലാം. അവർ മികച്ച കായികതാരമായിരുന്നത് എനിക്ക് എല്ലാ തരത്തിലും ഏറെ സഹായമായി.
- **പ്രധാനമന്ത്രി:** നമ്മുടെ രാജ്യത്തിന് ഒളിംപിക്സ് ഹോക്കിയിൽ തിളക്കമാർന്ന ചരിത്രമാണുള്ളത്. എന്തെങ്കിലും അധിക സമ്മർദ്ദം കളിക്കുമ്പോൾ അനുഭവപ്പെടാറുണ്ടോ?
- **മൻപ്രീത്:** ഇല്ല, ഒരിക്കലുമില്ല. എട്ടുതവണയാണ് ഒളിംപിക്സിൽ നമുക്ക് സ്വർണ്ണം ലഭിച്ചിട്ടുള്ളത്. എപ്പോഴൊക്കെ ഒളിംപിക്സിന് പോയിട്ടുണ്ടോ, അപ്പോഴൊക്കെ രാജ്യത്തിനായി മെഡൽ നേടാൻ തന്നെയാണ് ശ്രമിച്ചിട്ടുള്ളത്.
- **പ്രധാനമന്ത്രി:** കായിക മേഖലയ്ക്ക് വേണ്ടി സർക്കാർ വകുപ്പുകൾ പ്രവർത്തിക്കുന്ന രീതി താങ്കൾ ഇതിനകം നിരവധി തവണ കണ്ടുകഴിഞ്ഞതാണ്. എന്താണ് കഴിഞ്ഞ അഞ്ചാറു വർഷത്തിനിടെ മാറിയത്?
- **സാനിയ മിർസ:** കഴിഞ്ഞ അഞ്ചാറു വർഷത്തിനിടെ വിശ്വാസം വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. ഞങ്ങൾക്ക് എല്ലായ്പ്പോഴും സർക്കാരിൽ നിന്ന് പിന്തുണ ലഭിക്കുന്നു. എന്തുകാര്യത്തിനും പിന്തുണയുണ്ടാവുമെന്ന് താങ്കൾ എന്നോട് എപ്പോഴും പറയാറുണ്ടല്ലോ. സമാനമായി നിരവധി കാര്യങ്ങൾ കഴിഞ്ഞ 5-6 വർഷത്തിനിടെ സംഭവിച്ചിട്ടുണ്ട്. അതുപോലെ തന്നെ കഴിഞ്ഞ ഒളിംപിക്സ് മുതൽ ഇങ്ങോട്ടും നിരവധി മാറ്റങ്ങളുണ്ടായി. ■

കായികതാരങ്ങളുമായി പ്രധാനമന്ത്രി നടത്തിയ സംഭാഷണം കേൾക്കാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

കേന്ദ്രമന്ത്രിസഭാ തീരുമാനങ്ങൾ

# കൊവിഡ് മഹാമാരിക്കാലത്തും പ്രതീക്ഷകളെ ഉണർത്തി



**കൊവിഡ് മഹാമാരിക്കാലത്ത് മരവിപ്പിച്ച ഡി.എ തുക പുനസ്ഥാപിക്കുക മാത്രമല്ല, വലിയ തോതിൽ ഡി.എ ഉയർത്തുക കൂടി ചെയ്തത് ലക്ഷക്കണക്കിന് വരുന്ന കേന്ദ്രസർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏറെ പ്രയോജനകരമായി. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടും പൊതുജനക്ഷേമം പരമാവധി ഉറപ്പാക്കിയുമുള്ള നിരവധി നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ടെക്സ്റ്റൈൽ മേഖലയെ സ്വയംപര്യാപ്തമാക്കാനും ആയുഷ് വഴി ആരോഗ്യ സംരക്ഷണവും ആത്മനിർഭർ ഭാരതിന്റെ നാലാം പാക്കേജ് പ്രഖ്യാപനവും കൊവിഡ് എമർജൻസി ആരോഗ്യ പാക്കേജ് പ്രഖ്യാപനവുമെല്ലാം ക്യാബിനറ്റ് തീരുമാനങ്ങളായി വന്നു. മണ്ഡികൾ വഴി പ്രയോജനങ്ങൾ കർഷകർക്ക് എത്തിക്കാനും കർഷകരുടെ വലിയ താൽപര്യങ്ങൾ സംരക്ഷിക്കാനുമുള്ള സംവിധാനമൊരുക്കുകയും കേന്ദ്രസർക്കാർ ലക്ഷ്യമാണ്.**

- **തീരുമാനം:** കേന്ദ്രസർക്കാർ ജീവനക്കാരുടെ ഡിയർനെസ് അലവൻസ് 28 ശതമാനം ഉയർത്തി. ഇതുവഴി ലക്ഷക്കണക്കിന് കേന്ദ്രസർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സാമ്പത്തിക നേട്ടമുണ്ടാകും.
- **പ്രയോജനം:** കൊവിഡ് കാലത്താണ് ഡിഎ മരവിപ്പിച്ചത്. എന്നാൽ ഡിഎയിൽ 11 ശതമാനത്തിന്റെ വർദ്ധനവാണ് ഇപ്പോൾ കേന്ദ്രം കൊണ്ടുവന്നത്. നേരത്തെ 17 ശതമാനമായിരുന്ന ഡിഎ ഇപ്പോൾ 28 ശതമാനമാക്കി. 2021 ജൂലൈ 1 മുതൽ പുതിയ ഡിഎ വർദ്ധനവ് നടപ്പാക്കി. 48.34 ലക്ഷം കേന്ദ്രസർക്കാർ ജീവനക്കാർക്കും 65.26 ലക്ഷം പെൻഷൻകാർക്കും തീരുമാനംകൊണ്ട് നേരിട്ട് പ്രയോജനമുണ്ടാവും.
- **തീരുമാനം:** വസ്ത്രങ്ങളുടെയും തുണിത്തരങ്ങളുടേയും റിബേറ്റ് ഓഫ് സ്റ്റേറ്റ് ആന്റ് സെൻട്രൽ ടാക്സസ് ആന്റ് ലെവീസ്(ആർഒഎസ്‌സിടിഎൽ) തുടരാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. പദ്ധതി 2024 വരെ തുടരും. 2021-22ലേക്കായി 19,400 കോടി രൂപയും വകയിരുത്തി.
- **പ്രയോജനം:** കയറ്റുമതി പ്രോത്സാഹിപ്പിക്കും. ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. ആഗോളതലത്തിൽ ഭാരതീയ കമ്പനികളെ മത്സരക്ഷമമാക്കും.
- സുസ്ഥിരവും വിശ്വാസ്യതയുള്ളതുമായ നയം തൊഴിലാളികളെ അധിഷ്ഠിതമാക്കിയുള്ള ടെക്സ്റ്റൈൽ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും നേട്ടമാണ്. ഇതു കയറ്റുമതി മേഖലയെ പ്രോത്സാഹിപ്പിക്കും. സാമ്പത്തിക വികസനത്തിനൊപ്പം ടെക്സ്റ്റൈൽ മേഖലയ്ക്കാകെ ഇത് പുത്തനുണർവ്വ് നൽകും.
- **തീരുമാനം:** രാജ്യമെങ്ങുമുള്ള ആയുഷ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തും. ആയുഷ് സേവനങ്ങളും മരുന്നുകളും കൂടുതലായി ലഭ്യമാക്കും. ഈ ലക്ഷ്യത്തോടെ ദേശീയ ആയുഷ് മിഷൻ 2026 മാർച്ച് 31 വരെ നീണ്ടുനിൽക്കുന്ന 4,607 കോടി രൂപയുടെ കേന്ദ്രസർക്കാർ പദ്ധതി നടപ്പാക്കുന്നു.
- **പ്രയോജനം:** ഇതുവഴി ആയുഷ് സവിധാനത്തിന് കീഴിലുള്ള വിദ്യാഭ്യാസ,പരിശീലന സംവിധാന



- **തീരുമാനം:** രാജ്യത്തെ കന്നുകാലി വളർത്തൽ കർഷകരുടെ വരുമാന വർദ്ധനവിനായി വിപ്ലവകരമായ നടപടികളാണ് സ്വീകരിച്ചത്. ഇതുവഴി ഗ്രാമീണ ഭാരതത്തെ ശക്തിപ്പെടുത്താനാവും.
- **പ്രയോജനം:** കേന്ദ്രസർക്കാർ 9,800 കോടി രൂപ ചെലവഴിക്കും. കന്നുകാലി മേഖലയുമായി ബന്ധപ്പെട്ട് 54,618 കോടി രൂപയുടെ നിക്ഷേപങ്ങളെത്തും.
- മൂന്നുപദ്ധതികളാണുള്ളത്. പശുധൻ വികാസ് യോജന, രാഷ്ട്രീയ ഗോകുൽ മിഷൻ, ദേശീയ ആനിമൽ ഡിസീസ് പ്രോഗ്രാം.
- ഗോകുൽ മിഷന് കീഴിൽ ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് തദ്ദേശീയ പശു, എരുമ ഇനങ്ങളുടെ വംശവർദ്ധനവ് ഉറപ്പുവരുത്തുന്നു. മികച്ച ഫലം ലഭിക്കുന്നതിനനുസരിച്ച് കർഷകർക്ക് ഇൻസെന്റീവുകൾ നൽകും.
- ബ്രീഡിംഗ്, ചികിത്സ, വാക്സിനേഷൻ, ഡയറി അടിസ്ഥാന സൗകര്യങ്ങൾ, പരിശോധനകൾ എന്നിവയ്ക്കായി പ്രത്യേക പാക്കേജ്.
- ആനിമൽ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന് കീഴിൽ കന്നുകാലികളുടെ ആരോഗ്യം ദേശീയ ആനിമൽ പ്രോഗ്രാമുമായി ബന്ധിപ്പിക്കുന്നു. മൃഗങ്ങളുടെ സംരക്ഷണത്തിനും ചികിത്സയ്ക്കുമായി ഇപ്പോൾ ആംബുലൻസ് സേവനവും ലഭ്യമാണ്.

ങ്ങളുടെ സാധ്യതകൾ വ്യാപിപ്പിക്കാൻ സാധിക്കും. മെഡിക്കൽ സംവിധാനത്തെ ശക്തിപ്പെടുത്താനും ചികിത്സയേക്കാൾ നല്ലതാണ് പ്രതിരോധം എന്ന സങ്കൽപ്പം ശക്തിപ്പെടുത്താനും സാധിക്കും.

- ആരോഗ്യ സംവിധാനത്തിലെ രോഗ നിയന്ത്രണ ചിലവുകൾ കുറയ്ക്കാനും ഭാരതത്തിന്റെ പഴയ രീതിയായ രോഗ നിയന്ത്രണം എന്നതിനെ രാജ്യത്തിനകത്തും പുറത്തും കൂടുതൽ പ്രശസ്തമാക്കാനും സഹായിക്കും.
- രാജ്യത്താകമാനം പന്ത്രണ്ടായിരത്തിലധികം ആയുഷ് ആരോഗ്യ-അവബോധ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- ആറ് ആയുഷ് കോളേജുകൾ, 12 പി.ജി ആയുഷ് സ്ഥാപനങ്ങൾ, 10 അണ്ടർ ഗ്രാജുവേറ്റ് സ്ഥാപനങ്ങൾ എന്നിവ ഉയർത്തും. പുതിയ 50 കിടക്കകൾ, 30 കിടക്കകൾ, 10 കിടക്കകൾ എന്നിവയുള്ള ആയുഷ് ആശുപത്രികൾ നിർമ്മിക്കും. 101 മൊബൈൽ 50 ബെഡ് ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളും ഉയർത്തും.
- 152 ആയുഷ് ഡിസ്പെൻസറികളും ഉയർത്തും. അരുണാചലിലെ പാസിഘട്ടിലുള്ള നാഷണൽ ഈസ്റ്റേൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോക്ക് മെഡിസിൻ(എൻഇഐഎഫ്എം)ൽ ആയുർവേദ ഗവേഷണം പ്രോത്സാഹിപ്പിക്കും. ട്രാൻസ്-ഹിമാലയൻ മേഖലയിലെ ഗവേഷണ സ്ഥാപനം എല്ലാ മേഖലയിലുമുള്ള ആയുഷ് പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവും.
- **തീരുമാനം:** കാർഷിക അടിസ്ഥാന സൗകര്യ ഫണ്ടിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സാമ്പത്തിക സംവിധാനങ്ങൾ ഭേദഗതി ചെയ്യുന്നതിന് അനുമതി. ഇതുവഴി എപിഎംസികളെ ശക്തിപ്പെടുത്തുകയും കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുകയും ചെയ്യുന്നു.
- **പ്രയോജനം:** ഇപ്പോൾ സംസ്ഥാന ഏജൻസികൾക്കും എപിഎംസികൾക്കും ദേശീയ-സംസ്ഥാന സഹകരണ സംഘങ്ങളുടെ ഫെഡറേഷനും കാർഷികോൽപ്പാദന സംഘങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കുമായി യോഗത്യ വർദ്ധിപ്പിച്ചിരിക്കുന്നു.
- യോഗ്യരായ സംഘങ്ങൾക്ക് വിവിധ സ്ഥലങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കാം. ഇത്തരം പ്രോജക്ടുകൾക്ക് 2 കോടി രൂപ വരെയുള്ള ലോണിന് പലിശ ഇളവുണ്ട്. നേരത്തെ ഇവയ്ക്ക് ഒരിടത്തുമാത്രമായിരുന്നു പ്രോജക്ടുകൾ ചെയ്യാൻ സാധിച്ചിരുന്നത്.
- എപിഎംസികൾക്ക് രണ്ടു കോടി രൂപ വരെയുള്ള ലോണുകൾക്ക് പലിശ ഇളവുണ്ട്. ശീതീകരണ സംവിധാനം, തരംതിരിക്കൽ കേന്ദ്രം, ഗ്രേഡിംഗ് യൂണിറ്റുകൾ, സംഭരണ കേന്ദ്രങ്ങൾ എന്നിങ്ങനെ ഒരു മാർക്കറ്റിനുള്ളിൽ വിവിധ അടിസ്ഥാന സൗകര്യ പദ്ധതികൾ സ്ഥാപിക്കുന്നതിന് ഓരോന്നിനും ഇപ്പോൾ രണ്ടുകോടി രൂപ വീതം വായ്പ ലഭിക്കും.
- **തീരുമാനം:** രണ്ടാം തരംഗത്തിലെ ആഘാതങ്ങൾ പരിഗണിച്ച് ആരോഗ്യ മേഖലയ്ക്കായി എൽജിഎസ് സിഎഎസ് ലോൺ ഗ്യാരന്റീ സ്കീം നടപ്പാക്കി. 50,000 കോടി രൂപയാണ് ഇതിനായി അനുവദിച്ചത്. ആരോഗ്യ, മെഡിക്കൽ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിപുലീകരണത്തിനായി സാമ്പത്തിക ഈട് നൽകുകയാണ് ലക്ഷ്യം.
- **പ്രയോജനം:** ലോഞ്ച് ഓഫ് ക്രെഡിറ്റ് ഗ്യാരന്റീ സ്കീം ഫോർ കൊവിഡ് അഫക്ടഡ് ഏരിയാസ്(എൽജിഎംസിഎഎസ്), എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരന്റീ സ്കീം(ഇസിഎൽജിഎസ്) എന്നിവയുടെ പ്രഖ്യാപനവും മെച്ചപ്പെട്ട ആരോഗ്യ പദ്ധതികൾക്കായുള്ള ശ്രമങ്ങളും.
- ആരോഗ്യ സംവിധാനങ്ങളുടെ വിപുലീകരണം, കടബാധ്യതയുടെ ആഘാതം കുറയ്ക്കുക, കുറഞ്ഞ നിരക്കിലുള്ള ബാങ്ക് വായ്പാ സംവിധാനം ഒരുക്കുക.
- ഇസിഎൽജിഎസിന് കീഴിൽ 1,50,000 കോടി രൂപയുടെ അധിക ഫണ്ടിംഗ്.



- **തീരുമാനം:** ആരോഗ്യ സംവിധാനങ്ങളുടെ ഉത്തേജനം ലക്ഷ്യമിട്ടുള്ള കൊവിഡ് 19 അടിയന്തര പ്രതികരണ ആരോഗ്യസംവിധാനങ്ങളുടെ തയ്യാറെടുപ്പ് പാക്കേജിന്റെ രണ്ടാംഘട്ട അനുമതി.
- **പ്രയോജനം:** മഹാവ്യാധിയ്ക്കെതിരെ ജില്ലാതലങ്ങളിൽ തന്നെ ശക്തമായും മികവാർന്നതുമായ പ്രതിരോധം തയ്യാറാക്കാൻ ലക്ഷ്യമിട്ടുള്ളതാണ് തീരുമാനം.

- സംസ്ഥാനങ്ങൾക്ക് സഹായങ്ങൾ നൽകും. രാജ്യത്തെ 736 ജില്ലകളിലും പീഡിയാട്രിക് യൂണിറ്റുകൾ സ്ഥാപിക്കും. എല്ലാ സംസ്ഥാനങ്ങളിലും പീഡിയാട്രിക് സെന്റേഴ്സ് ഫോർ എക്സലൻസ്(മികവിന്റെ കേന്ദ്രം) സ്ഥാപിക്കും.
- പൊതുജനാരോഗ്യ മേഖലയിൽ 20,000 ഐസിയു ബെഡുകൾ പുതുതായി സ്ഥാപിക്കും. ഇതിൽ 20 ശതമാനം പീഡിയാട്രിക് ഐസിയു ബെഡുകൾ ആയിരിക്കും.
- നിലവിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഉപ ആരോഗ്യ കേന്ദ്രങ്ങളിലുമാണ് പുതിയ കിടക്കകൾ അധികമായി അനുവദിക്കുന്നത്. ഇവയെല്ലാം 6-20 കിടക്കകളുള്ള കേന്ദ്രങ്ങളാക്കി ഉയർത്തും.
- ടയർ രണ്ട്, ടയർ മൂന്ന് നഗരങ്ങളിലും ജില്ലാ ആസ്ഥാനങ്ങളിലും 50-100 കിടക്കകളുള്ള വലിയ മേഖലാ ആശുപത്രികൾ നിർമ്മിക്കും.
- മെഡിക്കൽ ഗ്യാസ് പൈപ്പ്ലൈൻ സംവിധാനം അടക്കമുള്ള 1050 മെഡിക്കൽ ഓക്സിജൻ സംഭരണ ടാങ്കുകൾ, 8,800 ആംബുലൻസുകൾ എന്നിവ.
- സെൻട്രൽ ആശുപത്രികൾ, എഐഐഎംഎസ്, ദേശീയ പ്രാധാന്യമുള്ള മറ്റു സ്ഥാപനങ്ങളായ നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ(എൻസിഡിസി) എന്നിവ ശക്തിപ്പെടുത്തും.
- എല്ലാ ജില്ലാ ആശുപത്രികളിലും മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനം നടപ്പാക്കും. ഹാർഡ് വെയറുകളുടെ ശേഷിയും ഉയർത്തും.
- ഇ-സഞ്ജീവനി വഴിയുള്ള പ്രതിദിന ടെലി കൺസൽറ്റേഷൻ എണ്ണം 50,000ത്തിൽ നിന്ന് 5 ലക്ഷമാക്കി ഉയർത്തും.
- കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ വകുപ്പിലെ കേന്ദ്രീകൃത വാർ റൂം ശക്തിപ്പെടുത്തും. കൊവിഡ് 19 പോർട്ടൽ, കൊവിഡ് ഹെൽപ്പ്ലൈനുകൾ, കൊവിൻ പ്ലാറ്റ്ഫോം എന്നിവയും ശക്തമാക്കും.

- കുറഞ്ഞ പലിശ നിരക്കിൽ അധിക വായ്പ അനുവദിക്കാൻ പണവായ്പ നൽകുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കും.
- മെച്ചപ്പെട്ട ആരോഗ്യസംരക്ഷണത്തിനായി യോജിച്ച പദ്ധതികൾ നടപ്പാക്കും. അവയെ സമയാസമയങ്ങളിൽ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്ക്കരിക്കും.
- **തീരുമാനം:** രാജ്യത്തെല്ലായിടത്തും ബ്രോഡ്ബാന്റ് സംവിധാനം അനായാസം ലഭിക്കുന്നതിനായി 19,000 കോടി രൂപ വകയിരുത്തി. 16 സംസ്ഥാനങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഭാരത്നെറ്റ് പദ്ധതി നടപ്പാക്കുന്നതിനായി 29,430 കോടി രൂപയും അനുവദിച്ചു.
- **പ്രയോജനം:** കേന്ദ്രസർക്കാരിൽ നിന്ന് ഇതിനായി 19,041 കോടി രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി അനുവദിക്കും.
- ഈ ചരിത്രപരമായ തീരുമാനത്തോടെ വിവരശേഖരണത്തിന്റെ ദേശീയപാത തന്നെയാണ് ഓരോ ഗ്രാമങ്ങളിലേക്കും എത്തുന്നത്.
- കൊവിഡ് കാലത്ത് ജനങ്ങൾക്ക് വലിയ നേട്ടം ലഭിച്ച ടെലിമെഡിസിൻ സംവിധാനം ഇ- ഗവേണൻസിന്റെ പ്രയോജനഫലങ്ങളാണ്. രാജ്യത്തിന്റെ ഗ്രാമീണ മേഖലകളിലെ കുട്ടികൾക്ക് ഡിജിറ്റൽ വിദ്യാഭ്യാസം ലഭിക്കുന്നതിന് മികച്ച ഒരു സംവിധാനമാണ് നിലവിലുള്ളത്.
- ഇ-കൊമേഴ്സ് പദ്ധതികൾക്കും ഒടിടികൾക്കും അനന്ത സാധ്യതകളാണുള്ളത്. സംരംഭകത്വം വികസിക്കും. ഡിജിറ്റൽ ലോകത്തെ സ്വീകരിക്കാൻ യുവാക്കളുടെ വലിയ സൈന്യം തന്നെ ഗ്രാമങ്ങളിൽ നിന്ന് ഉയർന്നുവരും. കേബിൾ ഇൻസ്റ്റലേഷൻ നൈപുണ്യം ഗ്രാമങ്ങളിൽ വികസിക്കും.
- **തീരുമാനം:** ഊർജ്ജ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രമന്ത്രിസഭായോഗം പ്രഖ്യാപിച്ച 'റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ പദ്ധതി' വലിയ പരിഷ്ക്കാരങ്ങളും ഫലങ്ങളും കൊണ്ടുവരുന്നതാണ്.
- **പ്രയോജനം:** ഊർജ്ജമേഖലയിൽ വലിയ മാറ്റങ്ങൾ സാധ്യമാകുന്നു. മുമ്പ് വൈദ്യുതിയുടെ ക്ഷാമമായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഇന്ന് രാജ്യത്ത് വൈദ്യുതി അധികമാണ്. രാജ്യം മുഴുവനും ഒരു വിതരണ സംവിധാനവുമായി ബന്ധിപ്പിച്ചിരിക്കുന്നു. വൈദ്യുതിയുടെ ഏകീകൃത വിപണിയായി രാജ്യം മുഴുവനും മാറിക്കഴിഞ്ഞിരിക്കുന്നു. ഇതു വൈദ്യുതിയുടെ ചിലവ് കുറച്ചു. ഇത്ര ചെറിയ കാലയളവിനുള്ളിൽ ലോകചരിത്രത്തിൽ നടന്ന ഏറ്റവും വലിയ വിപുലീകരണമായിരുന്നു ഇത്. ■

കേന്ദ്രമന്ത്രിസഭായോഗത്തിന്റെ വിശദമായ വിവരങ്ങൾക്കായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക.





### കൊവിഡിനെതിരായ യുദ്ധം

# സർവ്വസജ്ജമായി ഭാരതം

**ലോകത്തിലെ മറ്റേതൊരു രാജ്യത്തേക്കാളും മികച്ച രോഗമുക്തി നിരക്കാണ് ഭാരതത്തിൽ ഉള്ളത്. തുടർച്ചയായ പരിശോധനകൾ, ആളുകളെ കണ്ടെത്തി നിരീക്ഷണത്തിലാക്കൽ, ചികിത്സ, അതിവേഗ വാക്സിനേഷൻ എന്നിവയെല്ലാം വഴി ഭാരതത്തിലെ 3 കോടി ജനങ്ങളാണ് രോഗമുക്തി നേടിയത്.**


**കൃത്യസമയത്ത് പ്രധാനമന്ത്രി നൽകിയ മുന്നറിയിപ്പ്**

> **മാസ്ക് പോലും ധരിക്കാതെ ഹിൽ സ്റ്റേഷനുകളിലും മാർക്കറ്റുകളിലും വലിയ ആൾക്കൂട്ടമാണ് കാണുന്നത്. ചിലർ മൂന്നാം തരംഗം എത്തുന്നതിന് മുമ്പ് ആഘോഷിക്കാനാണ് എത്തുന്നത്. ഇതെല്ലാം തെറ്റാണ്.**
>
> **– നരേന്ദ്ര മോദി**
> **പ്രധാനമന്ത്രി**

കൊവിഡിന്റെ രണ്ടാം തരംഗത്തിന്റെ തീവ്രത കുറഞ്ഞിട്ടുണ്ടാവാം, എന്നാൽ അതു പൂർണ്ണമായും അവസാനിച്ചിട്ടില്ല. നിതി ആയോഗ് അംഗമായ ഡോ. വി. കെ പോൾ പറയുന്നത് പ്രകാരം കൊവിഡ് വ്യാപനം പൂർണ്ണമായും അവസാനിപ്പിക്കുന്നതു വരെ കൊവിഡ് പ്രോട്ടോക്കോൾ പിന്തുടരേണ്ടതുണ്ട്. രണ്ടാം തരംഗത്തിന്റെ മധ്യത്തിൽ വെച്ച് കൊവിഡ് വ്യാപനം അതിരൂക്ഷമായതും വേഗത വർദ്ധിച്ചതും കാണേണ്ടതുണ്ട്. മൂന്നുകോടി രോഗികളെ ചികിത്സിക്കുന്നതിനായി 529 ദിവസങ്ങളാണ് വേണ്ടിവന്നത്. രോഗമുക്തി നിരക്ക് 97.28 ശതമാനമാണ്. അമേരിക്കയിൽ 2.90 കോടി രോഗികളെ ചികിത്സിക്കുന്നതിനായി 539 ദിവസങ്ങളാണ് എടുത്തത്. അവിടെ രോഗമുക്തി നിരക്ക് 84.18 ശതമാനം മാത്രമാണ്. ജൂലായ് 13ന് 31,443 കൊവിഡ് കേസുകൾ മാത്രമാണ് രാജ്യത്ത് റിപ്പോർട്ട് ചെയ്തത്. കഴിഞ്ഞ 118 ദിവസങ്ങൾക്കുള്ളിലെ ഏറ്റവും കുറഞ്ഞ ദിവസമായിരുന്നു അത്.

കൊവിഡ് കേസുകൾ അതിവേഗത്തിൽ കുറഞ്ഞുകൊണ്ടിരിക്കുമ്പോഴും കേന്ദ്രസർക്കാർ ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള തയ്യാറെടുപ്പുകളിലാണ്. ജൂലായ് 8ന് നടന്ന കേന്ദ്രമന്ത്രിസഭാ യോഗത്തിൽ കൊവിഡ് 19 അടിയന്തര പ്രതികരണത്തിനും ആരോഗ്യ സംവിധാനങ്ങളുടെ തയ്യാറെടുപ്പിനുമായി രണ്ടാം ഘട്ട പാക്കേജ് അനുവദിച്ചു. ആരോഗ്യ സംവിധാനങ്ങളുടെ വികസനവും ആരോഗ്യമേഖലയുടെ തയ്യാറെടുപ്പും അതിവേഗ പ്രതിരോധ പ്രതികരണ സംവിധാനങ്ങൾ തയ്യാറാക്കലുമാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. മുൻകൂട്ടി കണ്ട് പ്രതിരോധിക്കുക, രോഗികളെ കണ്ടെത്തുക, അവർക്ക് ചികിത്സ നൽകുക എന്നതാണ് കേന്ദ്രആരോഗ്യമന്ത്രാലയത്തിന്റെ രീതി.

ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് സമഗ്രമായ തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ടെന്ന് ജൂലൈ13ന് എട്ടു വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി നടത്തിയ പ്രത്യേക യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നിർദ്ദേശിച്ചു. കൊവിഡിന്റെ പുതിയ വകഭേദത്തെ നാം കൃത്യമായി നിരീക്ഷിച്ചുകൊണ്ടിരിക്കണമെന്ന് പ്രധാനമന്ത്രി യോഗത്തിൽ പറഞ്ഞു. വകഭേദം വന്നതിന് ശേഷം വൈറസ് എത്രത്തോളം അപകടകാരിയാണെന്നതു സംബന്ധിച്ച് വിദഗ്ധരുടെ അഭിപ്രായങ്ങളും പഠന റിപ്പോർട്ടുകളും ഗൗരവമായി എടുക്കണം. ഈ സാഹചര്യത്തിൽ മുൻകരുതലും മികച്ച ചികിത്സയും തന്നെയാണ് അത്യാവശ്യം. കൊവിഡിനെ തടയാൻ കൂടുതൽ ശക്തമായ നടപടികൾ ആവശ്യമാണ്. മൈക്രോ കണ്ടൈൻമെന്റ് സോണുകളിൽ പൂർണ്ണമായും ശ്രദ്ധ പതിപ്പിക്കണം. കഴിഞ്ഞ ഒന്നര വർഷത്തെ അനുഭവങ്ങൾ നാം പൂർണ്ണമായും ഉപയോഗിക്കുകയും വേണം, പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.




**കൊവിഡിന്റെ നാൾവഴികളിലൂടെ**

കഴിഞ്ഞ വർഷം ആഗസ്റ്റ് 7നാണ് രാജ്യത്തെ കൊവിഡ് രോഗികളുടെ എണ്ണം 20 ലക്ഷം പിന്നിട്ടത്. ആഗസ്റ്റ് 23ന് 30 ലക്ഷവും സെപ്റ്റംബർ 5ന് 40 ലക്ഷവും എത്തി. സെപ്റ്റംബർ 16നാണ് ആകെ രോഗികൾ 50ലക്ഷം കടന്നത്. സപ്തംബർ 28ന് 60 ലക്ഷം രോഗികളായി. രോഗികളുടെ എണ്ണം 70 ലക്ഷത്തിലേക്ക് കടന്നത് ഒക്ടോബർ 11നാണ്. ഒക്ടോബർ 29ന് 80 ലക്ഷവും നവംബർ 20ന് 90 ലക്ഷവും പിന്നിട്ടു. ഒരുകോടി രോഗികൾ ആയത് ഡിസംബർ 19നാണ്. മേയ് 4ന് രണ്ടു കോടിയും ജൂൺ 23ന് മൂന്നുകോടി രോഗികളുമായി.

**അതിവേഗ വാക്സിനേഷൻ തുടരുന്നു....**

കൊവിഡിനെതിരായ പോരാട്ടത്തിൽ രാജ്യം മുഴുവനും ആവേശത്തോടെയാണ് പങ്കെടുക്കുന്നത്. ബീഹാറിലെ വെള്ളപ്പൊക്കം പോലും അവിടുത്തെ വാക്സിനേഷൻ പ്രക്രിയയെ ബാധിച്ചില്ല. വെള്ളപ്പൊക്കം ബാധിച്ച സ്ഥലങ്ങളിലെ ആരോഗ്യ പ്രവർത്തകർ ശ്രദ്ധേയമായ രീതിയിൽ ജനങ്ങളിലെ വാക്സിനേഷൻ പ്രക്രിയ തുടർന്നു. ബോട്ടുകളിൽ ആരോഗ്യ പ്രവർത്തകർ ജനങ്ങളുടെ അടുത്തെത്തിയാണ് കുത്തിവെയ്പ്പ് എടുത്തത്. വെള്ളപ്പൊക്കം വാക്സിൻ പ്രക്രിയയെ ബാധിച്ചതേയില്ല. വാക്സിൻ അർഹരായവരെ ബോട്ടുകളിൽ ഇരുന്നുതന്നെ തിരിച്ചറിയുകയും അവർക്ക് അപ്പോൾ തന്നെ കുത്തിവെയ്പ്പ് നൽകുകയുമായിരുന്നു രീതി. ഭാരതത്തിന്റെ കൂട്ടായ യത്നത്തിന്റെ ഉദാഹരണമാണിത്. ആരോഗ്യ പ്രവർത്തകർക്ക് ആദ്യം എന്ന ക്രമത്തിൽ, ജനുവരി 16നാണ് രാജ്യത്ത് വാക്സിനേഷൻ പ്രക്രിയ ആരംഭിച്ചത്. ജൂലൈ 13 വെ 38 കോടി ആളുകളെയാണ് പ്രതിരോധ കുത്തിവെയ്പ്പിന് വിധേയരാക്കിയത്.

**തദ്ദേശീയമായി ഉൽപ്പാദിപ്പിച്ച കൊവാക്സിന് ലോകാരോഗ്യസംഘടനയുടെ അനുമതി ഉടൻ**


കൊവാക്സിന്റെ പരീക്ഷണം മികച്ചതും തൃപ്തികരവുമായിരുന്നുവെന്നും അതിന്റെ ഗുണമേന്മ തിരിച്ചറിഞ്ഞതായും ലോകാരോഗ്യ സംഘടനയുടെ മുഖ്യ ശാസ്ത്രജ്ഞ ഡോ. സൗമ്യ സ്വാമിനാഥനാണ് കഴിഞ്ഞ ദിവസം വ്യക്തമാക്കിയത്. കൊവാക്സിന് ലോകാരോഗ്യസംഘടനയുടെ അനുമതി ലഭിക്കുമെന്ന പ്രതീക്ഷകൾ ഇതോടെ വർദ്ധിച്ചു.




## വാക്സിനേഷൻ ബോട്ട്

ബീഹാറിൽ നിന്നുള്ള ഈ ചിത്രം കൊവിഡിനെതിരായ യുദ്ധത്തിലുള്ള നിശ്ചയദാർഢ്യവും ധൈര്യവും വ്യക്തമാക്കുന്നതാണ്.ചില ജില്ലകൾ പ്രളയത്തിൽ മുങ്ങിയപ്പോഴാണ് അധികാരികൾ വാക്സിനേഷൻ ബോട്ട് ആരംഭിച്ചത്.

### ഇതുവരെ ആകെ 42.34 കോടി ആളുകൾക്ക് വാക്സിൻ നൽകി




ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത്ബയോടെക്ക് ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചുമായി ചേർന്നാണ് ഈ വാക്സിൻ വികസിപ്പിച്ചത്.ലോകാരോഗ്യ സംഘടനയുടെ അടിയന്തര ഉപയോഗ പട്ടികയിൽ ഇടം നേടിയാൽ,വാക്സിന്റെ അന്താരാഷ്ട്ര സ്വീകാര്യത വർദ്ധിയ്ക്കും.വാക്സിൻ സർട്ടിഫിക്കറ്റ് എല്ലാ രാജ്യങ്ങളും അംഗീകരിയ്ക്കും.നിലവിൽ ഇത്തരത്തിൽ 7 വാക്സിനുകളാണ് ലോകാരോഗ്യസംഘടനയുടെ പട്ടികയിലുള്ളത്.


കൊവിൻ,രാജ്യത്ത് തദ്ദേശീയമായി വികസിപ്പിച്ച വാക്സിനേഷൻ രജിസ്ട്രേഷൻ സംവിധാനം.ഇപ്പോൾ ലോകത്തിലെ മറ്റു രാജ്യങ്ങൾക്കും ലഭ്യമാകുന്നു

ആരോഗ്യസേതു ആപ്പ് പോലെ രാജ്യത്തിന്റെ കൊറോണയ്ക്കെതിരായ യുദ്ധത്തിൽ സാങ്കേതികതലത്തിലുണ്ടായ വലിയ മുന്നേറ്റമാണ് കൊവിൻ.ലോകത്തിലെ ഏറ്റവും വലിയ വാക്സിനേഷൻ യജ്ഞമാണ് ഭാരതത്തിൽ നടക്കുന്നത്.അത് വിജയകരമായി നടത്തുന്നതിൽ കൊവിൻ പ്രധാന പങ്കാണ് വഹിയ്ക്കുന്നത്.കാനഡ,മെക്സിക്കോ ഉൾപ്പെടെ 50തിലധികം വിദ്ശ രാജ്യങ്ങൾ അവരുടെ വാക്സിനേഷൻ ക്യാംപയിനിനായി കൊവിൻ വെബ്സൈറ്റ് ഉപയോഗിയ്ക്കാൻ താൽപര്യം കാണിച്ചിട്ടുണ്ട്.കൊവിൻ എല്ലാവർക്കും സൗജന്യമായി നൽകാൻ തയ്യാറാണെന്ന് ജി20 രാജ്യങ്ങളിലെ ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണ്ണർമാരുടെയും യോഗത്തിൽ ധനമന്ത്രി നിർമ്മലാ സീതാരമൻ പ്രഖ്യാപിച്ചിരുന്നു. ■

ഡോക്ടേഴ്സ് ദിനവുമായി ബന്ധപ്പെട്ടു നടന്ന ആഗോള കോൺക്ലേവിൽ പ്രധാനമന്ത്രി നടത്തിയ പ്രസംഗം കേൾക്കാനും,വടക്ക്കിഴക്ക് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി പ്രധാനമന്ത്രി നടത്തിയ കൊവിഡ് അവലോകന യോഗത്തിനുമായി ക്യു ആർ കോഡുകൾ സ്കാൻ ചെയ്യുക

വ്യക്തിത്വം
പുരുഷോത്തം ദാസ് ഠാണ്ടൻ

# ഹിന്ദിയുടെ രാജർഷി



ജനനം: ആഗസ്റ്റ് 1,1882–മരണം: ജൂലായ് 1,1962

സമൂഹത്തിന് അനവധി സംഭാവനകൾ നൽകിയിട്ടും അറിയപ്പെടാതെ പോയ ചുരുക്കം ചില പേരുകളുണ്ട് ചരിത്രത്തിൽ.അതിലൊരാളാണ് സമ്പന്നമായ പാരമ്പര്യത്തിനുടമയായ രാജർഷി പുരുഷോത്തം ദാസ് ഠാണ്ടൻ.സ്വാതന്ത്ര്യസമരത്തിന് നൽകിയ സംഭാവനകളുടെയും ഹിന്ദി ഭാഷയുടെ പ്രചാരത്തിനായി നടത്തിയ ശ്രമങ്ങളുടെയും പേരിൽ പ്രശ്സതനാണ് ഠാണ്ടൻ.അദ്ദേഹത്തിന്റെ പരിശ്രമങ്ങളുടെ ഫലമായാണ് ഹിന്ദി ഔദ്യോഗിക ഭാഷയായി അംഗീകരിക്കപ്പെട്ടതും ദേവനാഗിരി ഔദ്യോഗിക ലിപി ആയതും.പ്രശ്സ്ത ഹിന്ദി എഴുത്തുകാരൻ ബനാറസിദാസിന്റെ വാക്കുകൾ,"ഇരുപതാം നൂറ്റാണ്ടിനെ വിലയിരുത്തുന്ന ഏതൊരു ഹിന്ദി ചരിത്രകാരനും 3 പേരുകൾ പ്രത്യേകമായി എടുത്തുപറയും,മഹർഷി ദയാനന്ദ, മഹാത്മാ ഗാന്ധി, രാജർഷി ഠാണ്ടൻ".

ഒരിക്കൽ ഒരു എംപി അദ്ദേഹത്തിന്റെ അലവൻസ് ചെക്ക് വാങ്ങാനായി രാജ്യസഭാ ഓഫീസിൽ പോയി.ചെക്ക് 'ലോക്സേവ മണ്ഡൽ' എന്ന വിലാസത്തിലായിരുന്നു നിക്ഷേപിക്കേണ്ടിയിരുന്നത്.വിശദാംശങ്ങൾ എഴുതാനായി അവിടെ ഉണ്ടായിരുന്ന ഒരു വ്യക്തിയിൽ നിന്നും അദ്ദേഹം പേന കടംവാങ്ങി.400 രൂപയുടെ അലവൻസ് ചെക്ക് ലോക്സേവ മണ്ഡലിന് നൽകുന്നത് കണ്ട് ആശ്ചര്യപ്പെട്ട ആ വ്യക്തി ഠാണ്ടനോട് ചോദിച്ചു,നിങ്ങൾക്ക് വെറും 400 രൂപ മാത്രമാണ് ലഭിച്ചത്.അത് നിങ്ങൾ ലോക്സേവ മണ്ഡലിന് നൽകുകയാണ്.

പേന തിരിച്ചു നൽകവേ എംപി ആ വ്യക്തിയോട് പറഞ്ഞു,"എനിക്ക് നന്നായി സമ്പാദിയ്ക്കുന്ന 7 ആൺ മക്കളുണ്ട്.ഓരോ ആളിനും ഞാൻ 100 രൂപ നികുതി ചുമത്തിയിരിക്കുന്നു.അതുകൊണ്ട് എനിയ്ക്ക് മാസം 700 രൂപ ലഭിയ്ക്കും.അതിൽ 300-400 രൂപമാത്രമാണ് എന്റെ ചിലവ്.ബാക്കി പണം ഞാൻ ലോക്സേവ മണ്ഡലിന് നൽകും.ബാക്കി പണം കൊണ്ട് ഞാൻ എന്ത് ചെയ്യാനാണ്".

ആ വ്യക്തിയാണ് പുരുഷോത്തം ദാസ് ഠാണ്ടൻ.1882,ആഗസ്റ്റ് 1ന് ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിലായിരുന്നു ഠാണ്ടന്റെ ജനനം.1899ൽ ഠാണ്ടൻ കോൺഗ്രസ് പാർട്ടിയിൽ ചേർന്നു.1905ൽ ഭാംഗ്ഭാംഗ് മുന്നേറ്റത്തിൽ ആകൃഷ്ടനായ അദ്ദേഹം പഞ്ചസാര ഉപയോഗം നിർത്തി.സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ഠാണ്ടന്റെ പഠനത്തിൽ തടസ്സങ്ങളുണ്ടാവുകയും അലഹബാദ് സർവ്വകലാശാല അദ്ദേഹത്തെ പുറത്താക്കുകയും ചെയ്തു.മറ്റൊരു സർവ്വകലാശാലയിൽ ചേർന്ന് അദ്ദേഹം പഠനം പൂർത്തിയാക്കി.1906ൽ അദ്ദേഹം അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു.ഗാന്ധിജിയുടെ ഉപദേശം സ്വീകരിച്ച ഠാണ്ടൻ,1921ൽ പ്രാക്ടീസ് അവസാനിപ്പിക്കുകയും മുഴുവൻ സമയ സ്വാതന്ത്ര്യസമര പോരാളിയായി മാറുകയും ചെയ്തു.ഠാണ്ടനെ കുറിച്ച് മുൻപ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ വാക്കുകൾ,"ദേശീയതയോടുള്ള സമർപ്പണമാണ് ഠാണ്ടനെ ഹിന്ദിയിലേക്ക് ആകർഷിച്ചത്.ഹിന്ദിയുടെ പ്രചാരത്തിനായി

**സമർപ്പിത നയതന്ത്രജ്ഞൻ,ഹിന്ദി ഭാഷയ്ക്കായി പോരാടിയ വ്യക്തി,മികച്ച പ്രഭാഷകൻ,സ്വാതന്ത്ര്യ സമര സേനാനി എന്നീനിലകളിൽ പ്രശസ്തനായ രാജർഷി എന്നറിയപ്പെടുന്ന പുരുഷോത്തം ദാസ് ഠാണ്ടന് ശ്രദ്ധാഞ്ജലികൾ**
**അമിത് ഷാ,കേന്ദ്ര ആഭ്യന്തര മന്ത്രി**

ഠാണ്ടൻ നടത്തിയ ശ്രമങ്ങൾ കാരണം ആദ്യ ഹിന്ദി സാഹിത്യ സമ്മേളനത്തിന്റെ അധ്യക്ഷനായി അദ്ദേഹം.

ലാലാ ലജ്പത് റായിയുടെ നിർദേശ പ്രകാരം 1925-1929 വരെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ മന്ത്രിയായും അദ്ദേഹം സേവനമനുഷ്ഠിച്ചു.1928ൽ ലാലാ ലജ്പത് റായ് മരണപ്പെട്ടപ്പോൾ ലോക് സേവക് മണ്ഡലിന്റെ അധ്യക്ഷൻ ആരാകും എന്ന ചോദ്യമുയർന്നു?ആ സമയം ബാങ്കിൽ ഠാണ്ടന് 1300 രൂപ മാസശമ്പളം കിട്ടുന്നുണ്ട്.പക്ഷേ,ഗാന്ധിജിയുടെ ആവശ്യ പ്രകാരം അതുപേക്ഷിച്ച ഠാണ്ടൻ ലോക്സേവക് മണ്ഡലിന്റെ ചുമതല ഏറ്റെടുത്തു.'യങ് ഇന്ത്യ'യിൽ ഇതേപ്പറ്റി ഗാന്ധിജി എഴുതി,"ഇങ്ങനെയുള്ള ധീര പ്രവർത്തികളിലൂടെയും ത്യാഗങ്ങളിലൂടെയുമാണ് രാജ്യം നിർമ്മിക്കുക."

സത്യഗ്രഹ സമരത്തിൽ പങ്കെടുത്തതിന് പങ്കെടുത്തതിന് അദ്ദേഹം ജയിൽവാസമനുഭവിച്ചു.1950ൽ ആചാര്യ കൃപലാനിയെ വലിയ ഭൂരിപക്ഷത്തിൽ പരാജയപ്പെടുത്തി ഠാണ്ടൻ കോൺഗ്രസ് അധ്യക്ഷനായി.എന്നാൽ നേതാക്കളുമായുള്ള അബിപ്രായ വ്യ്ത്യാസത്തെ തുടർന്ന് താമസിയാതെ ഠാണ്ടൻ പദവി രാജിവച്ചു.ബഹുമുഖ പ്രതിഭയായ അദ്ദേഹം രാജർഷി എന്നും അറിയപ്പെട്ടു.1961ൽ ഭാരതരത്നം നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു ■



**PMO India** @PMOIndia ·
Right from the beginning of the pandemic, India has been committed to sharing all our experiences, expertise and resources with the global community in this battle.

Despite all our constraints, we have tried to share as much as possible with the world: PM @narendramodi



**Rajnath Singh** @rajna...
The Union Government's decision to bifurcate Jammu & Kashmir and Ladakh as two separate UTs has bolstered national security and led to major reduction in terrorist activities and also opened new avenues for the socio-economic development of the people in both the regions.



**Amit Shah**
मोदी सरकार ने #SahkarSeSamriddhi के सपने को साकार करने हेतु एक अलग सहकारिता मंत्रालय बनाने का निर्णय लिया है। इस अभूतपूर्व निर्णय पर पीएम @narendramodi जी का ह्रदय से आभार व्यक्त करता हूँ।

मोदी जी के इस दूरदर्शी निर्णय से कृषि व ग्रामीण क्षेत्र में समृद्धि का एक नया सवेरा आएगा।



**Nitin Gadkari** @nitin_g...
कोविड के दूसरे वेव के कारण आई दिक़्क़तों से खुदरा और थोक व्यापारियों पर पड़े असर को ध्यान में रखते हुए अब इसे MSME के दायरे में लाने का फ़ैसला किया गया है।प्रायोरिटी सेक्टर लेंडिंग के अंतर्गत इस सेक्टर को लाकर आर्थिक सहायता पहुँचाने की कोशिश की जा रही है।
#MSMEGrowthEngineOfIndia



**Mansukh Mandaviya** @man...
Emergency Response & Health System Preparedness Package: Phase-II के अंतर्गत सेंट्रल अस्पताल, एम्स आदि में ~6,700 बेड तैयार किए जाएंगे।
कोविड-19 से संबंधित IT Systems जैसे कि CoWIN, eSanjeevani Tele-Consultation और NCDC को मज़बूत किया जाएगा।
#CabinetDecisions



Anurag Thakur Retweeted
**Office of Mr. Anurag Thakur** ·
कोरोना महामारी में भी किसानों से फसलों की रिकॉर्ड खरीद हो रही है

रबी विपणन सत्र 2021-22 में अब तक देश में MSP पर 433.32 LMT गेहूं की खरीद हो चुकी है। बीते वर्ष समान अवधि में 387.50 LMT की खरीद हुई थी।

49.16 लाख किसानों को MSP पर 85,581.02 करोड़ रुपये का भुगतान किया जा चुका है।

# Don't be complacent, single mistake can derail fight against Covid: Modi

HT Correspondent
letters@hindustantimes.com

NEW DELHI: Prime Minister Narendra Modi cautioned his council of ministers on Thursday that complacency could derail India's fight against Covid-19, and a single mistake could have far-reaching impact and weaken the fight to defeat the virus, according to people aware of the developments.

At the meeting of the expanded council of 77 members, Modi also asked the ministers to be punctual, learn from their predecessors, and focus on public service. The event came a day after Modi rebooted his council, dropping 12 ministers, inducting 36 new faces, and promoting seven.

Modi said India's fight against the pandemic was on track but expressed concern at the persistently high number of cases from Maharashtra and Kerala, said a person privy to the details of the meeting.

According to the person quoted above, the PM said that over the past few days, pictures and videos of crowded places were being circulated and people were seen roaming without masks or social distancing. "This is not a pleasant sight and it should instil a sense of fear in us," Modi was quoted as saying by the person quoted in the first

continued on →15

# 'Skill students for fourth industrial revolution'

## Modi tells technical institutions youth need to be ready for changes, disruptions

OUR BUREAU
New Delhi, July 8

Prime Minister Narendra Modi on Thursday interacted with the Directors of centrally-funded technical institutions emphasising that higher educational institutions need to prepare the youth for continuous disruptions and changes, keeping in mind the fourth industrial revolution.

There is a need to adapt higher education and technical education to the changing environment and emerging challenges. He added that this requires the institutions to reinvent and re-evaluate themselves, develop alternative and innovative models in accordance with the present and future needs of the country and society said PM Modi during video conferencing. Lauding the Research and Development work done by these institutions towards meeting the challenges posed by Covid, Modi said 'Aatmanirbhar Bharat Abhiyan' will form the basis of dreams and aspirations of India in the coming 25 years when the country will celebrate 100 years of independence. Adding that technological, R&D institutions will play a major role in the upcoming decade, which is also being called as "India's Techade".

**'Futuristic solutions'**

"We need to focus on developing futuristic solutions in education, healthcare, agriculture, defence, and cyber technologies. It is important there is good quality infrastructure in higher educational institutions to ensure that products associated with Artificial Intelligence, smart wearables, augmented reality systems, and digital assistants reach the common man," said the Prime Minister.



Prime Minister Narendra Modi

**Higher education**

During the interaction, Govindan Rangarajan of IISc Bangalore, Subhasis Chaudhuri of IIT Bombay, Bhaskar Ramamurthi of IIT Madras, and Abhay Karandikar of IIT Kanpur, highlighted various ongoing projects, academic work, and research.


Appreciating the improvement in the Gross Enrolment Ratio (GER) in higher education in the past few years, Modi emphasised that digitisation of higher education can play a big role in increasing GER, and students will have easier access to good quality and affordable education.

Meanwhile, newly appointed Education Minister Dharmendra Pradhan after taking charge of the Ministry said, "I am confident that under the guidance of the Prime Minister and the support of our academic institutions, we will continue to set new benchmarks in integrating education with employment and making it more inclusive, holistic, multi-disciplinary and at par with global standards".

# Modi 2.0 Cabinet reshuffle: New portfolios assigned

Big gains for Jyotiraditya Scindia, Anurag Thakur, Ashwini Vaishnaw, Dharmendra Pradhan, Kiren Rijiju





Narendra Modi

## MODI ASKS PEOPLE TO SUGGEST THE NOMINEES FOR PADMA AWARDS

Agencies

NEW DELHI: Prime Minister Narendra Modi on Sunday asked the people of the country to nominate inspiring people for the Padma awards, which he called #PeoplesPadma. The last date for nominations for Padma Awards is September 15.

"India has many talented people, who are doing exceptional work at the grassroots. Often, we don't see or hear much of them.

# In 1st meet, new Cabinet okays ₹23k-cr Covid fund

## Centre makes *mandis* eligible for loans under ₹1-trn agri infra fund



RNI No. :
DELENG/2020/78811
August 1-15, 2021

ന്യൂ ഇന്ത്യ
സമാചാർ
ദ്വൈവാരിക

RNI Registered No DELENG/2020/78811, Delhi Postal License No DL(S)-1/3545/2020-22, WPP NO U (S)-93/2020-22, posting at BPC, Meghdoot Bhawan, New Delhi - 110 001 on 26-30 advance Fortnightly (Publishing Date July 24, 2021, Pages - 60)

# ഏക ഭാരതം-ശ്രേഷ്ഠ ഭാരതം

രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾക്കിടയിലുള്ള സാംസ്കാരിക ബന്ധം ശക്തമാക്കുക എന്നതാണ് 'ഏക ഭാരതം ശ്രേഷ്ഠ ഭാരതം' മുന്നേറ്റത്തിന്റെ ലക്ഷ്യം. വ്യത്യസ്ത സംസ്ഥാനങ്ങളിലെ ജനങ്ങൾ തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുകയാണ് 'ഏക ഭാരതം ശ്രേഷ്ഠ ഭാരതം' മുന്നേറ്റത്തിന്റെ ഉദ്ദേശം.



സർദാർ പട്ടേലാണ് നമുക്ക് ഏകഭാരതം സമ്മാനിച്ചത്. അത് ശ്രേഷ്ഠ ഭാരതമാക്കാനുള്ള ഉത്തരവാദിത്വം നമ്മൾ 130 കോടി ഭാരതീയർക്കുണ്ട്.

കുടുതൽ വിവരങ്ങൾക്കായി വെബ്സൈറ്റ് സന്ദർശിയ്ക്കുക https://ekbharat.gov.in/Home/Index

"

**പ്രധാന കാർഷിക വിപണികളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇ-നാം, പദ്ധതികൾ ഒരു രാജ്യം ഒരു ഗ്രിഡ്,ഭാരത്മാല,സേതു ഭാരതം,ഭാരത്നെറ്റ് തുടങ്ങി ഏതുമാകട്ടെ,രാജ്യത്തെ ബന്ധിപ്പിക്കുന്നതിലൂടെ 'ഏക ഭാരതം, ശ്രേഷ്ഠ ഭാരതം' എന്ന സ്വപ്നം നമ്മുടെ സർക്കാർ യാഥാർത്ഥ്യമാക്കും.**

**നരേന്ദ്ര മോദി പ്രധാനമന്ത്രി**

ഏക് ഹെ ഭാരത് ശ്രേഷ്ഠ് ഹെ ഭാരത് പാട്ട് കേൾക്കാനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക

**എഡിറ്റർ**
**ജയദീപ് ഭട്നാഗർ**
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ
പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ന്യൂ ഡൽഹി

**അച്ചടിച്ച് പ്രസിദ്ധീകരിയ്ക്കുന്നത്**
**സത്യേന്ദ്ര പ്രകാശ്**
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ ബിഒസി, ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ് കമ്മ്യൂണിക്കേഷന് വേണ്ടി

**പ്രസിദ്ധീകരിയ്ക്കുന്നത്**
ബ്യൂറോ, റൂം നമ്പർ - 278, ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ് കമ്മ്യൂണിക്കേഷൻ, രണ്ടാം നില, സൂചന ഭവൻ, ന്യൂ ഡൽഹി - 110003

**Printed at**
Infinity Advertising services Pvt.Ltd.
FBD-One Corporate Park,10th floor,
New Delhi-Faridabad border, NH-1,
Faridabad-121003